Reg: No: M. 2639—32. പേജ് 12. ഒറ്റപ്രതി വില 2 ണ. License No: 427 Dated 14—8—1943

# മലയാളരാജ്യം

പുസ്തകം ൧൫ | കൊല്ലം, ൧൯൪൩ ഏപ്രിൽ ൯-ാംനു-യ്ക്കു | ൧൧൧൮ മീനം ൨൬-ാംനു- തിങ്കളാഴ്ച | ലക്കം ൨൯൧

## വൻപിച്ച നാവികയുദ്ധം

### ൩ ജാപ്പ് യുദ്ധക്കപ്പലുകൾ മുക്കിയെന്ന്

### ൨ അമേ: വിനാശകക്കപ്പലുകൾമാത്രം നഷ്ടമായി

ഗ്വാം, ഏപ്രിൽ ൭--ഓക്കിനാവായ്ക്കുസമീപം നടന്ന നാവികസമരത്തിൽ ൩ ജാപ്പ് യുദ്ധക്കപ്പലുകൾ മുക്കിയെന്ന പ്രസ്താവിച്ചുകൊണ്ടുള്ള അഡ്മിറൽനിമിററ്സിൻെറ ഒരു കമ്യൂണിക്കെയിൽ അമേരിക്കയുടെ ൨-വി. നാശകക്കപ്പലുകളും ൭ വിമാനങ്ങളും നഷ്ടമായെന്ന പറഞ്ഞിരിക്കുന്നു. ൨൯൧-ജാപ്പനീസ് വിമാനങ്ങൾ നശിപ്പിക്കപ്പെടുകയുണ്ടായി.

### നൂറിൽപരം അമേ: ക്രൂസറുകൾ പങ്കെടുക്കുന്നു

ഓക്കിനാവായ്ക്കു സമീപം നടന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അമേരിക്കൻ നാവികപ്പടയിൽ പത്തിൽപരം പടക്കപ്പലുകളുടെ പിൻതുണയോടുകൂടിയനൂറോളം ക്രൂസറുകൾ അടങ്ങിയിരിക്കുന്നതായി ജാപ്പനീസ് ന്യൂസ് ഏജൻസി പറയുന്നു. ഈ കടലുകളിൽ ശേഷിക്കുന്ന ശക്തിയേറിയ ശത്രു നാവികപ്പടയിൽ ബ്രിട്ടീഷ് നാവികപ്പടയും ഉൾപ്പെടുന്നു.

## റേഡിയോപ്രോഗ്രാം

തിരുവനന്തപുരം, ഏപ്രിൽ-8-തിരുവിതാംകൂർ പ്രക്ഷേപണകേന്ദ്രത്തിൽനിന്നും ഏപ്രിൽ 10-ാംനു- ചൊവ്വാഴ്ച വൈകിട്ടു 8-മണിക്കു "വീരരവിവർമ്മചക്രവർത്തി" എന്ന വിഷയത്തെക്കുറിച്ചു മി. എം. ആർ. ബാലകൃഷ്ണവാര്യരുടെ മലയാളപ്രസംഗവും 8-20-നു സ്വാതിതിരുനാൾ ഗാനാലാപവും 8-40-നു "തിരുവാതിരകളി" എന്ന വിഷയത്തെക്കുറിച്ചു മി. പി. ബാലകൃഷ്ണപിള്ളയുടെ മലയാളപ്രഭാഷണവും പ്രക്ഷേപിക്കുന്നതാണു്. 9-മണിക്കു വഞ്ചീശമംഗളം.

## ബോട്ടപകടം

കോഴിക്കോട്ട് ഏപ്രിൽ 7 കഴിഞ്ഞദിവസം വൈകുന്നേരം മട്ടാഞ്ചേരിക്കടുത്തുവച്ചു ഒരു കടത്തുബോട്ടു മുങ്ങിയതായി എറണാകുളത്തുനിന്നുള്ള ഒരു റിപ്പോർട്ടു പറയുന്നു. ഓവർലോഡുകൊണ്ടാണു് അപായമുണ്ടായതെന്ന ഊഹിക്കപ്പെടുന്നു. യാത്രക്കാരെ രക്ഷിക്കുന്നതിനു ഉടനെതന്നെ ശ്രമങ്ങൾ നടത്തുകയും അധികംപേരെയും കരയ്ക്കു കയററുകയും ചെയ്തു കുറെപേർ നഷ്ടപ്പെട്ടതായി. കരുതേണ്ടിയിരിക്കുന്നു. മൃതശരീരം കണ്ടെടുക്കുന്നതിനു ശ്രമങ്ങൾ നടക്കുന്നു.

(എ. പി.)

## ഡിഫൻസൊഴികെയെല്ലാം കൈമാററംചെയ്യാമെന്ന വേവൽ

### ഇൻഡ്യൻസ്തംഭന പരിഹാരാർത്ഥം- മി. ഏമറിയുടെ എതിർപ്പ്

(റായിട്ടർ)

ലണ്ടൻ, ഏപ്രിൽ ൮--റെയിനാൾഡ്സ് ന്യൂസിൻെറ രാഷ്ട്രീയലേഖകൻ എഴുതുന്നു: വേവൽപ്രഭു ചക്രവർത്തിതിരുമനസ്സിലെ ഗവമ്മെൻറുമായുള്ള തൻെറ സംഭാഷണത്തിൽ ഇൻഡ്യൻസ്തംഭനപരിഹാരാർത്ഥം ഒരു പുതിയഉദ്യമം നടത്തേണ്ടതിൻെറ ആവശ്യകതയെപ്പററി എടുത്തുപറഞ്ഞതായറിയുന്നു. സ്തംഭനം അവസാനിപ്പിക്കുന്നതിലേയ്ക്കു ഡിഫൻസ് ഒഴികെയുള്ള സകല വകുപ്പുകളും പ്രാതിനിധ്യമുള്ള ഇൻഡ്യൻമന്ത്രിമാർക്കു വിട്ടുകൊടുക്കാൻ വേവൽപ്രഭുവിനു സമ്മതമാണു്. ഇൻഡ്യാ സ്റ്റേറ്റുസെക്രട്ടറി മി: ഏമറി കാര്യമായ എന്തെങ്കിലും അനുവദിക്കുന്നതിൽ ഇപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നതായി കാണപ്പെടുന്നു.

## പള്ളിക്കെട്ട്

തിരുവനന്തപുരം, മീനം 26 സീനിയർ മഹാറാണി തിരുമനസ്സിലെ ദ്വിതീയപുത്രി മൂന്നാംമുറ രാജകുമാരി ശ്രീ. ഇന്ദിരാബായി തമ്പുരാട്ടി തിരുമനസ്സിലെ പള്ളിക്കെട്ടു് മേടമാസം 27-ാംതീയതി നടത്തുവാൻനിശ്ചയിച്ചിരിക്കുന്നു. പള്ളിക്കെട്ടിൻെറ പ്രാരംഭചടങ്ങായ കാലുനാട്ടുകർമ്മം മേടം 13-ാം തീയതി നടത്തുന്നതായിരിക്കും.

പള്ളിക്കെട്ടു് സ്പെഷ്യൽ ആഫീസ്സറായി മതിലകം കാര്യക്കാർ മി: കേരളവർമ്മരാജായെ നിയമിച്ചതനുസരിച്ചു് അദ്ദേഹം പ്രസ്തുത ചാർജ്ജെടുത്തിരിക്കുന്നു. സ്ഥലം തഹശീൽദാർ മി: ടി. ആർ. കൃഷ്ണയ്യരെ മതിലകം കാര്യക്കാരുടെ ചാർജ്ജുകൂടി വഹിക്കുവാൻ നിയോഗിച്ചിരിക്കുന്നതായറിയുന്നു.

(സ്വ-ലേ)

## മഹാത്മജി

ബാംബെ ഏപ്രിൽ ൭ വേനൽക്കാലത്തു മഹാത്മജിയുടെ മഹാബലേശ്വരത്തെ താമസത്തിനായി വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു. അദ്ദേഹം ഏപ്രിൽ ൧൫-ാംതീയതി ബാംബെ വിടാനിടയുണ്ടു്. (ഏ. പി)

നിർവൃതിദായകമായ ഗാനമാധുരി സമാസ്വദിക്കുവാൻ
കൊല്ലം S. M. P. പാലസ്സിൽ
പ്രദർശിപ്പിക്കുന്ന
ശ്രീ സീതാരാമജനനം
കാണുവിൻ.
കമലാകോട്ട്നിസ്, ഗജ്ജയ്യാ
അഭിനയിച്ചതു്.
"ബ്രിട്ടനിലെ സ്ത്രീകൾ"
എന്ന ന്യൂസ് ചിത്രവും പ്രദർശിപ്പിക്കുന്നു

## ജർമ്മൻടാങ്കുസേനാവിഭാഗങ്ങൾ

### പങ്കെടുത്ത സമരം

മാസ്കോ, ഏപ്രിൽ ൮--ജർമ്മൻകാർ ൧൧ ടാങ്കുസേനാവിഭാഗങ്ങൾ ബാലററൻ തടാകരംഗത്തു വിനിയോഗിച്ചു നടത്തിയ ഒരാക്രമണത്തിൻെറ കാര്യം ഇന്നത്തെ സോവിയററുകമ്യൂണിക്കെയുടെ ഒരു അനുബന്ധത്തിൽ പറയുന്നു.

വിയന്ന ഒരു രണ്ടാം ബ്യൂഡാപ്പെസ്റ്റോ മറെറാരു ബ്രെസ്ലായോ ആയിരിക്കുന്നതല്ലെന്ന അഭിപ്രായം ആസ്ത്രീയൻതലസ്ഥാനത്തുനിന്നുള്ള റിപ്പോർട്ടുകൾ പ്രകടമാക്കുന്നതായി റായിട്ടരുടെ പ്രത്യേകലേഖകൻ പറയുന്നു. (റായിട്ടർ)

## പുതിയ ജാപ്പ്മന്ത്രിസഭ രൂപീകരിച്ചു

ന്യൂയാർക്ക്, ഏപ്രിൽ 7--അഡ്മിറൽസൂസുക്കി പുതിയ ജാപ്പനീസ്മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നതായി ജാപ്പ്ന്യൂസ്ഏജൻസി പ്രസ്താവിക്കുന്നു. അഡ്മിറൽസുസൂക്കി പ്രധാനമന്ത്രിയും വിശാലപൂർവ്വഏഷ്യയുടെ വിദേശകാര്യമന്ത്രിയുമായിരിക്കുന്നതായിരിക്കും. (റായിട്ടർ)

## അസാദിനെ മാററാൻ

### ഇതുവരെ വാറണ്ടു ലഭിച്ചിട്ടില്ല

അഹമ്മദുനഗർ, ഏപ്രിൽ ൮ മൗലാനാ അസാദിനെ മാററുന്നതിലേക്കു ഇതുവരെയും ജയിൽ അധികൃതർക്കു വാറണ്ടു ലഭിച്ചിട്ടില്ല. സർദാർ പട്ടേലും ശങ്കർറാവുദേവും ഈ പ്രവിശ്യകളിലുള്ളവരാകയാൽ മൗലാനാ അസാദിനെ മാററുന്നതുവരെ അവരെയും ഇവിടെനിന്നും മാററുന്നതല്ല. പണ്ഡിതനെഹ്റു ഇവിടത്തെ വാസത്തിനിടയിൽ ൧൧൦ ഗ്രന്ഥങ്ങൾ സമ്പാദിച്ചിട്ടുണ്ടു്. മൗലാനാ അസാദും ൨൦൦ ഗ്രന്ഥങ്ങൾ സമ്പാദിച്ചിട്ടുണ്ടു്.

(എ. പി)

## ഹാനോവറിനു 7 മൈലടുത്തു

### ബ്രെമനു ൧൦ മൈൽമാത്രം

ലണ്ടൻ, ഏപ്രിൽ 8-21-ാംസേനാഗ്രൂപ്പ് ഹെഡ്ക്വാട്ടേഴ്സ്:-ഏഴാം കവചിതസേനാമുഖത്തിൽപെട്ട പതിനൊന്നാം ഹുസാഴ്സ്പട്ടു വൻപിച്ച ജർമ്മൻതുറമുഖമായ ബ്രെമനു 10 മൈലിനുള്ളിൽ എത്തുകയുണ്ടായി. 6-ാംവിമാനനീതസേനാവിഭാഗത്തിൽപെട്ട ഭടന്മാർ ഹാനോവറിനു 7 മൈലിനുള്ളിൽ എത്തിയിരിക്കുന്നു.

ബ്രിട്ടീഷ്മസ്കിറേറാവിമാനങ്ങൾ രണ്ടാമത്തെ രാത്രി തുടച്ചയായി ഇന്നലെ രാത്രി ബെർളിൻ ആക്രമിക്കയുണ്ടായെന്ന സുപ്രീം ഹെഡ്ക്വാട്ടേഴ്സിൽനിന്നറിയുന്നു.

കനേഡിയൻസേന എംസ്നദിക്കു കിഴക്കുള്ള മാപ്പൻനഗരം പിടിച്ചു. ബ്രി. രണ്ടാംസേനയ്ക്കു ഇപ്പോൾ വെസെർനദിയിൽ ചുരുങ്ങിയതു നാലു പാലമുഖപ്പുകളുണ്ടു്. ഇവയൊക്കെ മിൻഡനു വടക്കുള്ളവയാണു്.

ജർമ്മൻകാർ ഹാനോവർ കൈവെടിയുമെന്നുള്ളതിനു സകലസൂചനകളുമുണ്ടു്.

## കാൺഗ്രസ്സ് മന്ത്രിസഭകൾ വേണ്ടാ

### യു. പി. റാഡിക്കൽ ഡിമോക്രാററിക്കുകക്ഷിയുടെ പ്രമേയം

ബാരീല്ലി, ഏപ്രിൽ ൭--പ്രവിശ്യകളിൽ കാൺഗ്രസ്മന്ത്രിസഭ സ്ഥാപിക്കുന്നതിനുള്ള ഏതു സംരംഭത്തെയും എതിർക്കുന്നതായി ഒരു പ്രമേയം യു. പി. റാഡിക്കൽ ഡിമോക്രാററിക്കുകക്ഷി കാൺഫറൻസിൻെറ നാലാമതുയോഗത്തിൽ പാസ്സാക്കിയിരിക്കുന്നു. കാൺഗ്രസ്സിലേക്കുള്ള അധികാരമാററം ബ്രിട്ടീഷ് രാജ്യഭരണവർഗ്ഗത്തിൽനിന്നും നാടൻ രാജ്യഭരണവർഗ്ഗത്തിലേക്കുള്ള ഒരു മാററമേ ആകുന്നുള്ളു അതുകൊണ്ടു് രാജ്യത്തു പ്രജായത്തഭരണത്തിനു പകരം നാടൻ ഫാസിസ്ററുഭരണം ആയിരിക്കും ഉണ്ടാകുക. (എ. പി)

# റൈ സമ്മേളനം

ഗഗനവിഹാരി എൽ. മേതാ

[റൈ എന്ന സ്ഥലത്തുവച്ചുനടന്ന ഇൻറർനാഷണൽബിസിനസ്സ കാൺഫറൻസിലെ ഇൻഡ്യൻപ്രതിനിധികളിൽ ഒരാളായിരുന്ന മി. ജി. എൽ. മേതാ കാൺഫറൻസിനെപ്പററി നേരിട്ടറിവുള്ള കാൎയ്യങ്ങളാണു അദ്ദേഹം പ്രസ്താവിക്കുന്നതു്. സമ്മേളനംകഴിഞ്ഞു നാൾ കുറെയായെങ്കിലും ആലോചനാവിഷയങ്ങൾ ഇന്നും സജീവപ്രാധാന്യമുള്ളവതന്നെയാണു്]

ന്യൂയോക്കിനടുത്തുള്ള റൈ എന്ന സ്ഥലത്തുവച്ചുനടന്ന ഇൻറർനാഷനൽവത്തകസമ്മേളനം ലോകത്തിൽ നടന്നിട്ടുള്ള വത്തകസമ്മേളനങ്ങളിൽ ഏററവും വലിയതായിരുന്നു. ഗവർമ്മെൻറുകളുടേതല്ലാതെ തികച്ചും അനൗദ്യോഗികമായി ഈ യുദ്ധത്തിൻെറ ഫലമായുണ്ടായിട്ടുള്ള ആദ്യത്തെ ഇൻറർനാഷനൽ സമ്മേളനമായിരുന്നു അതു്. ലോകത്തെ വ്യാപാരത്തെയാണു് അതു് പ്രതിനിധീകരിച്ചിരുന്നതു്, രാഷ്ട്രീയകാൎയ്യങ്ങളെയല്ല ഉൽപാദകർ, വ്യാപാരികൾ, ബാങ്കറന്മാർ, കയററുമതികച്ചവടക്കാർ, ഇറക്കുമതികച്ചവടക്കാർ, ട്രാൻസ്പോർട്ടുപ്രവത്തകമേധാവികൾ, അസംസ്കൃത സാധനനിൎമ്മാതാക്കൾ, എന്നിങ്ങനെയുള്ള ആളുകൾ 52-രാജ്യങ്ങളിൽനിന്നും കഷ്ടപ്പാടുകളേറിയ യാത്രകൾ നിർവഹിച്ചു ഇതിൽ സംബന്ധിക്കാനായി വന്നുചേൎന്നു. ഐക്യരാഷ്ട്രങ്ങളിലെയും സ്വീഡൻ, സ്വിററ്സർലന്റു് സ്പെയിൻ, പോർട്ടുഗൽ, ടക്കി മുതലായ നിഷ്പക്ഷരാജ്യങ്ങളിലേയും ആളുകൾ ഇതിൽ സംബന്ധിച്ചിരുന്നു. സോവ്യററഷ്യ ചിക്കാഗോയിൽവച്ചു നടന്ന ഇൻറർനാഷനൽസിവിൽ ഏവിയേഷൻ കാൺഫറൻസിൽ പങ്കുകൊണ്ടില്ലെങ്കിലും ഇതിലേയ്ക്കു രണ്ടു നിരീക്ഷകരെ അയച്ചിരുന്നു. വത്തകസമ്മേളനം ഗവർമ്മെണ്ടു പ്രേരിതമല്ലെന്നു റഷ്യയും റഷ്യൻസഹകരണം കൂടാതെ ലോകവാണിജ്യത്തെ സംബന്ധിച്ചുള്ള ഒരു അവലോകനം പൂൎത്തിയായിരിക്കുന്നതല്ലെന്നു സമ്മേളനത്തിൻെറ ആർഗനൈസിംഗുകമ്മിററിയും കരുതി.

സമ്മേളനം വിളിച്ചുകൂട്ടിയതു് അമേരിക്കയിലെ നാലു പ്രധാനവ്യാപാരസംഘടനകളാണു്. കഴിഞ്ഞവർഷം റഷ്യസന്ദർശിച്ചു സ്റ്റാലിനുമായി സന്ദർശനം നടത്തിയ ആളും അമേരിക്കയിലെ ഒരെണ്ണപ്പെട്ട ദേഹവും ആയ മി. എറിക്‌ജാൺസൺ പ്രസിഡൻറായുള്ള യുണൈറഡ്സ്റ്റേററ്സ്ചേംബർആഫ്കാമേഴ്സ്, അമേരിക്കൻവ്യവസായത്തിലെ യഥാസ്ഥിതികവും എന്നാൽ സുശക്തവും ആയ ഒരു ഘടകമായ നാഷനൽ അസോസ്സിയേഷൻ ആഫ്മാനുഫാക്‌ചറേഴ്സ്, അമേരിക്കൻ കയററുമതി ഇറക്കുമതി വ്യാപാരികളിൽ ഏറിയപങ്കും പ്രതിനിധീകരിക്കുന്ന നാഷനൽ ഫാറിൻട്രെയിഡ്കൗൺസിൽ, ഇൻറർനാഷനൽ ചേംബർ ആഫ് കാമേഴ്സിൻെറ അമേരിക്കൻ വിഭാഗം എന്നിവയാണു് ഈ നാലു സംഘടനകൾ. ഇൻഡ്യനും ബ്രിട്ടീഷും വ്യാപാരസംഘടനകളെ ഒന്നിച്ചാണു് ആദ്യം ക്ഷണിച്ചിരുന്നതെങ്കിലും ഫെഡറേഷൻ ആഫ് ഇൻഡ്യൻചേംബേഴ്സ് ആഫ് കാമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്ന സംഘടനയെ ഇൻഡ്യൻ വ്യാപാരത്തെയും വ്യവസായത്തെയും പ്രതിനിധീകരിക്കുന്ന ഒന്നായി സമ്മേളനക്കമ്മിററി അംഗീകരിക്കുകയും സമ്മേളനത്തിൽ പങ്കുകൊള്ളുന്നതിനു് ഡെലിഗേഷൻ അയയ്ക്കുവാൻ പ്രസ്തുത സംഘടനയെ അവർ ക്ഷണിക്കയും ചെയ്തു.

ഇൻറർനാഷനൽ ലേബർകാൺഫറൻസിലും ഇൻറർ നാഷനൽ ലേബർ ഓർഗാനിസേഷൻെറ ഭരണസമിതിയിലും ഇൻഡ്യൻ വ്യാപരഉടമക്കാർക്കും തൊഴിൽക്കാർക്കും ഉണ്ടായിരുന്ന പ്രാതിനിധ്യവും ബ്രട്ടൻവുഡ്സിൽവച്ചു് കഴിഞ്ഞ ജൂലൈയിൽ നടന്ന ഇൻറർ നാഷനൽ മാണിററികാൺഫറൻസിൽ രണ്ടു പ്രശസ്ത അനൗദ്യോഗസ്ഥന്മാരുടെ സാന്നിധ്യവും ഒഴിച്ചാൽ ഒരു ഇൻറർ നാഷനൽ സമ്മേളനത്തിൽ തികച്ചും അനൗദ്യോഗികമായ ഒരിൻഡ്യൻ ഡെലിഗേഷൻ പങ്കെടുക്കുന്നതു് ഇതാദ്യമായിട്ടാണു്.

ഔപചാരികമായി എന്തെങ്കിലും തീരുമാനങ്ങളിലോ പ്രമേയങ്ങളിലോ എത്തിച്ചേരുന്നതിനു് സമ്മേളനം കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. അങ്ങനെ എത്തിച്ചേൎന്നിട്ടുമില്ല സമ്മേളനം പത്തുദിവസത്തേക്കുണ്ടായിരുന്നു ഒരു ഡെലഗേഷനും പ്രത്യേകകാൎയ്യങ്ങളിൽ ഒന്നും ഉടമ്പെട്ടിട്ടില്ല. വിവിധ രാജ്യങ്ങളുടെ ആവശ്യങ്ങളേയും നയത്തേയും കൂടുതൽ മനസ്സിലാക്കുന്നതിനു സഹായകമായ തരത്തിൽ സ്വാതന്ത്ര്യവും യാതൊന്നും മറച്ചുവയ്ക്കാത്തതുമായ ആശയവിനിമയത്തിൽ എത്തിച്ചേരുകയെന്ന പ്രധാന ഉദ്ദേശത്തോടെയാണു് സമ്മേളനം വിളിച്ചുകൂട്ടിയതു്. അനുഭവസമ്പന്നരും നല്ല വ്യാപാരികളും ആയ സമ്മേളനപ്രവത്തകർ മററു രാജ്യങ്ങളിലെ വ്യാപാരികളുമായി സമ്പൎക്കത്തിലേപ്പെട്ടുന്നതിനും യുദ്ധാനന്തരലോകത്തെപ്പററി അവൎക്കുള്ള അഭിപ്രായങ്ങളും പദ്ധതികളും അറിയുന്നതിനും ആഗ്രഹിച്ചിരുന്നു എന്നതിൽ സംശയമില്ല.

രണ്ടുപ്രധാനകാൎയ്യങ്ങളാണുസമ്മേളനംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്നതു്. യുദ്ധാനന്തരം രാഷ്ട്രങ്ങൾതമ്മിലുള്ള വ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിനും യുദ്ധാനന്തരലോകത്തിൽ സ്വച്ഛന്ദമായ വ്യാപാരോദ്യമം നടന്നുകൊണ്ടിരിക്കുന്നതിനും എന്തു നടപടികളാണു നിശ്ചയിക്കുകയും കൈക്കൊള്ളുകയും ചെയ്യാവുന്നതെന്നു കണ്ടുപിടിക്കുക. ഇന്നത്തെ ലോകത്തിൽ സാമ്പത്തികമായും ധനപരമായും ലോകത്തിലേക്കു വലിയ ശക്തി യുണൈറഡ്സ്റ്റേററ്സ് ആണെന്നു പരക്കെ അറിവുള്ളതാണു്. എന്നാൽ അവരുടെ വിപുലമായ വിഭവങ്ങൾ, സാങ്കേതികപരിജ്ഞാനം, രാജ്യത്തിനകത്തുതന്നെയുള്ള വിസ്തൃതമായകമ്പോളനില എന്നിവയെല്ലാമിരുന്നിട്ടും അവരുടെ സാമ്പത്തികതാല്പൎയ്യങ്ങൾ ലോകത്തിൻെറ സാമ്പത്തികസ്ഥിതിഗതികളുമായി വളരെ ബന്ധപ്പെട്ടാണു കിടക്കുന്നതു്. അററ്ലാൻറിക് ചാർട്ടറിൽ അടങ്ങിയിരിക്കുന്ന സാമ്പത്തികവ്യവസ്ഥകൾ പാട്ടവായ്പക്കരാറിനെ നിയന്ത്രിക്കുന്ന മ്യൂച്വൽ എയിഡ് എഗ്രിമെൻറ് എന്നീക്കാൎയ്യങ്ങൾ ലോകത്തിൻെറ സാമ്പത്തികസ്ഥിതിഗതികളിൽ യുണൈറഡ് സ്റ്റേററ്സിനെ ഒരു സജീവഭാഗം നിർവഹിക്കാൻ നിർബന്ധിതയാക്കുന്നു യുദ്ധംകൊണ്ടു താറുമാറായിട്ടുള്ള പ്രദേശങ്ങളുടെ പുനഃപ്രതിഷ്ഠാപനത്തിനും ഉദ്ധാരണത്തിനും ഉള്ള ആവശ്യം, വ്യവസായസ്ഥിതിഗതികളിലും ധനപരമായ ബന്ധത്തിലും ഉള്ള മാററങ്ങൾ എന്നിവയെല്ലാം യുണൈറഡ്സ്റ്റേററ്സിൻെറപോലും ദേശീയ സാമ്പത്തികസ്ഥിതിയെ ബാധിക്കാതിരിക്കയില്ല. യുദ്ധാധിഷ്ഠാനത്തിൽ നിന്നും സമാധാനകാലത്തിനു യോജിച്ച അടിസ്ഥാനത്തിലേക്കുള്ള സാമ്പത്തികഘടനയുടെ വിശേഷിച്ചു വ്യവസായത്തിൻെറ പുനഃപരിവൎത്തനം യുണൈറഡ് സ്റ്റേററ്സിനെപ്പോലെ സുശക്തവും സ്വാശ്രയശക്തിയുള്ളതുമായ രാജ്യത്തിനു രാഷ്ട്രങ്ങൾതമ്മിൽ യോജിച്ചുള്ള പ്രവൎത്തനത്തെ ആവശ്യകമാക്കുന്നു. യുദ്ധാനന്തരം ആറുകോടി ആളുകൾക്കു ജോലിനൽകാമെന്നുള്ള പ്രസിഡൻറ് റൂസുവെൽററിൻെറ തിരഞ്ഞെടുപ്പുമുദ്രാവാക്യം കയററുമതികളുടെ ഒരു വിപുലീകരണപരിപാടിയും വിപണികൾക്കുള്ള അന്വേഷണവും ഉൾക്കൊള്ളുന്നു. അതിനാൽ ഇൻറർനാഷനൽവ്യാപാരത്തിൻെറ ഉദ്ധാരണത്തെയും പുരോഗതിയേയും സഹായിക്കുന്ന നയങ്ങളിൽ യുണൈറഡ് സ്റ്റേററ്സിനു ഗാഢബന്ധവും നിശിതതാല്പൎയ്യവും ഉണ്ടു്.

ഈ ഉദ്ദേശത്തോടു ഗാഢബന്ധമുള്ളതും, അമേരിക്കൻമനോഗതി അനുസരിച്ചാണെങ്കിൽ സ്വാതന്ത്ര്യവാണിജ്യത്തിൻെറ അവിഭാജ്യാംശംതന്നെയും ആയ ഒന്നാണു് അമേരിക്കൻവത്തകലോകത്തിനു സ്വച്ഛന്ദമായ വ്യാപാരസാഹസത്തോടുള്ള മമത. ഇതു് അവൎക്കു് ഒരു വിശ്വാസപ്രമാണംതന്നെയാണെന്നു പറയാം. വിജയലാളിതരായ അമേരിക്കൻവത്തകർമാത്രമല്ല, അവരുടെ നിരവധി തൊഴിൽ നേതാക്കന്മാരും ട്രേഡ്യൂണിയൻനേതാക്കന്മാരുംപോലും സ്വാതന്ത്ര്യവ്യാപാരസാഹസമെന്ന സിദ്ധാന്തത്തിൽ ഉറച്ച വിശ്വാസികളാണു്. സ്വാതന്ത്ര്യവ്യാപാരസാഹസമെന്നതിനാൽ അവർ അൎത്ഥമാക്കുന്നതു നിരങ്കുശമായ, യാതൊരു നിയന്ത്രണത്തിനും കീഴ്പെടാത്ത മത്സരം, നാട്ടിനുള്ളിലും സർവരാഷ്ട്രീയമണ്ഡലത്തിലും അത്തരം മത്സരം, എന്നാകുന്നു. സുരക്ഷ, നീതി, തുല്യസന്ദർഭങ്ങളും മറ്റാലികാനുകൂല്യങ്ങളും ഇവ നൽകുവാനുള്ള വ്യവസ്ഥകൾ ഗവമ്മെൻറിൻെറ ചുമതലയായിട്ടാണു അവർ കരുതുന്നതു്. എന്നാൽ വ്യാപോരോദ്യമത്തിൻെറ വിഷയത്തിൽ ഗവർമ്മെൻറു് ഇടപെടുന്നതിനോ നിയന്ത്രണംചെലുത്തുന്നതിനോ ഉള്ള ഏതുവ്യവസ്ഥയും, സാമ്പത്തികക്രമീകരണങ്ങളിൽ സാർവരാഷ്ട്രീയമായ അധികാരംചെലുത്തൽപോലും, അവർ ജന്മസിദ്ധമായ അഗാധശത്രുതയോടെ വീക്ഷിക്കുന്നു. വാസ്തവത്തിൽ, യുണൈറഡ് സ്റ്റേററ്സ്, കഴിഞ്ഞനൂററാണ്ടിലും അതിനുമുമ്പും ബ്രിട്ടൻ 'ലെയ്‌സാഫാർ' (വ്യാപാരകാൎയ്യങ്ങളിൽ ഗവർമ്മെൻറു ഇടപെൽ ഇല്ലാതിരിക്കുക) എന്ന സിദ്ധാന്തം അവലംബിച്ചിരുന്നതും സ്വാതന്ത്ര്യവാണിജ്യവും മത്സരവുംഎന്ന അനുഷ്ഠാനത്തിൽ ലോകമൊട്ടുക്കു പ്രാബല്യംചെലുത്തിക്കൊണ്ടിരുന്നതുമായ കാലത്തെ ബ്രിട്ടൻെറ നിലയ്ക്കു തുല്യമായ ഒരവസ്ഥയിലാണു വൎത്തിക്കുന്നതു്. ഇന്നു യുണൈറഡ് കിംഗ്ഡത്തിൻെറ നില തികച്ചും ഭിന്നമായ ഒന്നാണു്. അതിൻെറ തകൎന്ന സാമ്പത്തികക്രമവും, വിദേശമിച്ചങ്ങളുടെയും കപ്പൽകച്ചവടത്തിൻെറയും നഷ്ടവും, വമ്പിച്ച ഋണബാദ്ധ്യതയും, കയററുമതികൾ പുനരുജ്ജീവിപ്പിക്കേണ്ട ആവശ്യകതയുംനിമിത്തം ബ്രിട്ടീഷ് സാധനോല്പാദകരും വത്തകരും ഗവർമ്മൻറിൻെറ പിൻതുണയെയും പ്രോത്സാഹനത്തെയും അവലംബമായി കരുതുന്നു. സാമ്പത്തികലോകത്തിൽ അവരുടെ സ്ഥാനം പുനഃപ്രതിഷ്ഠിക്കുന്നതിനു ദേശീയമായ സംവിധാനവും അന്തൎദ്ദേശീയമായ ഒരു അധികാരസ്ഥാനവും അവൎക്കു ആവശ്യകമായി തീരുകയും ചെയ്തിരിക്കുന്നു.

(ശേഷം ഏഴാംപേജിൽ)

ഗ്രന്ഥാവലോകനം.

## കവനോദ്യാനം

ഗ്രന്ഥകൎത്താ,

അഞ്ചൽ ആർ. വേലുപ്പിള്ള.

ഭക്തിമയമായ പദ്യങ്ങളാൽ സഹൃദയലോകത്തിനു സുപരിചിതനായ ശ്രീമാൻ അഞ്ചൽ ആർ. വേലുപ്പിള്ള അവർകൾ ദ്രാവിഡ വൃത്തങ്ങളിൽ രചിച്ചിട്ടുള്ള ഫന ഗാനങ്ങളുടെ സമാഹാരമാണു പ്രസ്തുത ഗ്രന്ഥം. എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, മഹാകവി ഉള്ളൂർ, ശിവഗിരി, രവീന്ദ്രനാഥടാഗോർ, വിവേകാനന്ദസ്വാമികൾ എന്നിങ്ങനെയുള്ള വിഷയങ്ങളെ അധികരിച്ചുള്ളവയാണു് ഈ ഗാനങ്ങൾ. ഭാഷാദേവിയാൽ സമനുഗൃഹീതനായിട്ടുള്ള കവിയുടെ ഈ ഗാനങ്ങളിലെ ഭാവനാഹൃദ്യതയും പ്രതിപാദനസുഗമതയും എത്രയും അഭിനന്ദനാൎഹമാണു്. ഗ്രന്ഥത്തിനു സർവ്വവിജ[illegible]ങ്ങളും ആശംസിച്ചുകൊള്ളുന്നു. പുനലൂർ ഉദയാ പബ്ലിഷിംഗ്ഹൗസ് മി. ജി. ഭാസ്കരൻപിള്ളയുടെ പ്രസാധകത്വത്തിലുള്ള ഈ ഗ്രന്ഥം 8-ണ. വിലയ്ക്കു കിട്ടുന്നതാണു്.

കൊട്ടാരക്കര യൂണിയൻ ടാക്കീസിൽ

കെ. മഹാദേവൻ, മാസ്റ്റർ ടി. ആർ. മഹാലിംഗം, എം. ആർ. സന്താനലക്ഷ്മി, ആർ. സുബ്രഹ്മണ്യം, എൻ. എസ്. കൃഷ്ണൻ, ററി. എ. മധുരം, ടി. എസ്സ്. ബൊരരാജ് അഭിനയിച്ച

"പ്രഹ്ലാദ"

എന്ന തമിഴ് പടം പ്രദർശിപ്പിക്കുന്നു

## NOTICE.

Applications are invited for the post of Midwives in this Municipality. The scale of pay will be Rs. 25-1-30. Intending candidates may submit their application showing their qualifications, to the undersigned on or before 30-8-120.

(Sd.) Chairman.

Municipal Office,
Quilon, 24-8-120.

# ബർമ്മയിൽനിന്നുള്ള എന്റെ വിജയകരമായ പിന്മാററം

ർ. അമരാപുരം

(പി. കെ. രാജരാജവർമ്മ എം. എ.)

ആഹാരകാര്യത്തിൽ ഏററവും സംഘടിതമായി വന്നിരുന്നതു് പത്തുപതിനഞ്ചുപേരടങ്ങിയ ഒരു തമിഴ്ബ്രാഹ്മണസംഘമായിരുന്നു. രണ്ടുമൂന്നാഴ്ചയ്ക്കു മതിയാവുന്ന അരിവ്യഞ്ജനാദികളും പാൽടിൻ, പഞ്ചസാര മുതലായി കാപ്പിക്കാവശ്യമുള്ള സാധനങ്ങളും, വേണ്ടത്ര പാത്രങ്ങളും, രണ്ടു വയ്പുകാരും അവർക്കുണ്ടായിരുന്നു. അതിലെ പ്രമാണി ഡിഫൻസു ഡിപ്പാർട്ടുമെൻറിലെ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു. (സൌകര്യത്തിനാവേണ്ടി അദ്ദേഹത്തെ ടി. എം. കെ എന്നു ഇവിടെ വിളിക്കുന്നു.) അദ്ദേഹവും മററംഗങ്ങളും മി. പരമേശ്വരയ്യർക്കു് ഒരുവിധം നല്ല പരിചയമുള്ളവരും എനിക്കു വെറുമൊരു 'പുഞ്ചിരിപ്പരിചയം' മാത്രമുള്ളവരും ആയിരുന്നു. നേരത്തെ തയാർചെയ്തുമകൊണ്ടുവന്നിരുന്ന തൈർശാതം ചില കറികളും ഉപ്പിലിട്ടതും മററുംകൂട്ടി ഓരോ സെററുകളായി അവർ ആഹരിച്ചുകൊണ്ടിരിക്കുന്നതുകണ്ടപ്പോൾ, അവരെ സമീപിച്ചാലോ എന്നൊരാശയം ഞങ്ങൾക്കു തോന്നി. അതിൻപ്രകാരം ടി. എം. കെ യെക്കണ്ടു് ഞങ്ങൾ ആഹാരം കഴിച്ചിട്ടില്ലെന്നുള്ള വസ്തുത അദ്ദേഹത്തെ അറിയിച്ചു. മററുള്ളവർ ആഹാരം കഴിച്ചുകൊണ്ടിരുന്ന സ്ഥലത്തു പോയി ആഹാരം കഴിക്കുവാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു് ഞങ്ങൾ അവിടെ പോയി ശാപ്പാടിൽ വ്യാപൃതരായി അവിടെ നിന്നിരുന്ന അഞ്ചാറുപേരുടെ ദൃഷ്ടികൾക്കു് ഞങ്ങൾ ലക്ഷ്യമായി. തമ്മിൽ തമ്മിലുണ്ടായ ചില പിറുപിറുപ്പുകൾക്കുശേഷം ഒരാൾ ഞങ്ങളുടെ കയ്യിൽ ഓരോ ഇലക്കഷ്ണങ്ങൾ തരുകയും വയ്പുകാരൻ രണ്ടുതവി തൈരുശാതം വിളമ്പുകയും ചെയ്തു. "എനിയും ഉണ്ണാനാളുണ്ടെന്നു് ഓർമ്മവേണം, കരുതിവിളമ്പണം" എന്നു് ഒരാൾ ഉറക്കെ നിർദ്ദേശിച്ചപ്പോൾ വയ്പുകാരൻ കയ്യിലെടുത്തിരുന്ന മൂന്നാമത്തെ തവി തിരിയെ പാത്രത്തിലേക്കുതന്നെ ഇട്ടു. കിട്ടിയതു ഏതായാലും സന്തോഷത്തോടെ ഞങ്ങൾ ഭക്ഷിച്ചു. അതിനിടയ്ക്കു്, "പതുക്കെപ്പറഞ്ഞാൽ പന്തളത്തു കേൾക്കും." എന്ന വിധത്തിൽ സംസാരിക്കുന്ന ഒരു കിഴവൻ ഞങ്ങളോടു ഉറക്കെപ്പറഞ്ഞു. "ഇന്നു ഇങ്ങനെകഴിഞ്ഞു! ശരിതന്നെ പക്ഷേ, എന്നും ഇതു സാധിക്കുന്നതല്ലല്ലോ. എന്തു വിചാരിച്ചുകൊണ്ടാണു നിങ്ങൾ കയ്യുംവീശി പുറപ്പെട്ടതു്? നാളെമുതലെങ്കിലും എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടാക്കാൻ നോക്കിൻ." മറുപടിയൊന്നും പറയാതെ ഞങ്ങൾ ആഹാരംകഴിഞ്ഞു് സ്വസ്ഥാനങ്ങളിൽപോയി ഇരുന്നു.


ഞങ്ങളെപ്പോലെതന്നെ ... രായി വേറെയും പലരും ... രുന്നു. ആഹാരത്തിനു് എന്തെങ്കിലും കിട്ടുമോ എന്നു് അന്വേഷിക്കാനായി അവരിൽചിലർ ആ രാത്രിയിൽ വെളിയിൽപോയിരുന്നു. അവരുടെ നിസ്സഹായാവസ്ഥയിൽ ആർദ്രതതോന്നി, അവർക്കു ഭക്ഷണം പാകംചെയ്തു കൊടുക്കാമെന്നു് ഒരു ബർമ്മാക്കാരി സമ്മതിച്ചു. ഇതിനു പ്രതിഫലമായി നല്ല ഒരു തുകകൊടുക്കാമെന്നു അവർ അറിയിച്ചു. എന്നാൽ പണത്തിനുവേണ്ടിയല്ല, ആപത്തിൽപെട്ടവരോടുള്ള ഒരു കർത്തവ്യമെന്ന നിലയ്ക്കാണു് താൻ ഇതു ചെയ്യുന്നതെന്നും, ഒരു പൈസപോലും താൻ പ്രതിഫലം വാങ്ങുകയില്ലെന്നും, പ്രതിഫലംതരേണ്ടതു് ദൈവമാണെന്നും ആയിരുന്നുവത്രേ ആ സ്ത്രീയുടെ മറുപടി. ഏകദേശം മണി പത്തായപ്പോൾ ബർമ്മാക്കാരിയുടെ ചോറുവന്നിരിക്കുന്നുവെന്നും ഊണുകഴിക്കാത്തവർപോയി ഊണു കഴിക്കാമെന്നും ചിലർ വിളിച്ചുപറഞ്ഞു. ആഹാരവിഷയത്തിൽ ബർമ്മാക്കാർ വളരെ വൃത്തികേടു കാട്ടുന്നവരാണെന്നു് ഒരു വിശ്വാസം എന്റെ മനസ്സിൽ നേരത്തെ ഉണ്ടായിരുന്നതിനാലും, മത്സ്യമാംസാദികൾ കണ്ടേക്കുമെന്നുള്ള ഒരു ശങ്കകൊണ്ടും അത്യാവശ്യത്തിനുള്ള ആഹാരം കഴിച്ചിരുന്നതുകൊണ്ടും ഞാൻ അതിൽ പങ്കെടുക്കാൻ പോയില്ല. ഉരുളൻകിഴങ്ങുകൊണ്ടുള്ള കൂട്ടാനാണുള്ളതെന്നും ചോറു വളരെ ബാക്കിയിരിക്കുന്നെന്നും ഊണുകഴിച്ചവർ വന്നു പറഞ്ഞിട്ടും ഞാൻ അനങ്ങിയില്ല. അധികമുള്ളചോറു വെള്ളത്തിലിട്ടു വയ്ക്കാനായി ഒരാൾ ഒരുമ്പെട്ടപ്പോൾ അതു വൃത്തികെട്ടതും അനാശാസ്യവും ആയ ഒരു നടപടിയാണെന്നു ഞാൻ അഭിപ്രായപ്പെടുകയുംചെയ്തു.

കഠിനമായ ഉഷ്ണം. കാററിന്റെ ലേശംപോലും ഇല്ല. കൊതുകിന്റെ ഉപദ്രവം അസാമാന്യമായി ഉണ്ടതാനും. ഉറക്കം വരാതെ തിരിഞ്ഞും പിരിഞ്ഞും കിടന്നുകൊണ്ടും ചില കടലാസുകഷ്ണങ്ങളാൽ വീശിക്കൊണ്ടും വളരെനേരം കഴിച്ചു. വെളുപ്പിനു സ്വല്പമൊന്നു മയങ്ങി. അടുത്തദിവസം കാലത്തു ചായക്കട അന്വേഷിച്ചുള്ള പുറപ്പാടായി. റയിൽവേസ്റ്റേഷനു സമീപം ഒരു ചൈനാക്കാരന്റെ വൃത്തിയുള്ള ചായക്കട കണ്ടെത്തിയപ്പോൾ എനിക്കു ധൈര്യവും ഉത്സാഹവും ഉണ്ടായി. അമേരിക്കൻ മാവു കുഴച്ചു പരത്തി ചുട്ട ഒരുതരം 'റൊട്ടി' മാത്രമേ അവിടെ പലഹാരമായി ഉണ്ടായിരുന്നൊള്ളു. എങ്ങനെയെങ്കിലും അതു കുറെ അകത്താക്കണമെന്നു വാശിപിടിച്ചുകൊണ്ടുള്ള ശ്രമം വലിയ ഫലവത്തായില്ലെങ്കിലും ഒരുവിധം തരക്കേടില്ലാത്ത രണ്ടുമൂന്നുകപ്പു ചായ അതിനകയിൽ ഉള്ളിൽ കടത്തി. വീണ്ടും താമസസ്ഥലത്തേക്കു മടങ്ങി, മററു കൂട്ടരുടെ സമീപത്തു ഞാനും കുത്തിയിരുന്നു.

"ഇങ്ങനെ പാഹിപാഹിയെന്നു പറഞ്ഞിരുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ആഹാരത്തിനു മാർഗ്ഗമില്ലാത്തവരായി നാം പത്തുപന്ത്രണ്ടു പേരുണ്ടു്. നമുക്കു യോജിച്ചു സംഘടിച്ചു അരിവപ്പു തുടങ്ങാം." എന്നു ഒരാൾ നിർദ്ദേശിച്ചു. അതിനെ എല്ലാവരും അനുകൂലിച്ചു. തന്റെ കൈയിൽ രണ്ടുമൂന്നു വലിയ അലൂമിനിയം പാത്രങ്ങളുണ്ടെന്നു ഒരാൾ പറഞ്ഞു. പാൽ ടിന്നുകൾ തന്റെ കൈവശം കുറെ ഉണ്ടെന്നു മറെറാരാൾ പറഞ്ഞു. അങ്ങനെ ഉടൻതന്നെ ഞങ്ങൾ പത്തുപന്ത്രണ്ടുപേർ ഒരു സംഘമായിച്ചേർന്നു. ബ്രാഹ്മണൻ, അബ്രാഹ്മണൻ, ക്രിസ്ത്യാനി, മഹമ്മദീയൻ, മലയാളി, തമിഴൻ, തെലുങ്കൻ, ബംഗാളി ഇങ്ങനെ ശീലത്തിലും രുചികളിലും മനോഗതികൊണ്ടും ഒന്നിനൊന്നു യോജിക്കാത്ത വ്യക്തികൾ അത്യന്താപേക്ഷിതമായ അത്യാവശ്യംമൂലം ഒന്നിച്ചു കൂടിയതായിരുന്നു ഞങ്ങളുടെ സംഘം.

ഞങ്ങളിൽ കുറേപേർ സാമാനങ്ങൾ വാങ്ങുന്നതിനായി മൂന്നുനാലുമൈൽ ദൂരെയുള്ള ഒരു ചെറിയ കമ്പോളത്തിലേക്കു യാത്രയായി. മണി പത്തുമാത്രമേ ആയൊള്ളുവെങ്കിലും അസഹ്യമായ ചൂടുണ്ടായിരുന്നതിനാൽ സാമാനങ്ങൾക്കു കാവലിരുന്നുകൊള്ളാമെന്നു ഞാനും മറെറാന്നു രണ്ടു മടിയന്മാരും ഏററു. മണിക്കൂറുകൾ ഒന്നു്, രണ്ടു്, മൂന്നു്, ഇങ്ങനെ മുന്നോട്ടുപോയി. ചൂടും ഉഷ്ണവും ദാഹവും വിശപ്പും ശീഘ്രമായി വർദ്ധിച്ചു. തണുത്ത വെള്ളത്തിലൊന്നു കുളിച്ചാൽ കുറെ സുഖംകിട്ടുമെന്നു തോന്നി. അടുത്തുതന്നെ ഉണ്ടായിരുന്ന ഒരു കിണററിന്റെ കര വെളുപ്പിനു നാലുമണിമുതൽ പല്ലുതേക്കുന്നവരും കുളിക്കുന്നവരും മുണ്ടു നനയ്ക്കുന്നവരും പാത്രം തേക്കുന്നവരും ആയ ജനങ്ങളെക്കൊണ്ടു എപ്പോഴും നിറഞ്ഞിരുന്നു. അവരുടെ ഇടയിൽചെന്നു് രണ്ടുപാത്രം വെള്ളം കോരി തലയിലൊഴിച്ചപ്പോൾ വളരെ സുഖം തോന്നി. വെയിലിന്റെ കാഠിന്യംകൊണ്ടു ചൈനാക്കാരന്റെ ചായക്കടവരെ പോകുന്നതു അസാദ്ധ്യമായിതോന്നി. മണി രണ്ടോടടുത്തപ്പോൾ സാമാനം വാങ്ങിക്കൊണ്ടു ക്ഷീണിച്ചു തളർന്നു കൂട്ടുകാർ വന്നെത്തി. അരിവപ്പു ഇനി വൈകുന്നേരമേ സാധിക്കയൊള്ളു എന്നു പറഞ്ഞു

(ശേഷം നാലാംപേജിൽ)


ചുമയെ സംബന്ധിച്ച എല്ലാ രോഗങ്ങളേയും ... ഒരു അമൂല്യ രത്നമാണ് വൈദ്യന്മാർ ഉപയോഗിക്കുന്ന ഗ്ലൈക്കോഡിൻ ടെർപ്പ് വസാക. തൽക്കാലത്തേക്ക് സുഖത്തെ ദാനം ചെയ്യുക മാത്രമല്ല ഈ ഔഷധത്തിന്റെ ഉദ്ദേശം—ചുമയെ വേരോടെ ... നീക്കം ചെയ്യുന്നതിലാണ് ഈ ഔഷധത്തിന്റെ ശക്തി ... ചെയ്യുന്നത്.



ഗ്ലൈക്കോഡിൻ ടെർപ്പ്-വസാകാ

അലംബിക് കെമിക്കൽ വർക്ക്സ് കമ്പനി ലിമിറ്റെഡ് ബറോഡാ

മദ്രാസ്പ്രസിഡൻസിയിലെ പ്രധാന വിതരണക്കാർ:—
അലംബിക്ക് ഡിസ്ട്രിബ്യൂട്ടിങ്ങ് ഏജൻസി (മദ്രാസ്)
154 ...  തെരുവ്, പാർക്ക്ടൌൺ, മദ്രാസ്.

## ബർമ്മയിൽനിന്നുള്ള എന്റെ വിജയകരമായ പിന്മാററം

ം

(മൂന്നാംപേജിൽനിന്നും തുടർച്ച)

കൊണ്ടു അവർ വന്നവഴിക്കു നീണ്ടു നിവർന്നു കിടപ്പായി.

“ഇപ്പൊഴൊന്നും കഴിക്കണ്ടേ ന്നോ?” ഞാൻ അടക്കാൻപാടില്ലാത്ത നിരാശയോടെ ചോദിച്ചു.

“ആ മാങ്ങ അരിയ്ക്കു ബർമ്മാക്കാരിയുടെ പഴങ്കഞ്ഞി കഴിക്കാം” എന്നു ഒരാൾ മറുപടി പറഞ്ഞു

ഈ നിർദ്ദേശത്തിൽ എനിക്കു വലിയ ഉത്സാഹമൊന്നും തോന്നിയില്ല. പഴങ്കഞ്ഞിയിലെ വററു കൈകൊണ്ടു വാരി ഒരാൾ വിളമ്പിക്കൊടുക്കുന്നതു കണ്ടപ്പോൾ ഞാൻ അങ്ങോട്ടു നോക്കാതെ വിചാരം മാററാൻ ശ്രമിച്ചു. ഏതായാലും അതു കുറച്ചു കഴിക്കാൻ തന്നെ നിശ്ചയിച്ചു. മാങ്ങയും കടിച്ചുകൊണ്ടു ആ തണുത്ത പഴങ്കഞ്ഞിവെള്ളം കുടിച്ചപ്പോൾ ഞാൻ അനുഭവിച്ച സുഖം അനിർവ്വാച്യമാണു്. എന്റെ ഗൃഹത്തിലെ സാധാരണ ഊണുമുതൽ വലിയകൊട്ടാരത്തിലെ വൻസദ്യകൾ വരെ പലതരത്തിലുള്ള ഊണുകൾ ഞാൻ ഉണ്ടിട്ടുണ്ടു്. എന്നാൽ ആ പഴങ്കഞ്ഞിയോളം രുചിയായിട്ടും ആർത്തിയോടെയും ഒരാഹാരം ഞാൻ കഴിച്ചിട്ടുണ്ടോ എന്നു സംശയമാണു്. വയറുനിറയെ കഴിക്കാൻ അതു കിട്ടാതെയിരുന്നതിൽ എനിക്കു ഇച്ഛാഭംഗമുണ്ടായി. ബർമ്മാക്കാരിയുടെ ചോറിനെപ്പററി തലേദിവസം എനിക്കു തോന്നിയ അവജ്ഞയിൽ ഞാൻ ഹൃദയപൂർവ്വം പശ്ചാത്തപിച്ചു.

ടി. എം. കെ സംഘത്തിലെഒരുവയ്പുകാരനെ സേവപിടിച്ചു ഞങ്ങൾക്കു ചോറും കൂട്ടാനും വൈകുന്നേരം മുതൽ ഉണ്ടാക്കിത്തരാൻ ഏർപ്പാടു ചെയ്തു. അമരാപുരത്തിലെ താമസകാലം മുഴുവൻ ഞങ്ങൾ കഷണങ്ങൾ അരിഞ്ഞുകൊടുക്കുകയും അയാൾ എല്ലാംകൂടി ഇട്ടു വേവിച്ചു് എന്നും ഒരേ സ്വാദുള്ള ഒരു കറിയും ചോറും ഉണ്ടാക്കിത്തരുകയും ചെയ്തു. കാലത്തേ ചായയ്ക്കു അവിടെ ഉണ്ടായിരുന്ന ഒരു കാക്കായുടെ (മലബാർ മുസൽമാന്റെ) കടയിലേക്കു പോകുക പതിവാക്കി. ബർമ്മയുടെ ഏതുമൂലയിലും ഒരു ചായക്കടയും അതിനോടനുബന്ധിച്ചു ഒരു ചില്ലറ വ്യഞ്ജനക്കടയും നടത്തിക്കൊണ്ടു കാണപ്പെടുന്നകാക്കാമാർ വളരെ പരിശ്രമശീലന്മാരും സൂക്ഷ്മബുദ്ധികളും മലയാളികളോടു സ്ഥായിയുള്ളവരും ആണു്. സാധാരണപോലെ കട നടത്തിക്കൊണ്ടുവന്ന ഞങ്ങളുടെ കാക്കായെ ഒരുദിവസം കാലത്തു കാണാതായി. രാഷ്ട്രീയാന്തരീക്ഷത്തിലെ വിപത്തു മണത്തറിഞ്ഞ അയാൾ നാട്ടിലേയ്ക്കു ഓടിപൊയ്ക്കളഞ്ഞു.

പകലും രാത്രിയും ഒരുപോലുണ്ടായിരുന്ന പൊരിയുന്ന വെയിലിൽ വിഷമിച്ചു നിമിഷങ്ങൾ എണ്ണിക്കൊണ്ടാണു് ഞങ്ങൾ അമരാപുരത്തിൽ സമയം കഴിച്ചതു്. ഓരോ ദിവസവും ലോറികളിൽ പുതിയ പുതിയ സംഘം ആളുകൾ വന്നുചേർന്നുകൊണ്ടിരുന്നതിനാൽ സ്ഥലദൗർല്ലഭ്യവും ജലദൗർല്ലഭ്യവും വൃത്തികേടും ഒന്നിനൊന്നു വർദ്ധമാനമായും അസഹ്യമായും വന്നുതുടങ്ങി. ൧൮-ാംനു- രാത്രിയിൽ സമീപത്തുള്ള ഒരു ഗൃഹത്തിനു അഗ്നിബാധ ഉണ്ടാവുകയും അഗ്നി ഭയങ്കരമായി വർദ്ധിക്കുകയും ചെയ്തപ്പോൾ സാമാനങ്ങളെല്ലാം തലയിൽ ചുമന്നുകൊണ്ടു് ഞങ്ങൾക്കു ഓടേണ്ടതായി വന്നു. ഞെരിഞ്ഞിൽ പോലെയുള്ള മുള്ളുകൾ വൃക്ഷങ്ങളിൽനിന്നു താഴെവീണു നിറയെ കിടന്നിരുന്നതിനാൽ ചെരിപ്പില്ലാതെ ഓടിയവരെല്ലാം ഓടാനും നിൽക്കാനും വയ്യാതെ വിഷമിച്ചു. രണ്ടുമൂന്നു മണിക്കൂറിനുശേഷം തിരിയെ വാസസ്ഥലത്തു വന്നപ്പോൾ അവിടെ ഇട്ടിട്ടുപോയിരുന്ന സാമാനങ്ങൾ കാണ്മാനില്ലായിരുന്നു.

സുഖമെടുക്കാനായി ഇൻഡ്യയിലേയ്ക്കു പുറപ്പെട്ടിരുന്ന “ഊതിൻ” എന്ന കിഴവനായ ഒരു ബർമ്മാക്കാരൻ ഉദ്യോഗസ്ഥന്റെ സഹായത്തോടുകൂടി ടി. എം. കെ. അമരാപുരത്തിൽ വന്നെത്തിയിരുന്ന സംഘങ്ങളുടെയെല്ലാം നേതൃത്വം സ്വയം സ്വീകരിച്ചു. ൧൯-ാംനു- കാലത്തു എട്ടുമണിക്കു ഒരു ട്രെയിൻ വരുമെന്നും ആയതിനാൽ ൭ മണിക്കുതന്നെ എല്ലാവരും സ്റ്റേഷനിൽ ഹാജരായിരിക്കണമെന്നും അദ്ദേഹം നേരത്തെ അറിവുതന്നു. തലേദിവസംതന്നെ തയ്യാർ ചെയ്തു വച്ചിരുന്ന കട്ടിശാതവും സാമാനങ്ങളും ചുമന്നുകൊണ്ടു് ഞങ്ങളും കാലത്തു സ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടെ കൂടിയിരുന്ന വമ്പിച്ച ജനക്കൂട്ടത്തിനു മുഴുവൻ കയറാൻ തീവണ്ടിയിൽ സ്ഥലം കാണുകയില്ലെന്നും, അതിനാൽ അത്യാവശ്യമുള്ള സാമാനങ്ങളെടുത്തുകൊണ്ടു് ആദ്യം ചാടിക്കയറണമെന്നും പ്ലാൻ ചെയ്തുകൊണ്ടു എല്ലാവരും തയ്യാറായി നിന്നു. വർദ്ധമാനമായിക്കൊണ്ടിരുന്ന ചണ്ഡകിരണന്റെ പ്രതാപത്തെ കൂസാതെ ആശയുടെ തള്ളലിനാൽ ഞങ്ങൾ പല മണിക്കൂറുകൾ അവിടെ ട്രെയിനുംകാത്തുകൊണ്ടു നിന്നു. ആഹാരവും വെള്ളവുംകൂടാതെ, ഇടയ്ക്കിടയ്ക്കു പൈനാക്കാരന്റെ ചായയെ മാത്രം അഭയം പ്രാപിച്ചുകൊണ്ടു് ഓരോ മരത്തണലിൽ പോയി ഞങ്ങൾ ഇരുന്നു. തന്റെ പ്രതാപം മുഴുവൻ ഞങ്ങളുടെ നേരേ കാട്ടിയിട്ടും ഞങ്ങളെ റെയിൽവേസ്റ്റേഷനിൽനിന്നു ഓടിക്കാൻ സാധിക്കാഞ്ഞതിൽ മ്ലാനതപൂണ്ടു് ആദിത്യഭഗവാൻ ചക്രവാളത്തിനു കീഴിൽ മറയുന്നതിനുള്ള ആരംഭമായി. അപ്പൊഴാണു്, വണ്ടി വന്നാൽ വരട്ടെ എന്നു നിശ്ചയിച്ചു ഞങ്ങൾ ആഹാരത്തിനു ഒരുമ്പെട്ടതു്. സ്വല്പം ദൂരെ ഒഴിഞ്ഞുകിടന്ന ഒരു പഴയ വീട്ടിൽ പോയി അഞ്ചുമണിക്കു തലേദിവസത്തെ കട്ടിശാതം ആഹരിച്ചു. സന്ധ്യ ആയപ്പോൾ നിരാശരായി എല്ലാവരുമൊന്നിച്ചു താമസസ്ഥലത്തേക്കു മടങ്ങി.

ടി. എം. കെ. സംഘത്തിലെ അംഗങ്ങൾ സ്വാർത്ഥമൂർത്തികളാണെന്നും തീവണ്ടി വരുന്ന സമയത്തേപ്പററി അവർക്കു രഹസ്യമായ അറിവു ലഭിച്ചിട്ടുണ്ടെന്നും, അവർക്കു നേരത്തേ കയറുന്നതിനുവേണ്ടി അതു രഹസ്യമായി വെച്ചുകൊണ്ടിരിക്കുകയാണെന്നും അടുത്തദിവസം കാലത്തു ഒരു ശ്രുതി പരന്നു. അവരുടെ ചില ഒരുക്കങ്ങളും അവരിൽ ചിലർ റെയിൽവേസ്റ്റേഷനിൽ ചുററിപ്പററി കൂടിയിരിക്കുന്നതും കണ്ടപ്പോൾ ഈ സംശയം ബലപ്പെട്ടു. സാമാനങ്ങൾ കെട്ടിയെടുത്തു ചിലർ സ്റ്റേഷനിലേക്കും, അവിടെ കാത്തിരുന്നു മുഷിഞ്ഞ ചിലർ ഇങ്ങോട്ടേക്കും യാത്രചെയ്തുതുടങ്ങി. ഞങ്ങളും വെയിലത്തു ഈ ബഹളത്തിൽ പങ്കെടുത്തു. ടി. എം. കെ. സംഘത്തിന്റെ ഗതിവിഗതികളെ സൂക്ഷിച്ചു റിപ്പോർട്ടുചെയ്യാനായി രണ്ടുമൂന്നുപേരെ നിയോഗിച്ചിട്ടു ഞങ്ങൾ ഒടുവിൽ ആഹാരം കഴിച്ചു വിശ്രമിക്കാൻ നിശ്ചയിച്ചു.

ഉച്ചയ്ക്കു ഒരുമണി ആയപ്പോൾ വലിയ ഒരു ബഹളം. ലോറികൾ വന്നിരിക്കുന്നു എന്നുപറഞ്ഞുകൊണ്ടു സാമാനങ്ങളും ചുമന്നു് ആളുകൾ ഗേററിലേക്കു പാഞ്ഞു. തിരക്കുണ്ടാക്കരുതെന്നും ശിക്ഷണം പാലിക്കണമെന്നും ഉപദേശിച്ചു നേതാക്കന്മാർ എല്ലാവരേയും തടഞ്ഞുനിർത്തി. ആദ്യത്തെ ലോറിയിൽ ടി. എം. കെ. സംഘത്തിലെ മിക്കവരും കയറി. അപ്പോൾ ശിക്ഷണവും നിലച്ചു. ആളുകൾ ലോറികളിൽ ഇരച്ചുകയറി. ഒന്നിൽ ഞെങ്ങി പിശുങ്ങിനിൽക്കാൻ എനിക്കും സ്ഥലം ലഭിച്ചു.

ലോറി നിങ്ങിയതു പ്രതീക്ഷയ്ക്കു വിപരീതമായി തിരിയെ മാൻഡലേയിലേക്കായിരുന്നു.


## ഏക്കമൊ



### ഇപ്പോഴും?

നിങ്ങൾ ഇപ്പോഴും കാസശ്വാസോപദ്രവത്താൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, എന്തിനായി വേഗത്തിൽ ഭേദമാവും ഫലത്തേപ്പററി സംശയമില്ലാ എന്നെല്ലാം ഒരേ [illegible] ത്തു പറഞ്ഞു വഞ്ചിക്കുന്നവരുടെ [illegible]ൽപ്പെടിക്കുകളുക്കുന്നു?

“ശ്വാസഹാരി”(Shwas Hari) ആസ്ത്മക്കു് ഡോക്ടർമാരുള്ള കൈകണ്ട ഔഷധമാകുന്നു. അതു് ആസ്ത്മയുടെ ശക്തിയെ കുറയ്ക്കുക മാത്രമല്ലാ ആ രോഗത്തെ തീരെ ഭേദപ്പെടുത്തുന്നു. ഒരിക്കൽ മരുന്നു കഴിച്ചാൽതന്നെ ചുമയും മുട്ടലും ഇല്ലാതാകുന്നു. നിങ്ങൾക്കു് ഏത്രയും സുഖകരമായ നിദ്ര ലഭിക്കും. നല്ലവണ്ണം ഭക്ഷണം കഴിക്കുവാനും അതു ദഹിക്കുവാനും സാധിക്കുന്നു. ക്രമത്തിൽ നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കും. നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ബലം വർദ്ധിക്കും. കാസശ്വാസത്തിന്റെ ഉപദ്രവം തീരെ ഇല്ലാതാവുകയുംചെയ്യും.

എല്ലാ പ്രധാന വ്യാപാരികളിൽ നിന്നും 3 ഔൺസ്, 6 ഔൺസ്, 12 ഔൺസ്. എന്നി തോതിൽ 3 ക. 6 ണ, 5 ക. 12 ണ, 10 ക. എന്നി വിലയ്ക്കു ലഭിക്കുന്നതാണു്.

Quilon Stockists:- S. Ramalingam Pillai & [illegible] Bazar.

Manufacturers:

Dr. Purohit's Pharmacy, Kolh[illegible]

Purohit's
SHWASHARI



## ഒട്ടിക്ക്

ചെവിക്കുത്തു്, ചീക്കാതു്, ചെവികേൾക്കായ്ക മുതലായ എല്ലാ കർണ്ണരോഗങ്ങളേയും ശമിപ്പിക്കുന്നു.

## സുലോചന

കണ്ണിലുണ്ടാകുന്ന ചുവപ്പു്, കരു മുതലായവയെ ശമിപ്പിച്ചു് കണ്ണിനു കുളിർമയെ നൽകുന്നു.

എല്ലാ സ്ഥലങ്ങളിലുമുള്ള ഞങ്ങളുടെ ഏജൻറന്മാരിൽനിന്നും ഈ മരുന്നുകൾ ലഭിക്കുന്നതാണു്.

ആയുർവേദിക് കാമ്പൗണ്ട്
ടിഞ്ചേഴ്സ് (ക്ലിപ്തം)
ആലപ്പുഴ.



## ബൃഹൽസംഹിത

ം

വ്യാഖ്യാതാ, പുലിയൂർ

പി. എസ്. പുരുഷോത്തമൻനമ്പൂതിരി.

ജ്യോതിശ്ശാസ്ത്രമാകുന്ന മഹാസമുദ്രത്തിൽ മറഞ്ഞു കിടക്കുന്ന അനർഘരത്നങ്ങളിൽ പ്രധാനപ്പെട്ട ഒരു ദിവ്യരത്നമാണു് ഈ ജ്യോതിഷഗ്രന്ഥം. വില 4 രൂ. 14 ണ.

മാനേജർ,

[illegible] പ്രസ്സ്. കൊല്ലം.



## WANTED

An experienced Clerk knowing Banking & Chitty Accounts, who can furnish a Cash Security of Rs. 1000 bearing interest. Apply stating minimum salary required with credentials to

Box No. 52
C/o Malayala Rajyam,
Quilon.



അച്ചടിച്ചുതയ്യാറായി

## പത്മസുന്ദരൻ

(ഒന്നാന്തരം ഡിറക്ടീവ് നോവൽ)

ഒന്നും രണ്ടും ഭാഗങ്ങൾ.

ഗ്രന്ഥകർത്രി—ശ്രീമതി വി. എം. കോതനായകിഅമ്മാൾ

പരിഭാഷകൻ—ശ്രീ. സി. മാധവൻപിള്ള ബി. എ

മുന്നൂറോളം പേജുകൾവീതമുള്ള രണ്ടു വലിയ ഭാഗങ്ങൾ.

ഓരോ ഭാഗത്തിനും വില രൂപാ 2.

റെഡ്യാർപ്രസ്സ്, മെയിൻറോഡ്, തിരുവനന്തപുരം.



എസ്. രാമവാര്യരുടെ

## ചെറുകഥകൾ

ബാഷ്പാംകുരം 12 ണ.
മുരളീഗാനം 6 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,
കൊല്ലം.

ബ്രാഞ്ചുകൾ-തിരുവനന്തപുരം, ആലപ്പുഴ

# പ്രശസ്തവ്യക്തികളും പ്രസിദ്ധസംഭവങ്ങളും

## വിജ്ഞേയങ്ങളായ ചില വിവരങ്ങൾ

### കഴ്സൺപ്രഭുവിൻെറ അഭിലാഷപൂർത്തി

കഴ്സൺപ്രഭുവിനെപ്പററിയുള്ള വിജ്ഞേയമായ ഒരു വസ്തുവകഥ ലോവററ് ഫ്രേസറുടെ ഒരു ഗ്രന്ഥത്തിൽ കാണുന്നു. 1887-ഡിസംബറിലാണ് പ്രഭു ഇദംപ്രഥമമായി കൽക്കട്ടാനഗരം സന്ദർശിച്ചതു്. അക്കാലത്തു് അദ്ദേഹം പാർലമെൻററിലെ ഒരു യുവമെംബറായിരുന്നുവെങ്കിലും, തൻെറ സഹപാഠികളായിരുന്ന ചില സ്നേഹിതന്മാരുടെയിടയിൽമാത്രമേ അദ്ദേഹം എന്തെങ്കിലും പ്രസിദ്ധി സമ്പാദിച്ചിരുന്നുള്ളു. കൽക്കട്ടായിലെത്തിയശേഷം അവിടത്തെ "ഗ്രേററ് ഈസ്റ്റേൺഹോട്ട"ലിലാണു് അദ്ദേഹം താമസിച്ചതു്. വളരെ ആഡംബരപൂർവ്വമായ സജ്ജീകരണങ്ങളൊന്നും പ്രസ്തുത ഹോട്ടലിൽ അക്കാലത്തു ഇല്ലായിരുന്നു. "ഗവമെൻറ്ഹൗസ്" എന്നു പറയപ്പെടുന്ന 'വൈസ്രായിമന്ദിര'ത്തിൻെറ എതിർവശത്താണ് ഈ ഹോട്ടൽ സ്ഥിതിചെയ്തിരുന്നതു്. പ്രസ്തുത മന്ദിരം പണിചെയ്യപ്പെട്ടിരുന്നതു് കഴ്സൺപ്രഭുവിൻെറ പിതാവിൻെറവക 'കെഡിൽസ്റ്റൺഹാൾ' എന്ന സുപ്രസിദ്ധഹർമ്മ്യത്തിൻെറ മാതൃകയിലായിരുന്നു. ഒരുദിവസം അപ്പോഴത്തെ വൈസ്രായി ഡഫറിൻപ്രഭു അവിടെവച്ചു് കഴ്സൺപ്രഭുവിനു ഒരു വിരുന്നു നൽകുകയുണ്ടായി. വിരുന്നിനുശേഷം കഴ്സൺപ്രഭു തിരിച്ചു ഹോട്ടലിലേയ്ക്കു നടന്നുപോകുമ്പോൾ, ആ ഹർമ്മ്യത്തിലെ വലിയ ഗേററുകൾക്കു വെളിയിൽ നിന്നുകൊണ്ടു്, ബാല്യകാലം മുഴുവൻ താൻ സന്തോഷപൂർവ്വം കഴിച്ചുകൂട്ടിയ 'കെഡിൽസ്റ്റൺഹാളി'നെപ്പററിയുള്ള സ്മരണകളോടുകൂടി, 'അടുത്തപ്രാവശ്യം ഞാൻ ഈ ഗേററുകൾക്കുള്ളിൽ പ്രവേശിക്കുന്നതു് വൈസ്രായിയുടെ നിലയിലായിരിക്കും' എന്നു പറയുകയുണ്ടായത്രേ. കഴ്സൺപ്രഭുവിൻെറ നിശ്ചയങ്ങൾ വളരെ ദുർല്ലഭമായിമാത്രമേ ഫലപ്രദങ്ങളാകാതിരുന്നിട്ടുള്ളു. പ്രസ്തുതസംഭവംകഴിഞ്ഞു് പതിനൊന്നു സംവത്സരങ്ങൾക്കുള്ളിൽ അദ്ദേഹത്തിൻെറ ആഗ്രഹം സാധിക്കുകതന്നെ ചെയ്തു.

### മി. ഗോഖലയെപ്പററിയുള്ള പ്രശംസ.

നിയമസഭകളിലുംമററുംവച്ചു് മ. ഗോപാലകൃഷ്ണഗോഖലെയുമായി വാദപ്രതിവാദം നടത്തുന്നതിനിടയായിട്ടുള്ളവരെല്ലാം അദ്ദേഹത്തിൻെറ സാമർത്ഥ്യത്തെപ്പററി മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. അദ്ദേഹവുമായി വാദപ്രതിവാദത്തിലേർപ്പെടുന്നതു് അസാമാന്യമായ ഒരു ബഹുമതിയാണെന്നു കഴ്സൺപ്രഭു അവർകൾതന്നെ ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു്. സ്ഥിതിവിവരങ്ങളേയും മററു സംഗതികളേയും അടിസ്ഥാനപ്പെടുത്തിയുള്ള വിശദീകരണത്തിൽ മ. ഗോഖലയെ മി: ഗ്ലാഡ്സ്റ്റനോടു ഉപമിച്ചാണ് സർ ഗൈഫ്ളീററ് വുഡ് വിൽസൺ (അപ്പോഴത്തെ ധനകാര്യമന്ത്രി) പ്രസ്താവിക്കാറുണ്ടായിരുന്നതു്. മൻഫ്രെഡ് ഫ്രാ-നിടയ്ക്കു മി: ഗോഖലെ പബ്ളിക്ക് സർവീസ് കമ്മിഷനിലെ ഒരു അംഗമായി നിയമിക്കപ്പെട്ടകാരണം കൗൺസിലിലെ ചില സമ്മേളനങ്ങൾക്കു സന്നിഹിതനാകുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. അപ്പോൾ സർ ഗൈഫ്ളീററ്വുഡ് വിൽസൺ പ്രസ്താവിച്ചതു്, മി: ഗോഖലയെക്കൂടാതെ ബഡ്ജററിനെപ്പററി വിമർശനം ചെയ്യുന്നതു്, "ഹാംലററിനെ വിട്ടിട്ടു 'ഹാംലററ്' നാടകം പരിശോധിക്കുന്നതിനു തുല്യമാണെ"ന്നാണു്.

### ബെഞ്ചമിൻഫ്രാങ്ക്ളിൻെറ വിവാഹാഭ്യർത്ഥന

അമേരിക്കയിലെ ഒരു സുപ്രസിദ്ധരാജ്യതന്ത്രജ്ഞനും തത്വജ്ഞാനിയുമായിരുന്ന ബെഞ്ചമിൻഫ്രാങ്ക്ളിൻ വിഭാര്യനായിത്തീർന്നു ആറു സംവത്സരങ്ങൾ കഴിഞ്ഞശേഷം, അതായതു് അദ്ദേഹത്തിൻെറ 70-ാമത്തെവയസ്സിൽ, അദ്ദേഹം അമേരിക്കയുടെ പ്രതിനിധിയായി ഫ്രാൻസിൽ താമസിച്ചിരുന്നകാലത്തു, സമവയസ്സു് പ്രായമുള്ള മാഡം ഹെൽവേഷ്യസ് (സുപ്രസിദ്ധ ഫ്രഞ്ച് തത്വജ്ഞാനിയായ ഹെൽവേഷ്യസിൻെറ വിധവ) എന്ന സ്ത്രീക്കു് അയച്ച ഒരു വിവാഹാഭ്യർത്ഥനയാണ് താഴെ ചേർക്കുന്നതു്:—

പാസ്സി
ജനുവരി, ൧൭൮൦

"ഭവതിയുടെ പ്രിയപ്പെട്ട ഭർത്താവിനോടുള്ള ബഹുമാനസൂചകമായി മേലാൽ അവിവാഹിതയായി കഴിഞ്ഞുകൂടണമെന്നുള്ള ഭവതിയുടെ നിശ്ചയം കഴിഞ്ഞ സായാഹ്നത്തിൽ അസന്ദിഗ്ദ്ധമായി പ്രഖ്യാപനംചെയ്തതുനിമിത്തമുണ്ടായ സന്താപത്തോടുകൂടി ഞാൻ ഗൃഹത്തിൽപോയി എൻെറ കിടക്കയിൽവീണു. ഉടൻതന്നെ സ്വർഗ്ഗത്തിലെത്തിയിരിക്കുന്നതായി എനിക്കു തോന്നി. വിശേഷാൽ ആരേയെങ്കിലും കാണേണ്ടതായുണ്ടോ എന്നു് സ്വർഗ്ഗവാസികൾ എന്നോടു ചോദിച്ചു. "തത്വജ്ഞാനികളിരിക്കുന്നസ്ഥലത്തേക്കു് എന്നെ നയിക്കുക. എനിക്കു് ഹെൽവേഷ്യസിനെ കാണണം" എന്നു ഞാൻപറഞ്ഞു.

ഹെൽവേഷ്യസ്, യുദ്ധത്തെപ്പററിയും ഫ്രാൻസിലെ മതത്തിൻെറ, ഭരണസ്ഥിതി എന്നിവയെക്കുറിച്ചും എന്നോടു ചോദിച്ചു. "താങ്കളുടെ പ്രിയപത്നിയെപ്പററി താങ്കൾ ചോദിക്കുന്നില്ലല്ലോ. ആ സ്ത്രീയാകട്ടെ, ഇപ്പോഴും താങ്കളെ അസാമാന്യമായി സ്നേഹിക്കുകയാണുചെയ്യുന്നതു. ഞാൻ അവരെ കണ്ടു പിരിഞ്ഞിട്ടു് ഒരുമണിക്കൂറായിട്ടില്ല" എന്നു ഞാൻ പറഞ്ഞു.

"ഓ, താങ്കൾ എൻെറ പൂർവ്വകാലത്തെ സൗഭാഗ്യത്തെ അനുസ്മരിപ്പിക്കുന്നു. എത്രയോ സംവത്സരക്കാലം ഞാൻ അവളെപ്പററിമാത്രമേ വിചാരിച്ചിരുന്നുള്ളു. ഒടുവിൽ എനിക്കു് സന്താപനാശം ലഭിച്ചു. ഞാൻ എനിക്കു കണ്ടുകിട്ടാവുന്നതിൽവച്ചു് അവളോടു് ഏററവും സാദൃശ്യമുള്ള മററൊരു ഭാര്യയെ സ്വീകരിച്ചു. എൻെറ പ്രഥമ പത്നിയെപ്പോലെയുള്ള സൗന്ദര്യം അവൾക്കില്ല. എന്നാൽ അത്രത്തോളം ബുദ്ധിശക്തിയും കുറേക്കൂടി സരസസ്വഭാവവും അവൾക്കുണ്ടു്. അവൾ എന്നെ അനന്തമായി സ്നേഹിക്കുകയും ചെയ്യുന്നു" എന്നു് അദ്ദേഹം പ്രസ്താവിച്ചു.

ഇതുകേട്ടയുടനെ ഞാൻ പറഞ്ഞു. "താങ്കളുടെ പൂർവ്വഭാര്യ താങ്കളോടുള്ള പ്രതിജ്ഞാപാലനം ചെയ്യുകയാണെന്നു് എനിക്കു ബോധ്യം മനസ്സിലായി. എന്തെന്നാൽ മിസ്സിസ് ഹെൽവേഷ്യസ് പല വിവാഹാഭ്യർത്ഥനകളും നിരസിക്കുകയാണ് ചെയ്തുവരുന്നതു്. അവർക്കു് താങ്കളോടുള്ള സ്നേഹം നിമിത്തം ഞാനും നിരസിക്കപ്പെട്ടവരുടെ കൂട്ടത്തിലൊന്നാണെന്നു് ഞാൻ സമ്മതിക്കുന്നു."

"താങ്കളുടെ നിർഭാഗ്യത്തിനു ഞാൻ അനുതപിക്കുന്നു. എന്തെന്നാൽ വാസ്തവത്തിൽ അവൾ സുശീലയും സൗന്ദര്യവതിയും ഏററവും സ്നേഹാർഹയുമായ ഒരു സ്ത്രീതന്നെയാണ്" എന്നായിരുന്നു ഹെൽവേഷ്യസ്സിൻെറ മറുപടി.

ഇത്രയും പറഞ്ഞുകഴിഞ്ഞയുടനെ, പുതിയ മാഡം ഹെൽവേഷ്യസ്സ് അവിടെ പ്രവേശിച്ചു. ആഗതയെന്റെ അമേരിക്കൻ സഹധർമ്മചാരിണിയായിരുന്ന മിസ്സിസ് ഫ്രാങ്ക്ളിൻ ആണെന്നു എനിക്കു ഉടനെ മനസ്സിലായി. അവൾ എൻെറതാണെന്നു ഞാൻ അവകാശവാദം പുറപ്പെടുവിക്കുമായിരുന്നു. എന്നാൽ അവൾ ഉദാസീനമായി പറഞ്ഞതു്, "ഞാൻ ഏകദേശം അൻപതുവത്സരക്കാലം താങ്കളുടെ ഉത്തമപത്നിയായിരുന്നുവല്ലോ. അത്രയുംകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളുക" എന്നായിരുന്നു.

ഇതുകേട്ടു് അതൃപ്തനായി ഞാൻ ആ കൃതഘ്നതനിറഞ്ഞ പ്രേതാലയത്തെ വിട്ടിട്ടു് തിരിച്ച് സൂര്യപ്രകാശത്തേയും ഭവതിയേയും കാണുന്നതിനായി ഈ ഗുണവത്തായ ഭൂലോകത്തേക്കു് ഉടൻ പോന്നു. ഇതാ ഞാൻ വന്നിരിക്കുന്നു. നമുക്കു് അവരോടു് പ്രതികാരം ചെയ്യാം."

ഈ നയപരവും വികാരപരവുമായ കത്തു് ഫലപ്രദമായി ഭവിച്ചില്ല. എന്തെന്നാൽ ബെഞ്ചമിൻഫ്രാങ്ക്ളിൻെറ വിവാഹാഭ്യർത്ഥന മാഡം ഹെൽവേഷ്യസ്സ് നിരസിക്കുകയാണുണ്ടായതു്. എന്നാൽ ആ സ്ത്രീ ആജീവനാന്തം അദ്ദേഹത്തിൻെറ സുഹൃത്തായിത്തന്നെ കഴിഞ്ഞു.

—o—



ഡ്യൂറാബ്രഷുകൾ

വിവിധതരം അളവിലും സൈസിലും നിർമ്മിക്കപ്പെടുന്നു. കൂടാതെ ഷേവിംഗ്, നെയിൽ, ഹെയർ ബ്രഷുകളും തയ്യാറുണ്ടു്. ഇവയെല്ലാം സ്റ്റോറുകളിലും വിൽക്കുന്നു. താഴെ കാണുന്ന വിലാസക്കാരിൽനിന്നും കിട്ടുന്നതാണ്.

ഡിസ്ട്രിബ്യൂട്ടേഴ്സ്:—

ദി സ്വദേശീസ് (കൊച്ചി) ക്ലിപ്തം.
തൃശ്ശൂർ.


## ടെക്നിക്കൽ റിക്രൂട്ടുമെൻറ്

എക്സ്ട്രാ അസിസ്റ്റൻറ് ടെക്നിക്കൽ റിക്രൂട്ടിംഗ് ആഫീസർ മി: ബി. എം. കലാസ് എം. ഏ., നേവി, ആർമി, എയർഫോഴ്സ് എന്നീ വകുപ്പുകളിലേക്കു് താഴെ പ്പറയുന്ന സ്ഥലങ്ങളിലും തീയതികളിലും റിക്രൂട്ടുമെൻറ നടത്തുന്നതാകുന്നു.

ക്ലാർക്ക്, എൻജിൻഡ്രൈവർ, ഇലക്ട്രീഷിൻ, ആശാരി, തയ്യൽക്കാരൻ, ഫിററർ മുതലായ ആളുകളെയും കൂടാതെ 80 രൂപ പ്രതിമാസശമ്പളവും പുറമെ, അലവൻസും ആയി സിവിലിയൻ ഡ്രൈവർമാരേയും ആവശ്യമുണ്ടു്. സെക്കൻറ്ഫാറം സ്റ്റാൻറാർഡ് ഉള്ളവരെ ഐ. എസ്. സി., ഐ. ഏ. എം. സി. എന്നീ വകുപ്പുകളിലും റിക്രൂട്ടു ചെയ്യുന്നതായിരിക്കും.

| | | | |
|---|---|---|---|
| ആററുങ്ങൽ | ററി. ബി. | 30-8-120 | (12-4-45) |
| കണ്ടറ | ,, | 1-9-120 | (13-4-45) |
| കായംകുളം | ,, | 2-9-120 | (14-4-45) |
| ചേർത്തല | ,, | 3 & 4-9-120 | (15, 16-4-45) |
| വൈക്കം | ,, | 5-9-120 | (17-4-45) |
| പാലാ | ,, | 6-9-120 | (18-4-45) |
| റാന്നി | ,, | 7-9-120 | (19-4-45) |
| പുനലൂർ | ,, | 8-9-120 | (20-4-45) |
| പന്തളം | ,, | 9-9-120 | (21-4-45) |
| കോഴഞ്ചേരി | ,, | 10-9-120 | (22-4-46) |
| കൊട്ടാരക്കര | ,, | 11-9-120 | (23-4-45) |
| ചാത്തന്നൂർ | താലൂക്കുകച്ചേരി | 12-9-120 | (24-4-45) |
| കിളിമാനൂർ | പോലീസ് സ്റ്റേഷൻ | 13-9-120 | (25-4-45) |
| നെയ്യാററിൻകര | ,, | 14-9-120 | (26-4-45) |



വാഗീശ്വരി

ഹാർമ്മോണിയംഫാക്ടറി
മുല്ലയ്ക്കൽ—ആലപ്പുഴ.

അനേകം സംഗീതവിദ്വാന്മാരാലും പ്രശംസിക്കപ്പെടുന്ന പലസൈസ്സ് വീണകൾ, തംബുരു, ഹാർമ്മോണിയം, ശ്രുതിബോക്സ്, ഫ്ളൂട്ട്, ക്ലാറനേററ്റീഡ് മുതലായ എല്ലാവിധ സംഗീത ഉപകരണങ്ങളും ഉത്തരവാദിത്വത്തോടുകൂടിചെയ്തു വിൽക്കുന്നതും പ്രസ്തുത സാധനങ്ങളുടെ അററകുററപ്പണികൾ ഭംഗിയായി ചെയ്തുകൊടുക്കുന്നതുമാകുന്നു. കൂടുതൽ വിവരങ്ങൾക്കു് എഴുതിച്ചോദിക്കുക.

പ്രൊപ്രൈററർ,
സി. കെ. കുഞ്ഞുകുഞ്ഞുഭാഗവതർ.


### സിൻഡ് മന്ത്രിമാർക്ക് ശമ്പളക്കൂടുതൽ

—o—

കറാച്ചി, ഏപ്രിൽ 9—മാർച്ച് 30-ാം തീയതി സിൻഡ് അസംബ്ലി പാസ്സാക്കിയതും സിൻഡ് മന്ത്രിമാർക്ക് ശമ്പളക്കൂടുതൽ അനുവദിക്കുന്നതുമായ ഒരു നിയമത്തിന് ഗവർണ്ണരുടെ അനുമതി ലഭിച്ചിരിക്കുന്നു. പുതിയ മന്ത്രിമാർ ഉദ്യോഗം സ്വീകരിച്ച മാർച്ച് 4-ാംനു-മുതൽ ഈ ആനുകൂല്യം അവകാശപ്പെടാവുന്നതാണ്.

—o—

### മൗണ്ട്ബാററൻപ്രഭുവിനു കെ. സി. ബി. ഒ. സ്ഥാനം

—o—

ലണ്ടൻ, ഏ. 9—സൗത്ത് ഈസ്റ്റ് ഏഷ്യാ സുപ്രീംകമാൻഡർ എന്നനിലയിൽ മാൻഡലേയുടെ പതനത്തിൽ ലൂയി മൗണ്ട് ബാററൻപ്രഭുവിൻെറ പ്രശസ്തസേവനങ്ങളെ പരിഗണിച്ചു് അദ്ദേഹത്തിനു കെ. സി. ബി. എന്ന സ്ഥാനം നൽകുന്നതിനു ചക്രവർത്തിതിരുമനസ്സുകൊണ്ടു് അനുമതി നൽകിയിരിക്കുന്നതായി ഇന്നുരാത്രി പ്രഖ്യാപിച്ചിരിക്കുന്നു.

(എ. പി)

# കേസിനുപോയാലുള്ളഫലം

[ടാൾസ്റ്റോയിയുടെ 'കുഞ്ഞുങ്ങളുടെ ജ്ഞാനം' എന്ന ഗ്രന്ഥത്തിൽനിന്നു്]

(സി. ജി. മാധവൻപിള്ള)

ഒരു കർഷകൻ
അയാളുടെ ഭാൎയ്യ
ഫീഡോർ } അവരുടെപുത്രന്മാർ
പെററ്കാ }
ഇളയപുത്രൻെറ തലതൊട്ടപ്പൻ

കർഷകൻ—(യാത്രാക്ഷീണനായി സ്വന്തം കുടിലിൽ പ്രവേശിച്ചു കയ്യിലുണ്ടായിരുന്ന ചില സാമാനങ്ങൾ താഴത്തുവച്ചിട്ടു്) അമ്പൊ, എന്തൊരു കാലസ്ഥിതി. ഇങ്ങോട്ടെത്താൻ ഞാൻ വളരെ പാടുപെട്ടു.

ഭാൎയ്യ—അതെ, ദൂരവും വളരെ കൂടുതലാണല്ലൊ. പതിനഞ്ചുകാതംവഴിയല്ലേ ഈ കോച്ചുന്ന തണുപ്പത്തു താണ്ടേണ്ടിയിരുന്നതു്. കുതിരപ്പുറത്തായിരുന്നതുകൊണ്ടും തണുപ്പു മൂൎദ്ധന്യത്തിൽ ഇനിയും എത്തിയിട്ടില്ലാത്തതുകൊണ്ടും കുറച്ചു ഭേദമെന്നേയുള്ളു.

കർഷകൻ പതിനഞ്ചൊ? കുതിച്ചും ഇരുപതുണ്ടു്. തണുപ്പു് ഇപ്പോഴേ മൂൎദ്ധന്യത്തിലും. ചിലടത്തൊക്കെ കുതിരയുടെ മുട്ടുവരെഎത്തും മഞ്ഞു്. (ഫീഡോറിനോടു്) നീചെന്നു കുതിരയ്ക്കു തീററികൊടുത്തു് അയത്തുകെട്ടു് (അവൻ പോകുന്നു)

ഭാൎയ്യ ആകട്ടെ, കേസു നമുക്കുവിധിച്ചുകിട്ടിയൊ?

കർഷ—വിധിയൊ! ശനി പിടിച്ച വിധി. അവന്മാരുടെ തലയിൽ ഇടിത്തീവീഴും.

ത-അ—എന്തൊന്നാ കാൎയ്യം, ചെങ്ങാതി. എനിക്കൊന്നും മനസ്സിലാകുന്നില്ല.

കർഷ അതൊ, അവറിയാൻ എൻെറ അടുക്കളത്തോട്ടത്തിൻെറ പകുതിയും കൈക്കലാക്കിയിട്ടു അവൻെറയാണതെന്നു പറയുന്നു. അതു് എനിക്കു ശരിപ്പെടുത്തിക്കിട്ടാൻ സാധിക്കുന്നില്ല

ഭാൎയ്യ—രണ്ടുകൊല്ലമായി ഞങ്ങൾ അതിനുവേണ്ടി വ്യവഹാരം പറയുകയാണു്.

ത. അ ഓ, അതെനിക്കറിയാം. കഴിഞ്ഞകൊല്ലം ലെൻറ്കാലത്തു അതു ഈ പ്രാദേശികക്കോടതിയിൽ വിസ്താരത്തിലിരുന്നിരുന്നല്ലൊ. എന്നാൽ അതു നിങ്ങൾക്കനുകൂലമായിത്തീൎന്നെന്നാണു പിന്നീടു ഞാനറിഞ്ഞതു്.

കർഷ—അതങ്ങനെ ആയിരുന്നു. എന്നാൽ അവറിയാൻ ചെന്നു ലാൻഡുകാപ്റ്റനെ സമീപിച്ചു കേസ്സു പുനർവിചാരണ ചെയ്യാൻ തിരിച്ചയയ്ക്കാനും പിന്നീടു അതുത്തി മററാനും അനുവദിപ്പിച്ചു. അതുകൊണ്ടു ആദിക്കിലെ ജഡ്ജിമാരുടെ മുമ്പിൽ ഹാജരാകാൻ ഞാൻ നിർബന്ധിതനായി. അവർ പല അവധികൾക്കു ശേഷം കേസ്സുകേട്ടു് എനിക്കു അനുകൂലമായി വിധിക്കയും ചെയ്തു. ഇങ്ങനെ സംഗതി അവിടെ അവസാനിക്കേണ്ടതായിരുന്നു പക്ഷേ അവറിയാൻ അതു എങ്ങനെയോ പുനർവിസ്താരത്തിനെടുപ്പിച്ചു. ഇപ്പൊളിതാ അവർ എൻെറ വസ്തു അയാളുടേതാക്കി വിധിച്ചുകൊടുത്തിരിക്കുന്നു. ജഡ്ജിമാരുടെ യോഗ്യത കണ്ടൊ. നീതിന്യായംപോലും. തീമഴ പെയ്യാൻ ഇനിത്താമസമില്ല.

ഭാൎയ്യ—അയ്യൊ, നാമിതെങ്ങനെ സഹിക്കും!

കർഷ—ആ കുടവയറൻ ദുഷ്ടനു് ഞാനെൻെറ വസ്തുവകകൾ വിട്ടുകൊടുക്കുമെന്നാണൊ നീ വിചാരിക്കുന്നതു്? ഒരിക്കലുമില്ല. ഞാൻ അപ്പീൽ കൊടുക്കാൻപോകയാണു്. ആ കാൎയ്യത്തെസംബന്ധിച്ചു് ഒരു വക്കീലുമായി ആലോചനചെയ്തിട്ടാണു് ഞാൻ പോന്നതുതന്നെ.

ത. അ—കീഴ്ക്കോടതിവിധി അവർ ശരിവച്ചാലൊ? സൊല്പകുറവുള്ള മാർഗ്ഗം അവർ സ്വീകരിക്കാനാണെളുപ്പം

കർഷ—അങ്ങനെവന്നാൽ ഞാൻ ഹൈക്കോർട്ടിൽകൊടുക്കും. ആ പിടിച്ചുപറിക്കാരൻ പരമദുഷ്ടനോടുതോററു, ഞാൻ അടങ്ങിയിരിക്കയില്ല എൻെറ ഒടുവിലത്തെ പശുവിനെക്കൂടി വിൽക്കേണ്ടിവന്നാലും ഞാൻ അടങ്ങുകയില്ല. ഞാൻ ആരെന്നു അവനെ ധരിപ്പിക്കതന്നെചെയ്യും.

ത. അ—ഈ ജഡ്ജിമാർ ഒക്കെ കഷ്ടമാണു്. മടിയന്മാർ. കൈക്കൂലിവാങ്ങുന്നവരും ഉണ്ടെന്നുകേൾക്കുന്നു. ഗുപാർശയുടെ കാൎയ്യം പറയാനുമില്ല. ചിലർ കേസുവ്യവഹരിക്കുന്ന വക്കീലന്മാരുടെ മുഖംനോക്കി വിധികല്പിക്കുന്നുണ്ടുപോലും കീഴ്ക്കോടതികളിലാണു് ഇവഅധികവും. ആസ്ഥിതിക്കു് അവിടെ ഗുണംകിട്ടുമെന്നു് എന്താ ഉറപ്പു്.

കർഷ അവിടെയും സത്യവും നീതിയും ലഭിക്കുന്നില്ലെങ്കിൽ ഞാൻ സാർചക്രവൎത്തിയുടെ അടുത്തു കൊണ്ടുപോകും. ഹൂം പറഞ്ഞിരുന്നു ഞാൻ കുതിരയ്ക്കു വയ്ക്കോലിട്ടുകൊടുക്കാൻ മറന്നു. (പോകുന്നു)

പെററ്കാ ചക്രവൎത്തിയും നമുക്കു ദോഷമായി വിധിച്ചാൽ പിന്നീടു് ആരുടെഅടുക്കലാണു പോകേണ്ടതു്.

ഭാൎയ്യ അദ്ദേഹത്തിനപ്പുറം ആരുമില്ല.

പെററ്കാ ചിലർ അവറിയാനും മററുചിലർ അച്ഛനും വിധിച്ചുകൊടുക്കുന്നതെന്തുകൊണ്ടു ?

ഭാൎയ്യ—അതു അവൎക്കുതന്നെ സംഗതിയുടെ പരമാൎത്ഥം അറിഞ്ഞുകൂടാത്തതുകൊണ്ടായിരിക്കണം.

പെററ്കാ—അങ്ങനെ അവൎക്കു അറിയാൻ പാടില്ലെങ്കിൽ നാം പിന്നെയെന്തിനാണു അവരോടു ചെന്നാവശ്യപ്പെടുന്നതു്?

ഭാൎയ്യ—അവരവരുടെ സ്വന്തം മററുള്ളവൎക്കു വിട്ടുകൊടുക്കാൻ ആൎക്കും സമ്മതമില്ലാത്തതുകൊണ്ടു്.

പെററ്കാ—ഞാൻ പ്രായമായാൽ ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ എന്തുചെയ്യുമെന്നോ! ഏതെങ്കിലും ഒരു കാൎയ്യത്തിനു വേറൊരാളുമായി തക്കമുണ്ടായാൽ അതാൎക്കിരിക്കണമെന്നുള്ളതിനു ഞങ്ങളിരുവരുംചേൎന്നു കുറിയിട്ടുനോക്കും. അതാൎക്കു ലഭിക്കുന്നുവോ അതവൎക്കു വിട്ടുകൊടുക്കും. പിന്നെ ആ കാൎയ്യത്തെക്കുറിച്ചു ഒരു വഴക്കും ഉണ്ടാകയില്ല. അക്കുലിയായും ഞാനും തമ്മിൽ എപ്പോഴും അങ്ങനെയാണു ചെയ്യാറു്.

ത-അ—ഒരുപക്ഷെ അതായിരിക്കും ഉത്തമമാൎഗ്ഗം. പാപമൊന്നും ചെയ്യാതെ സംഗതി തീരുമാനിക്കാമല്ലൊ.

ഭാൎയ്യ—അതങ്ങനെതന്നെ. അ

ചെറിയ ഭൂമിയുടെ കാൎയ്യത്തിനു ഞങ്ങൾ എന്തുതന്നെ ചിലവാക്കിയില്ല. അതിൽ നിരത്താൻ കഴിയുന്നതിലും അധികം പണം ഇപ്പോൾതന്നെ ചിലവായിക്കഴിഞ്ഞിരിക്കുന്നു. കൃഷിയായുധങ്ങളും കന്നുകാലികളും മാത്രമേ ഞങ്ങൾക്കിനിയുള്ളു. ആ വസ്തുവിൻെറ ഇരട്ടിവിലയല്ല ഇപ്പോൾ ആയതു്. ഓ, പാപം പാപം.

## വിവിധവാൎത്തകൾ

നാഗപട്ടണം, ഏ. ൯—ഷിയാലി ഗൂഢാലോചനക്കേസിലെ നാലു പ്രതികളേയും ശിക്ഷിച്ചുകൊണ്ടു് നാഗപട്ടണം സെഷൻസ്ജഡ്ജി വിധി പ്രസ്താവിച്ചിരിക്കുന്നു. ഒന്നാംപ്രതി ആർ. സുബ്ബരായനെ രണ്ടുവർഷത്തെ കഠിനതടവിനും ഇന്ത്യൻരൂപ പിഴയ്ക്കും മററു മൂന്നുപ്രതികളെ ഓരോവർഷത്തെ കഠിനതടവിനുംആണു് ശിക്ഷിച്ചിരിക്കുന്നതു്. പ്രതികൾ കുററക്കാരല്ലെന്നുള്ള ജൂററർമാരുടെ തീരുമാനത്തോടു് ജഡ്ജി യോജിച്ചില്ല. (ഏ. പി)

—o—

ന്യൂഡൽഹി, ഏ: ൯-ഇന്നു് കൌൺസിൽ ആഫ് സ്റ്റേററിൽ മി. പി. എൻ. സപ്രൂവിൻെറ രണ്ടടിയന്തിരപ്രമേയങ്ങളും ആർഡറിലല്ല എന്നു് പ്രസിഡൻറ പ്രസ്താവിച്ചു. ഇവയിൽ ഒന്നു് സ്റ്റേററുസിക്രട്ടറി സൎവീസിലേക്കു് ആളുകളെ എടുക്കുന്നതും അവരുടെ സേവനവ്യവസ്ഥകളുംസംബന്ധിക്കുന്ന പ്രശ്നത്തെപ്പററി ഹോംമെമ്പരും ഹോംസിക്രട്ടറിയുംചേൎന്നു് സെക്രട്ടറി ഓഫ് സ്റ്റേററുമായി ആലോചിക്കുന്നതു് ശരിയായിരിക്കയില്ലെന്നു ചക്രവൎത്തിതിരുമനസ്സിലെ ഗവൺമെൻറിനെ ഇന്ത്യാഗവൺമെൻറ് ധരിപ്പിക്കാതിരുന്നതിനെപ്പററി ആലോചിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു. (ഏ. പി)

—o—

വാഷിംഗ്ടൻ, ഏ. 6. പസിഫിക്കു്രംഗത്തു എല്ലാ കവചിതസേനകളുടെയും മേധാവിയായി മെക്ആർതറിനെനിയമിച്ചതുമൂലം ജപ്പാനെതിരായുള്ള യുദ്ധത്തിൽ ഒരു സഖ്യകക്ഷി സൎവ്വസൈന്യാധിപനെ തിരഞ്ഞെടുക്കേണ്ടകാൎയ്യം ഇപ്പോഴും ഒരു പ്രശ്നമായി തീൎന്നിരിക്കുകയാണു്. ജൎമ്മനിയുമായുള്ള യുദ്ധം അവസാനിച്ചതിനുശേഷമേ ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാകാനിടയുള്ളുഎന്നു് വാഷിംഗ്ടണിൽ വിശ്വസിക്കപ്പെടുന്നു. ജനറൽ ഐസൻഹോവറിനെ സൎവ്വസൈന്യാധിപനാക്കണമെന്നാണു് മിക്ക ആംഗ്ലോ-അമേരിക്കൻമേലുദ്യോഗസ്ഥന്മാരുടെയുംപക്ഷം.

—o—

കെയിറോ, ഏ. ൬ വത്തിക്കാനിലേയ്ക്കു ഒരു ഈജിപ്ഷ്യൻമന്ത്രിയെ നിയമിക്കാൻ വിദേശകാൎയ്യമന്ത്രി ആലോചിച്ചുവരുന്നു. കെയിറോയിൽ മാർപ്പാപ്പായുടെ പ്രതിനിധിയുണ്ടെങ്കിലും വത്തിക്കാനിൽ ഇതുവരെ ഒരു മുസ്ലിംപ്രതിനിധി ഉണ്ടായിട്ടില്ല. അറബിരാജ്യങ്ങളിലെ നൂതനമായ രാഷ്ട്രീയസംഭവവികാസത്തിൻെറ ഫലമാണിതെന്നു് കരുതപ്പെടുന്നു. (റായിട്ടർ)

—o—

ഒട്ടാവാ, ഏ. 6, ഒരു സാൎവ്വലൌകികസമാധാനകോടതിയെപ്പററിയുള്ള കാൎയ്യങ്ങൾ ചൎച്ചചെയ്യാനായി വാഷിംഗ്ടനിൽവച്ചു് ഏപ്രിൽ 9-ാംനു- ഒരു പുതിയ ഐക്യരാഷ്ട്ര സമ്മേളനം കൂടാനിടയുണ്ടെന്നു് ഇന്നു പ്രസ്താവിച്ചിരിക്കുന്നു. സമ്മേളനത്തിൽ പങ്കുകൊള്ളാൻ ക്യാനഡായേയും ക്ഷണിച്ചിട്ടുണ്ടു്. ബ്രിട്ടൻ, റഷ്യ, യു. എസ്സ്. ചൈന എന്നീ രാഷ്ട്രങ്ങൾചേൎന്നാണു് സമ്മേളനത്തിലേയ്ക്കു ഇതരരാഷ്ട്രങ്ങളെ ക്ഷണിച്ചിട്ടുള്ളതു്.

## ചൈനയുമായി സന്ധിക്കു്

### ജപ്പാൻ നടത്തിയ ശ്രമം

ന്യൂയോർക്ക്, ഏ: ൯—ജൎമ്മനി പരാജയമടയുന്നതിനുമുമ്പുതന്നെ ചൈനയുമായി സന്ധിചെയ്യാൻ ജപ്പാൻ അശ്രാന്തപരിശ്രമംചെയ്തിരുന്നെന്നു് സാൻഫ്രാൻസിസ്ക്കോസമ്മേളനത്തിലെ ചൈനീസ്പ്രതിനിധിസംഘത്തിൻെറ ഉപദേഷ്ടാവായ ഡാ. വെല്ലിംഗ്ടൺ കൂ, ഇന്നു് പ്രസംഗിക്കുകയുണ്ടായി. ചൈനായോടുള്ള ജപ്പാൻെറ മനോഭാവത്തിനു ഒരുകൊല്ലംമുമ്പുമുതൽക്കുതന്നെ വലുതായ വ്യത്യാസം വന്നിട്ടുണ്ടെന്നും, മുമ്പു് താനുമായി കൂടിക്കാഴ്ച നടത്തിയ സമാധാനാപേക്ഷിയായ ഒരു ജാപ്പ് ദൂതനിൽനിന്നും ഈ വസ്തുത ഗ്രഹിക്കാനിടയായെന്നും അദ്ദേഹം തുടൎന്നുപറഞ്ഞു. സന്ധിയിലേർപ്പെടത്തക്ക പോംവഴികളൊന്നും കാണായ്കയാൽ ജപ്പാനു് താൻ എന്തു ഉപദേശംനൽകുമെന്നു് ജാപ്പ്ദൂതൻ ഡാ. കൂവോടു് ചോദിക്കുകയുണ്ടായി. ജാപ്പ്സേനാനികൾചെയ്തിട്ടുള്ള ക്രൂരപ്രവൃത്തികൾക്കെല്ലാം ഒരു പ്രത്യാ[illegible]ത്തം താമസിയാതെതന്നെ ഉണ്ടാകുമെന്നു [illegible] അവരോടു് പറയണമെന്നായിരുന്നു ജാപ്പ്ദൂതനു് അദ്ദേഹംകൊടുത്ത മറുപടി. ഇതുമുതൽ, ചൈനാക്കാരോടു് ജപ്പാൻകാരുടെ പെരുമാററത്തിലുള്ള കാൎക്കശ്യം കുറഞ്ഞുവരുന്നു. (റായിട്ടർ)

—o—

## സപ്രൂക്കമ്മിററിയുടെ പ്രമേയം

o

### ഇൻഡ്യാക്കാരല്ലാത്തവരെ ഇന്ത്യൻ സിവിൽസൎവീസിൽ എടുക്കാൻ പാടില്ല

—o—

ന്യൂഡൽഹി, ഏപ്രിൽ ൯—ഇന്നു് ആലോചനകൾ ഉപസംഹരിച്ച സപ്രൂക്കമ്മിററി വൈസ്രോയിക്കും സ്റ്റേററുസെക്രട്ടറിയ്ക്കും താഴെക്കാണുന്ന പ്രമേയം അയച്ചുകൊടുത്തിരിക്കുന്നു. "കഴിയുന്നതുംനേരത്തെ ഈ രാജ്യത്തു പൂൎണ്ണ സ്വയംഭരണം സ്ഥാപിക്കുമെന്നുള്ള വാഗ്ദാനത്തെ ആദരിച്ചു് ഐ. സി. എസ്സിലേക്കും ഐ. പി. എസ്സിലേക്കും അതുപോലുള്ള മററു സൎവീസുകളിലേക്കും ഇൻഡ്യാക്കാരല്ലാത്ത ആളുകളെ സ്റ്റേററുസെക്രട്ടറി തിരഞ്ഞെടുക്കാൻ പാടില്ലെന്നു് ഈ കമ്മിററി ശക്തിയായി അഭിപ്രായപ്പെടുന്നു. ആവശ്യമുള്ള കാൎയ്യശേഷിയോടുകൂടിയ ആളുകളെ ഇവിടെ ലഭിക്കുന്നതാണു്. കൂടാതെ ഇൻഡ്യാക്കാരല്ലാത്തവരെ എടുക്കുക എന്നതു ഭാവിഭരണഘടനയുടെ പ്രവൎത്തനത്തെ സാരമായി ബാധിക്കയുംചെയ്യും."

—o—

## പ്രതിനിധികളെ അയയ്ക്കുന്നു

o

ബാംബെ, ഏപ്രിൽ ൭—ഹാവനായിൽ വച്ചു നടത്തുന്ന ഇൻറർനാഷനൽ എയർ ട്രാൻസ്പോർട്ടു് ആപ്പറേററന്മാരുടെ സമ്മേളനത്തിലേക്കു് ഇൻഡ്യൻ നാഷനൽ എയർവേസു പ്രതിനിധികളെ അയയ്ക്കുന്നതാണെന്നറിയുന്നു. സമ്മേളനത്തിനു ക്ഷണിക്കപ്പെട്ടിട്ടുള്ള ടാററാ എയർലൈൻസ് പ്രതിനിധികളെ അയയ്ക്കുന്നതല്ല.

—o—

## കാമബാണരസായനം

വിദഗ്ദ്ധനും സുസമ്മതനുമായ ഒരു വൃദ്ധവൈദ്യനാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതും അനേകായിരം മേഹരോഗികളെ ആപൽസന്ധിയിൽനിന്നു വിണ്ടെടുത്തിട്ടുള്ളതും പ്രശംസാസന്ദേശങ്ങൾ ദിനംപ്രതി കിട്ടിക്കൊണ്ടിരിക്കുന്നതുമായ ഈ ദിവ്യൌഷധം മേഹരോഗസംബന്ധമായുണ്ടാകുന്ന അസ്ഥിസ്രാവം, ശുക്ലസ്രാവം, ഉഷ്ണപ്പുണ്ണു്, മേഹപ്പോക്കു്, ര[illegible]ംപോക്കു്, മൂത്രച്ചുടിച്ചിൽ എന്നുവേണ്ടാ സകലവിധ മേഹരോഗങ്ങളേയും നിശ്ശേഷം മാററി ഓജസ്സും തേജസ്സും യുവത്വവും വീണ്ടെടുക്കാൻ പൎയ്യാപ്തമായവയാണു്.

ടിൻ ഒന്നിനു് വില രൂപാ രണ്ടര

മാനേജർ, ബാംബെമെഡിക്കൽഹാൾ കൊല്ലം.

## റൈസമ്മേളനം

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

അമേരിക്കയും ബ്രിട്ടനും തമ്മിൽ വീക്ഷണഗതി സംബന്ധിച്ചുള്ള ഈ വ്യത്യാസം പ്രായേണ എല്ലാ സർവരാഷ്ട്രീയസമ്മേളനങ്ങളിലും ഇപ്പോൾ പ്രത്യക്ഷീഭവിക്കുന്നുണ്ടു്. യുണൈറ്റഡ്സ്റ്റേറ്റ്സിലെ ബാങ്കറന്മാർക്കു ബ്രട്ടൻവുഡ്സ്പദ്ധതി അത്ര പിടിച്ചിട്ടില്ല. അവരുടെ മുഖ്യനേതാക്കന്മാരിലൊരാളായ മി. വിൻത്രാപ് ആൾഡ്രിച്ച്-ഇദ്ദേഹം ചേസ്നാഷണൽബാങ്കിന്റെ പ്രസിഡന്റും റാക്ഫെല്ലറിന്റെ സ്യാലനുമാണ്— വേറൊരു സിദ്ധാന്തം ഉന്നയിക്കതന്നെ ചെയ്തിരുന്നു. 'കീനേഷൻസ് അപ്രോച്ച്' എന്ന ഈ സിദ്ധാന്തത്തിൽ അന്തർഭവിക്കുന്നതു ഡാളറും സ്റ്റെർലിംഗും തമ്മിൽ നേരത്തേതന്നെ മൗലികമായ ഒരു ഒത്തുതീർപ്പുണ്ടാകണം എന്ന ആശയമാണ്. അമേരിക്കൻ ധനകാര്യകേന്ദ്രങ്ങളിൽ ബ്രിട്ടൻവുഡ്സ്സംരംഭത്തെപ്പററിയുള്ള [illegible]ഭിപ്രായം "ലോകത്തിലെ ബാങ്കറന്മാർ ഒന്നിച്ചുചേരുക. നിങ്ങളുടെ മർമ്മപ്രാധാന്യം ഒഴിച്ചു ഒന്നും നിങ്ങൾക്കു നഷ്ടപ്പെടുവാനില്ല" എന്ന ഒരു പുതിയ മുദ്രാവാക്യസൃഷ്ടിയിൽനിന്നു കാണാവുന്നതാണ്. മൗലികകാര്യങ്ങളിലെ യോജിപ്പിനെ സംബന്ധിച്ചിടത്തോളം ചിക്കാഗോ ഏവിയേഷൻകാൺഫറൻസ് അലസിപ്പോയതു് വ്യോമയാനസർവീസുകളെ നിയന്ത്രിക്കുന്നതിനു ഒരു സർവരാഷ്ട്രീയാധികാര സ്ഥാനത്തിന്റെ ആവശ്യകതയെ സംബന്ധിച്ചു ബ്രിട്ടീഷും അമേരിക്കനും വീക്ഷണഗതികൾ തമ്മിലുള്ള ഈ ഒരു വ്യത്യാസംകൊണ്ടാണ്. റൈകാൺഫറൻസിലും ഈ വ്യത്യാസത്തെ മറച്ചുവയ്ക്കുവാൻ വളരെയൊക്കെ ശ്രമം നടന്നു എങ്കിലും അതു മുകളിൽ പൊന്തിവരികതന്നെചെയ്തു. വിശേഷിച്ചും സ്വകാര്യസമൃദ്ധമസാഹസം എന്ന പ്രശ്നംസംബന്ധിച്ചാണു് അതു് അത്യന്തം പ്രകടമായിരുന്നതു്. അമേരിക്കൻപ്രതിനിധിയായ യുണൈറ്റഡ് സ്റ്റീൽകാർപൊറേഷനിലെ മി. വുൾഫ് സ്വതന്ത്രവ്യാപാരസാഹസത്തിന്റെ പ്രാധാന്യത്തിനു് ബ്രിട്ടീഷ് ഡെലഗേഷൻ മതിയായ വിലകല്പിക്കുന്നില്ലെന്നു പ്രസ്താവിക്കയുണ്ടായി സുരക്ഷിതത്വം കാംക്ഷിക്കുന്നവർ സുരക്ഷിതത്വമോ സ്വാതന്ത്ര്യമോ അർഹിക്കുന്നില്ലെന്നുബെഞ്ചമിൻഫ്രാങ്കിളിനെ ഉദ്ധരിച്ചുകൊണ്ടു മി വുൾഫ് പ്രസ്താവിച്ചു. കാര്യങ്ങൾ ഒരു രഞ്ജിപ്പിൽ എത്തിച്ചേർന്നു എങ്കിലും അമേരിക്കനും ബ്രിട്ടീഷും വീക്ഷണഗതികൾ തമ്മിലുള്ള മൗലികമായ വ്യത്യാസം മറച്ചുവയ്ക്കുവാൻ കഴിവുണ്ടായില്ല.

നേഷൻസ്തമ്മിലും ഉല്പാദകസംഘടനകൾ തമ്മിലുമുള്ള വാണിജ്യനയം മുതലായ പ്രശ്നങ്ങളെസംബന്ധിച്ചു ഇതുപോലെയുള്ള വീക്ഷണവ്യത്യാസം പ്രത്യക്ഷമായിരുന്നു. ബ്രിട്ടീഷ്പ്രതിനിധിസംഘം വിവിധകക്ഷി വാണിജ്യസിദ്ധാന്തത്തെ അനുകൂലിച്ചെങ്കിലും സാമ്രാജ്യമുൻഗണനകൾ മുതലായ നയങ്ങൾസംബന്ധിച്ചു സംരക്ഷണങ്ങൾ ആവശ്യപ്പെട്ടു. അററ്ലാൻറിക് ചാർട്ടറിന്റെ ർ-ാംവകുപ്പും മ്യൂച്ചുവൽ എയിഡ് എഗ്രിമെൻറിന്റെ ൭-ാമതു വകുപ്പും അംഗീകരിച്ചിട്ടുള്ളതു് ബ്രിട്ടൻ 'തങ്ങളുടെ നിലവിലിരിക്കുന്ന ബാധ്യതകൾ മാനിക്കപ്പെട്ടും' എന്ന വ്യവസ്ഥയ്ക്കു വിധേയമായിട്ടാണെന്നു ബ്രിട്ടീഷ്പ്രതിനിധികൾ വാദിച്ചു. ഈ ബാധ്യതകളുടെ കൂട്ടത്തിൽ ആട്ടവാക്കരാറും ഉൾപ്പെടുന്നു. അമേരിക്കൻ പ്രതിനിധിസംഘത്തിനു ഈ നില സ്വീകാര്യമായിരുന്നില്ല. എന്നിരുന്നാലും, യു. എസ്. ഗവമ്മെൻറ് ഉയന്ന താരിപ്പുകൾ ഏപ്പെടുത്തിയിട്ടുണ്ടെന്നുമാത്രമല്ല, പരുത്തി, ഗോതമ്പു ഇവയുടെ കയററുമതിക്കു ധനസഹായം നൽകുവാനുള്ള ഉദ്ദേശം പ്രഖ്യാപിക്കയും ചെയ്തിട്ടുണ്ടു്. വിലകൾ എപ്പോഴും ഉയന്നതോതിൽ നിത്തുന്നതിലേക്കായുള്ള ഉൽപാദകസംഘങ്ങൾ എന്നതു സാമാന്യനായ അമേരിക്കനെ സ്തോഭിപ്പിക്കുന്ന, ഭ്രാന്തു പിടിപ്പിക്കുകതന്നെ ചെയ്യുന്ന, ഒരു വിഷയമാണ്. ആ വാക്കു കേൾക്കുമ്പോൾ അയാളുടെ മനസ്സിലുദിക്കുന്നതു് ഉപഭോ[illegible]ാവിന്റെ ര[illegible]ം വാന്നെടുക്കയും ദുർബലരായ മത്സരക്കാരെ സംഹരിക്കയും ഗവണ്മെൻറുകളെ അനുശാസിക്കയും സർവരാഷ്ട്രീയശുദ്ധാലോചനയ്ക്കു പിതൃത്വം വഹിക്കയും ചെയ്യുന്ന ഒരു ഘോരരാക്ഷസന്റെ ചിത്രമാണ്. ആയാളെ സംബന്ധിച്ചിടത്തോളം അതു മുതലാളിത്വകുത്തകയുടെ ഒരു ചിഹ്നമാണ്, സ്വതന്ത്രസാഹസബുദ്ധിയുടെ നിഷേധമാണ്. അതുകയാൽ ചെറുതരം വ്യാപാരോദ്യമികളും സാമാന്യജനങ്ങളും ആ വിധ സംഘങ്ങളെ എതിക്കുന്നതിനായി ഒന്നിച്ചുകൂടുന്നു. അവയെ അവർ ഉല്പാദകനും ഉപഭോ[illegible]ാവിനും ഒന്നുപോലെ നാശകരമായി കരുതുന്നു. നേരെമറിച്ചു ഇക്കാര്യത്തിൽ ബ്രിട്ടീഷുസമൃദ്ധമി ഏറെക്കുറെ ഒരു മധ്യനിലയാണു് അവലംബിക്കുന്നതു്. 'യാഥാർത്ഥ്യബോധത്തോടുകൂടിയ മനോഗതി' എന്നാണു ഇതിനെ ആയാൾ വിവക്ഷിക്കുന്നതു്. ഇത്തരത്തിൽപെ 'നല്ല'സംഘങ്ങളും 'ചീത്ത'സംഘങ്ങളും ഉണ്ടെന്നാണു് ആയാളുടെ വാദം. നല്ലസംഘങ്ങൾ ഉല്പാദനത്തെയും വിലകളെയും ക്രമീകരിക്കുന്നു എന്നും ചീത്ത സംഘങ്ങളുടെമേൽ നിയന്ത്രണങ്ങൾ ആവശ്യമാണെന്നും ആയാൾ വാദിക്കുന്നു.

മററു സർവരാഷ്ട്രീയസമ്മേളനങ്ങളുടെ വിഷയത്തിലെന്നപോലെ ഇൻറർ നാഷനൽ ബിസിനസ് കാൺഫറൻസും മുഖ്യമായി യു എസ്. ബ്രിട്ടൻ ഇവയുടെ നിയന്ത്രണത്തിനും പ്രാബല്യം ചെലുത്തലിനും വിധേയമായിരുന്നു. ഇരുവക്കും അവരവരുടെ പാർശ്വവത്തികളും മിത്രങ്ങളുമുണ്ടായിരുന്നു. യുണൈറ്റഡ്സ്റ്റേറ്റ്സാണെങ്കിൽ ലാററിൻ അമേരിക്കൻ രാജ്യങ്ങളെയും ചൈനയെയും സ്വപക്ഷത്തു നിത്തുവാനും പ്രീണിപ്പിക്കുവാനും എപ്പൊഴും ഉൽക്കണ്ഠ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. യുണൈറ്റഡ് കിംഗ്ഡത്തിനാണെങ്കിൽ അതിന്റെ കൂട്ടത്തിൽ ബ്രിട്ടീഷ് ഡൊമിനിയൻ രാജ്യങ്ങൾ മാത്രമല്ല, ഈജിപ്ത്, ഇറാക്ക് മുതലായ രാജ്യങ്ങളുമുണ്ടു്. ഇതിനുംപുറമേ യൂറോപ്പിലെ കൈവശരാജ്യങ്ങൾ ഓരോന്നും യുണൈറ്റഡ് സ്റ്റേറ്റ്സിനോടോ യുണൈറ്റഡ് കിംഗ്ഡത്തോടൊ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ കടപ്പാടുള്ളവയാണ്. എല്ലാ കാര്യങ്ങളിലും ഒരു സ്വതന്ത്രമായ ക്രിയാപദ്ധതി സ്വീകരിപ്പാനുള്ള കഴിവും അവയ്ക്കില്ല. വാസ്തവത്തിൽ നാർവേ, ഹോളണ്ടു്, പോളണ്ടു് സെക്കൊസ്ലവേക്യാ, യുഗോസ്ലേവിയാ മുതലായ നിരവധി കൈവശരാജ്യങ്ങളുടെ പ്രതിനിധികൾ ജർമ്മനിയുടെ പ്രവേശകാലത്തു സ്വന്തം നാടുവിട്ടു പോരേണ്ടിവന്നവരും ചില കൊല്ലങ്ങളായി യുണൈറ്റസ്സ്റ്റേറ്റ്സിൽ കഴിഞ്ഞുപോരുന്നവരുമാണ്. ഫ്രഞ്ചുപ്രതിനിധിസംഘം പാരിസിൽനിന്നു വിമാനമാർഗ്ഗം റൈയിൽ എത്തിച്ചേന്നതു കാൺഫറൻസിന്റെ രണ്ടാംദിവസമാണ്. ചൈനയും സൗത്തമേരിക്കൻ രാജ്യങ്ങളും സമ്മേളനത്തിൽ സജീവമായി പങ്കുകൊണ്ടിരുന്നില്ല നടപടികൾ മിണ്ടാതെ വീക്ഷിച്ചുകൊണ്ടിരിക്കയും രണ്ടോ മൂന്നോ സന്ദർഭങ്ങളിലൊഴികെ യു. എസ്സി-നെനിശ്ശബ്ദം അനുകൂലിക്കയുംചെയ്യാൻ മാത്രമാണു് അവർ ഏറിയകൂറും ഇഷ്ടപ്പെട്ടതു്.

കാൺഫറൻസിന്റെ മുമ്പാകെയുണ്ടായിരുന്ന സുപ്രധാന പ്രശ്നങ്ങളെസംബന്ധിച്ചു ഇന്ത്യൻപ്രതിനിധികളുടെ മനോഭാവം എന്താണെന്നുള്ളതു് അവരുടെ പ്രസ്താവനകളെയും പ്രസംഗങ്ങളെയും സംബന്ധിച്ചുള്ളപത്രറിപ്പോർട്ടുകളിൽനിന്നു പരക്കെ അറിവായിക്കഴിഞ്ഞിട്ടുണ്ടു്. താമസിയാതെ അവരുടെ റിപ്പോർട്ടു പ്രസിദ്ധീകൃതമാവുമ്പോൾ അതു് ഒന്നുകൂടി വിശദമാകുന്നതുമാണ്. സർവരാഷ്ട്രീയ സാമ്പത്തികലോകത്തിൽ ഇന്ത്യയുടെ സ്ഥാനം എന്നതിനെ സംബന്ധിക്കുന്ന ചില മുഖ്യവശങ്ങളെപ്പററി അടുത്തതായി പ്രതിപാദിക്കണമെന്നാണുദ്ദേശം.

(കാപ്പിറൈററ്, നാഷണൽ പ്രസ്സ് സിൻഡിക്കേററ് ഇന്ത്യം.)

—o—

ആയുർവ്വേദത്തിന്റെ
അത്ഭുതസിദ്ധികളിലൊന്നായ

# അമൃതകൽപം

ആരോഗ്യവും, ഓജസ്സും, ഊർജ്ജസ്വലതയും
അതിശീഘ്രം കൈവരുത്തുന്ന ഒരു വിശിഷ്ടകല്പം.

പേരുപറയാനൊരു രോഗമില്ല, എങ്കിലും ആരോഗ്യമില്ല; രോഗമെല്ലാം ശമിച്ചു, എന്നാൽ ശരീരബലം അശേഷമില്ല; ചെറുപ്പമാണ്, പക്ഷേ, ഒരിക്കലും ഒരുന്മേഷമില്ല; ഇങ്ങനെയുള്ള അവസ്ഥകളിൽ

## അമൃതകല്പം

വിലതീരാത്ത ഒരനുഗ്രഹമായിരിക്കും.

ശരീരപുഷ്ടി, അംഗസൗഷ്ഠവം, ദൃഢഗാത്രത, വീര്യവൃദ്ധി എന്നിവയും, വർണ്ണശോഭ, സ്വരമാധുര്യം, ദൃഷ്ടിപ്രസാദം, സുഖനിദ്ര എന്നിവയും, ബുദ്ധിപ്രസാദം, ധാതുപ്രസാദം ഊർജ്ജസ്വലത എന്നിവയും അനായാസേന സമ്പാദിച്ചുതരുവാൻ അമൃതകല്പത്തിനുള്ള കഴിവു് സുപ്രസിദ്ധമാണ്.

അനവധി മഹത്തുക്കളുടെ മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചിട്ടുള്ള ഈ സിദ്ധൗഷധത്തിനു്

1 റാ ടിൻ ഒന്നുക്കു് 5-രൂപാമാത്രം.

ഉടൻ അപേക്ഷിക്കുക:— പാക്കിംഗും പോസ്റ്റേജും പുറമേ.

മാനേജർ, ശ്രീ വാഗ്ഭടാശ്രമം കൊല്ലം.

## വസ്തുക്കൾ വില്പാനുണ്ട്

രണ്ടിൽശിഷ്ടം ഏക്കർമുതൽ നാലിൽശിഷ്ടം ഏക്കർവരെ വിസ്തീർണ്ണമുള്ള നാലു വിളപ്പുരയിടങ്ങളും, ഒന്നേമുക്കാൽ ഏക്കറോളം വിസ്തീർണ്ണമുള്ള ഒരു തെങ്ങിൻപുരയിടത്തിന്റെ ഒററികഴിക്കണബാദ്ധ്യതയും (മൊത്തമായും പ്രത്യേകം പ്രത്യേകമായും) വിൽക്കാനുണ്ടു്. തെങ്ങിൻപുരയിടത്തിൽ പ്ലാവു്, മാവു്, കമുകു് മുതലായി ഫലപുഷ്ടിയുള്ള മററു വൃക്ഷങ്ങളുമുണ്ടു്. ഏലായുടെ കരയിൽ കിഴക്കോട്ടു ചരിഞ്ഞ ലക്ഷണമൊത്ത പുരയിടമാണ്. രണ്ടു വിളപ്പുരയിടങ്ങളിൽ ധാരാളം കായ്ഫലമുള്ള ഇരുനൂറോളം പറങ്കിമാവുകളുണ്ടു്. കൊട്ടാരക്കര നെടുവത്തൂർ തെക്കുപടിഞ്ഞാറു ചാന്തൂർ ക്ഷേത്രത്തിനുസമീപമാണു വസ്തുക്കൾ. കൊല്ലം-ചെങ്കോട്ട റോഡിൽ ൩൨-ം, ൩൩-ം മൈൽക്കററികൾക്കുമദ്ധ്യേ തുടങ്ങുന്ന വില്ലേജ് റോഡുവഴി ഒരു മൈലോളം ദൂരമുണ്ടു്.

രണ്ടു വിളകളിൽ വണ്ടിയും ലാറിയും ചെല്ലുമെന്നുള്ളതുകൊണ്ടും പല അഞ്ചലാഫീസുകളിലേയും കൂലിക്കാരുടെ കേന്ദ്രസ്ഥലങ്ങൾക്കു മദ്ധ്യത്തിലായതുകൊണ്ടും അവ അഞ്ചലാഫീസിനു സൌകര്യമുള്ളവയാണെന്നു പലർക്കും അഭിപ്രായമുണ്ടു്.

ശ്രീമാൻ സി. എൻ. കൃഷ്ണപിള്ള,

വക്കീൽ, കൊട്ടാരക്കര.

## യാചകൻ

—൦—

(പൈനാപ്പള്ളിൽ
നാരായണൻനായർ, മഞ്ഞൂർ.)

ദീനദീനം പടിവാതൽതോറുംനട-
ന്നേവംവിളിക്കുന്നതെന്തിനെൻ സോദരാ?
കണ്ണുനീരെത്രമേൽ നീയൊഴുക്കീടിലും
കണ്ണില്ലകാണാൻ ജഗത്തിനുകഷ്ടമേ!...
നീയെന്തുരച്ചുപോയ്, 'കാരുണ്യമോ',- (കൊട്ടം-
പോയ,ഹോ! നീയതിനർത്ഥനോ, (യാചകാ!?
എന്നല്ലയീലോകമൂഴിയിലതിലൊരു
ബിന്ദുവുമില്ലിന്ന,ശേഷം വരണ്ടുപോയ്.
ലോകംഗണിക്കുമോ നിസ്വനാം- (നിന്നെ,?നീ-
യാകെക്കരിഞ്ഞൊരു കണ്ഠിലെപ്പാം- (ഴ്ത്തുന്നം.
നിർദ്ദ്യൻസമുദായദൃഷ്ടിയിൽ, ദാരിദ്ര്യ-
കണ്ടകംനീ, പരിഹാസ്യൻ, പരാജിതൻ!!
വമ്പേററസൌഭാഗ്യഹർഷങ്ങളാകുമ്പിട്ടം
സമ്പന്നരുള്ളതാണീലോകമോർക്കണം.
പൊൺതേരക്കങ്ങളാകൊണ്ടുനീയെ- (ന്നിനം
സംഗീതമാധുരിയിലേക്കുന്നപത്രുതി.
എന്നമെളിമതൻമെയലിയിൽ കാൽവച്ചു-
നിന്നിടണൊന്നീജഗത്തിനുകെട്ടുകം.
വിണ്ണണിപ്പൂന്തണൽ തേടിനീപൊള്ളുമീ-
വന്മരുഭൂവിലലയുന്നു, വിസ്മയം
നീകരയുന്നോസഹോദരാ? നിൻശോക
ലോകംനേകമാതൻ വാതലടഞ്ഞുപോയ്.
ക്രൂര്യാന്തരാബലമായമീപരിഷ്കൃത-
ധാത്രിക്കനാഥ്യമോനിന്നെത്തലോട്ടുവാൻ?
നൈരാശ്യമാം സഹചാരിണിതൻമട-
ത്തട്ടിൽതലവച്ചു നീ കണ്ണടയ്ക്കണം
വീർപ്പുകൾകൊണ്ടീവനികയിൽ ദുർഗന്ധ-
മേററാതെനീയിക്ഷണം മരിച്ചീടണം.
ജന്മാർക്കരാത്രുകണം നഷ്ടമായിട്ടും
വിങ്ങിനിൻപ്രാണൻ പിടഞ്ഞുപോകെ- (യൊഴും?!

—൦—

## മാനിനി

—൦—

(ചെന്നക്കാട്ടു, ശ്രീധരൻപിള്ള)

'അരുണോദയത്തിൻ കിരണമേ! നീ
ഞെറിയാതെരികിലണഞ്ഞതെന്തേ?
അരു,തരു,തായിരം ചുംബനങ്ങൾ
കരുതരുതെ നൽകാനെന്തുണ്ടോ ടേണ്ട.

വെറുമൊരുപുഷ്പമാം ഞാൻ, ഭവാനോ
നിറകതിരാകാശചാരിയല്ലേ?
ചെറുമുളകൾച്ചുകൾ ചിന്തയാതെ
ചാപമതിമട്ടിക്കുവാൻ വന്നതെന്തേ?

കിരണമേ! നീയെന്നരികിൽനിൽക്കെ,
തരണീയമെല്ലാം മറന്നുപോയ് ഞാൻ
തളതെല്ലെൻജീവിതം പാഴിലാക്കാൻ
തരയ കൺഞെട്ടററു വീഴുവോളം.

വികസിച്ചുപോയതെൻ കാറമല്ല;
ഒഴിവില്ലെനിക്കിനിത്തൊട്ടമാവാൻ
പിക്കവുററിങ്ങളുമേവമായാൽ
തകതരലഞ്ഞു വലഞ്ഞുപോകും.

അളികളം, ചെറുമക്കളുത്തരായോ-
ളികിൽ ഉന്നലെ ബ്രഹ്മണ്ടം
ഹാവ,രാത്തേന്നിമാർക്കണെയും
അവമാനഭാരം സഹിക്കയില്ല.

വലിയോരുതകാറിൻ കരുപ്പിനുള്ളിൽ
മറയും മാകാശ ചക്രവർത്തി
അധികാരംതിപ്പീക്കം കീഴമർന്നേ-
ന്നയാതിരിക്കണം നീങ്ങളെങ്കിൽ.

വലിയവർവീണ്ടും വലയിലായാൽ
വലയാതെ ലോകത്തിലില്ലൊരാളും
ഇളകിയൊരു കാററടിച്ചുവെന്നാൽ
ഇലകളിലെന്നെ മറയ്ക്കുമെങ്കിൽ!"

കിരണത്തനാനനം മഞ്ഞളച്ചു
മലരിന്റെവാക്കുകൾ കേൾക്കവേ ലം
ഹൃദയംമറച്ചു മധുരമായി
കളവെങ്കിലുമവനോതിയേവം:—

"തരളമിഴിയാളേ തരളയെന്നി-
ചഞ്ചലചിത്തനായ് ഞാൻ നടന്നു
അവളുംബരംവിട്ടണഞ്ഞതാവാം
ഭവതിയെന്നോർത്തതാണെൻകുററം.
അറിയാതെവന്നോരബദ്ധമല്ലേ?
അറിവുള്ളസോദരീ! മാപ്പുനൽകൂ."

—൦—

## രാക്കുയിൽ

൦

(പുളിമാന, പരമേശ്വരൻപിള്ള)

പാരിന്നടക്കളം രാവിൽഭയങ്കരം
നായുംനേരിയും നരകനോവും;
പാരിന്നടക്കളം രാവിൽഭയങ്കരം
പേയുംചതിയും ചതഞ്ഞഹൃത്തും;
നീരംനിരാശകൾ, നിശ്വാസലക്ഷങ്ങൾ
നീരുവററിപ്പോയ ജീവിതങ്ങൾ;
തട്ടിത്തകർന്നകിനാവുകൾ, അങ്ങിങ്ങായ്
പൊട്ടിയൊലിക്കും ഹൃദയരക്തം;
പാതിരചിച്ചകഥകൾ, അനാഥമാം
പൂതാന്തരംഗത്തിൻ വാഗ്ദാനങ്ങൾ:—
പാരിന്നടക്കളമേവം ഭയാനകം
നേരുംനെറിയും നശിക്കയാലേ.

2

ക്രൂരതാമത്തങ്ങിയ പാരിന്റെഹൃത്തിലീ
നേരിയസംഗീതമെങ്ങുദിപ്പു?
ഇക്കൊടുംരാവിന്റെ മോഹത്തളച്ചയിൽ
ഇക്കാവ്യമെങ്ങുനിന്നുതിരുവിപ്പു?
നേരിന്റെനേരിയ നിശ്വാസല്ലല്ലീ-
നാവൃതമിന്നോരു നീതിയല്ലീ?...
നിഷ്ഠുരമാമിപ്രപഞ്ചം പൊടുന്നനെ
വിശ്വവമോഹനഗാനമായി!...
നിഷ്ഠുരഭീതികൾ ചൂഴമിപ്പാരിടം
നിസ്തുലഗാനസംസിക്തമായി!

3

ഏതോമരത്തിന്റെ പച്ചിലക്കൊമ്പിൽ
പാതിമറഞ്ഞു വസിക്കയാവാം [നീ
വാനിൽചരിക്കും ചിറകുള്ളക്കൂട്ടരിൽ
ഇന്നിന്നെയും ചിലരെണ്ണിയേക്കാം;
പാരിന്റെശോകാർദ്രചിന്തകളൊക്കെയും
നേരിയസംഗീതമായിമാററും
ദിവ്യതേ!നിന്നെഞാനെന്തു വിളിക്കുവാൻ.
അവ്യാജപ്രേമത്തിൻസത്തയെന്നോ?

4

പറ്റുക,പറ്റുകീതിങ്ങുംതിമിരത്തി-
ലിത്തിരിയെങ്കിലലിഞ്ഞതലായി;
പാരിൻപരാജിതലക്ഷത്തിൻസ്നേഹ-
ഭരതൈരളുമകന്നാലായി...
അന്ത്യമായ്മിഴിരണ്ടുമടയുന്നൊ-
രന്തിയിൽമന്നനം നൊന്തിടാതെ,
ഏകാന്തഗായകാ! നിൻമഞ്ജുഗാനത്തി-
ശോകമധുരിമവാന്നിടാവൂ!! [ൻ-

—൦—

## പരാതി

൦

(നന്താവനം ബാലകൃഷ്ണൻനായർ)

നിഴലുകളിഴഞ്ഞിഴഞ്ഞങ്ങുമാറുമ്പൊഴും,
നിറകതിർപൊഴിച്ചിട്ടാരോ ക്കുമ- [മ്പൊഴും
പകൽമുഴവനത്യന്തജോലിചെയ്ത ത്ത- [രായ്
പറവകൾസുഷുപ്തിയിൽസൌന്ദര്യമാളുമ്പോ-
ഴുതിനകരനാലിത്തൂവളർഗ്ലീയാൽ [ഴും
മഹിയിലൊരുമായാത്തകാന്ത ചാർത്തു [മ്പൊഴും
കവനകസുമങ്ങളും കാണിക്കവെച്ചൊരു
കവിയിവനിക്കുന്നീയരക്കുംവെ
പതുമയുടെപച്ചയാം പൂപ്പലർകാലമ-
ഞ്ഞിരിമുകളുത്തുവന്നത്താംഗംകുളത്തവെ!
കിളികളിന്മന്ദമഞ്ജുളഗീതംപൊഴിക്കുമ്പൊ
ളളികളുടെകേട്ടൂടററവാനൊരുക്കും
പ്രകൃതയുടെവൃത്തുംതുടിക്കവെ!ലോകമ-
സ്തൃതസുരഭിസൌരഭം സേവിച്ചീടവെ!
വിവശമൊരുപൂമസ്സെപ്പനാളായിനിൻ
വിഭവസുലഭംലയ കാണാൻകൊതിക്കുന്നു.
നിമിഷനിമിഷങ്ങളായ്‌രാവകന്നുജ്ജ്വല-
പ്രഭവിതമോമപ്രഭാതംവരുമ്പൊഴും
തപനനതിചണ്ഡമഞ്ചത്തി ജഗത്തിനെ
തരളതരദീപ്രമായ കാണിച്ചിട്ടുമ്പൊഴും
നെടിയനിഴലാകരവൈപുല്യമാന്തര-
ഞൊടിയിട ഇലക്കാസ്സിസ്ഥ്വിതാഴവെ
കരകളായാതെയിമ്മായയിൽതങ്ങിഞാൻ
കരയുവതുമിന്നാരികാണുന്നതില്ലയോ?
പരമപരപാവനാ നിൻപ്രഭാസഞ്ചയ-
ത്തിരമയിലെമരപ്പമെന്നാശ്വസിച്ചെ-
ങ്കിൽഞാൻ
പരിധിയിയലാത്തൊരെൻപാവനപ്രേ-
മമെ
പരിമിതിമിടവേജാവിപുണ്യപൂരായിതം.

—൦—

ഒരു ജീവിതമാർഗ്ഗമരപ്പിച്ച്

# നാവിക സേനയോട്ടു കൂടി ലോകം കാണുക




**ഒരു സീമെൻആയോ സ്റ്റോക്കർ ആയോ ചേരുക:-**

നാവികസേനയിലെ ജീവിതം ഒരു മനുഷ്യന്റെ മനസ്സിനെ വികസിപ്പിക്കയും, ആരോഗ്യപരവും, അനുകൂലവുമായ പരിതസ്ഥിതിയിൽ ശരീരത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ശമ്പളം കാമ്യമാണ്. കൂടാതെ സ്വച്ഛമായ ഭക്ഷണം, വസ്ത്രം, വിദഗ്ദ്ധ വൈദ്യസഹായം ദന്തചികിത്സ ഇവയും സൗജന്യമായി നൽകുന്നതാണ്.

സീമെനെയും, സ്റ്റോക്കർമാരേയും അടിയന്തിരമായി ആവശ്യമുണ്ട്. യുദ്ധാനന്തരം ശ്രേഷ്ഠമായ ഒരു സ്ഥാനത്തിന് കൂടുതൽ അർഹതയുണ്ടാക്കുന്നതും, അഭിവൃദ്ധികരവും രസമുള്ളതുമായ ഒരു ജീവിതമാർഗ്ഗം നേടാനുള്ള സുവർണ്ണാവസരം ഇപ്പോൾ ഉണ്ട്.

ഉടൻതന്നെ നിങ്ങളുടെ ഏററവും അടുത്തുള്ള റിക്രൂട്ടിംഗാഫീസിലേക്കപേക്ഷിക്കുക.

**യോഗ്യതകൾ :-** അപേക്ഷകർക്ക് ഇംഗ്ലീഷോ ഉർദുവോ എഴുതാനും വായിക്കാനുമുള്ള അറിവും, ശതമാനം, ശരാശരി, ക്ഷേത്രഫലം ഇവയിൽ സാമാന്യകണക്കുകൾ ചെയ്യാനുള്ള കഴിവുമുണ്ടായിരിക്കണം നല്ലകായബലമാവശ്യവും വയസ്സ് 17½ക്കും 24നും മദ്ധ്യേ ആയിരിക്കയും വേണം.

**സീമെൻ** രാജകീയ ഇന്ത്യൻനാവികസേനയിൽ സീമെൻ യോദ്ധാക്കളുടെ സ്ഥാനം വഹിക്കുന്നു സീമെന് അവരുടെ പല പ്രധാനചുമതലകളുടെ കൂട്ടത്തിൽ, കപ്പലിന്റെ ചുക്കാൻ പിടിക്കുന്നതിനും, ബോട്ടുകൾ തൊഴകൊണ്ടും പാകെട്ടിയും, യന്ത്രശക്തിയാലും ഓടിക്കുന്നതിനും, ടാർപിഡോ ഉപകരണങ്ങൾ നടത്തുന്നതിനും, തോക്കുകൾ ഉപയോഗിക്കുന്നതിനും അറിവുണ്ടായിരിക്കേണ്ടതാണ്.

**സ്റ്റോക്കേർസ്** സ്റ്റോക്കറന്മാർ യുദ്ധം ചെയ്യുന്ന റേററിംഗുകളാണ് അവരെ കപ്പലിലെ എൻജിൻമുറിയിലും ബോയിലർമുറിയിലുമാണ് ജോലിയിലേപ്പെടുത്തുന്നത് ജോലി രസകരമാണ്. കല്ക്കരിയോ എണ്ണയോകൊണ്ട് എരിക്കുന്ന ബോയിലർ, പമ്പ്, മോട്ടാർബോട്ട് മുതലായ യന്ത്രങ്ങൾ പ്രയോഗിക്കേണ്ടതുകൊണ്ട്, നല്ല വിശ്വസ്തരായ ആളുകൾക്ക് മാത്രമെ സ്റ്റോക്കർമാരായി പരിശീലനം കൊടുക്കുകയുള്ളു.

ശമ്പളം ചേന്ന ഉടനെ റേററിംഗുകൾക്ക് പ്രതിമാസം 40/-ക ശമ്പളം നല്കുന്നു. സ്ഥിരശമ്പളത്തിനു പുറമെ എല്ലാവർക്കും വിവിധങ്ങളായ അലവൻസുകൾ ലഭിക്കുന്നതുകൊണ്ട് ശമ്പളതുക കൂടുന്നതാണ്.

ചുമതലാബോധവും നേതൃത്വവും പ്രകടിപ്പിക്കുന്നവർക്ക് ശമ്പളക്കൂടുതലോടുകൂടി ഉദ്യോഗകയററം കിട്ടുന്നതാണ്.

യുദ്ധത്തിനു ശേഷവും, നാവിക പരിശീലനം സിദ്ധിച്ചവർക്ക് തീർച്ചയായും പ്രത്യേക അനുകൂലങ്ങൾ സിദ്ധിക്കുന്നതാണ്. നാവികസേനയിലെ സേവനംകൊണ്ട് ലഭിക്കുന്ന പരിശീലനവും പരിചയവും അവരെ സിവിൽ ജീവിതത്തിൽ വിജയകരമായ ഒരു സ്ഥാനത്തിനു യോഗ്യരാക്കുന്നതാണ്. പിരിച്ചു വിട്ടശേഷം നാവികസേനയിൽ സേവനത്തിലിരുന്നവർക്ക്, സർക്കാർ ചിലവിൽ തിരഞ്ഞെടുക്കപ്പെട്ട തൊഴിലുകളിലും ജോലികളിലും പ്രത്യേകപരിശീലനം നല്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്. നാവിക സേനയിൽ ജോലിയിലിരിക്കുന്നകാലത്ത് അവരുടെ കുടുംബത്തിന്റെ സുഖസൌകര്യങ്ങൾ സിവിൽ ലയിസൻ ആഫ്ഫീസർ ശ്രദ്ധിക്കുന്നതാണ്.

**രാജകീയ ഇന്ത്യൻ നാവിക സേന**

കൂടുതൽവിവരങ്ങൾക്ക ചുവടെചേർക്കുന്ന ലിസ്റ്റിലുള്ള ഏതെങ്കിലുമൊരു ആഫീസിലേക്കപേക്ഷിക്കുക.

തിരുവനന്തപുരം—റെയിൽവേസ്റ്റേഷൻ റോഡ്
എറണാകുളം—ക്ലബ്ബ് റോഡ്.
ക്യാനന്നൂർ—ആർ. ഐ. എ. എസ്. സി. ലൈൻസ്

AAA 119 ML

൧൧൧ ദിവസത്തെ ആട്ടക്കഥകൾ

വില രൂപാ ൧ൽ മാത്രം.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്—കൊല്ലം.

# സംസ്കൃതവിദ്യാഭ്യാസം

ശ്രീമത് ആഗമാനന്ദസ്വാമികൾ

ഈമാസം ൧ർ-ാംതീയതി കുമാരനല്ലൂർ സംസ്കൃതസ്കൂൾ വാർഷികയോഗത്തിൽചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൻെറ ചുരുക്കം.

എനിയ്ക്കു മലയാളസാഹിത്യത്തിലെ ഗ്രന്ഥങ്ങളുമായി വളരെ കുറച്ചേ പരിചയമുള്ളു. അതു എൻെറ കുററമല്ല. ജോലിത്തിരക്കനിമിത്തം. വായിക്കാൻ സമയം കിട്ടാറില്ല. ഒരു സന്യാസിയുടെ അത്യാവശ്യാനുഷ്ഠാനങ്ങൾക്കുതന്നെ സമയം പോരാതെയാണിരിക്കുന്നതു്. അതുകൊണ്ടു മലയാളത്തിലെ ഇന്നത്തെ സാഹിത്യത്തെപ്പററി എനിക്കു് അഭിപ്രായം പറയാൻ ശരിയായ അധികാരമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും പ്രാസംഗികന്മാരിൽ ഒരാൾ പുരോഗമനസാഹിത്യത്തെപ്പററി പറഞ്ഞുകേട്ടതിൽ എനിയ്ക്കുതോന്നുന്നഅഭിപ്രായം ഞാൻ പറയുന്നു. പുരോഗമനസാഹിത്യമെന്നാൽ പുരോഗമനത്തിനായിട്ടുള്ള സാഹിത്യമെന്നോ പുരോഗമനത്തെ കുറിയ്ക്കുന്ന സാഹിത്യമെന്നോ ആയിരിക്കാം അ സാഹിത്യത്തെപ്പററി പറയുന്നവർ ഉദ്ദേശിക്കുന്നതു്. അങ്ങനെയാണെങ്കിൽ വാല്മീകിയുടെ രാമായണവും കാളിദാസൻെറ ശാകുന്തളവും തുളസീദാസൻെറ രാമായണവും വ്യാസൻെറ മഹാഭാരതവും ഭാഗവതാദി പുരാണങ്ങളും പുരോഗമനസാഹിത്യത്തിൽപെടുമെന്നു ഞാൻ തീർത്തുപറയുന്നു. ഇവയൊന്നും മനുഷ്യൻെറ അധോഗമനത്തിനായിട്ടല്ല ഉണ്ടായിട്ടുള്ളതു്. സർവ്വോപരി ഋഗ്വേദവും ഉപനിഷത്തുകളും വൈദികസാഹിത്യത്തിൽ ഒന്നാംതരം കവിത കാണാൻകഴിയും. 'വാക്യം രസാത്മകം കാവ്യം' എന്ന ലക്ഷണം അനവധിമന്ത്രങ്ങൾക്കു ശരിയായിചേരും. അലങ്കാരങ്ങളാണെങ്കിൽ വളരെ ഭംഗിയായി പല ദിക്കിലും പ്രയോഗിച്ചിട്ടുണ്ടു്. വൈദികമന്ത്രങ്ങൾ വെറും ശുഷ്കങ്ങളാണെന്നു് ചിലക്കു തോന്നിയേക്കാം അതു അവയിലുള്ള സൗന്ദര്യംകാണാൻ ശക്തിയില്ലാത്തതുകൊണ്ടാണു്. സൌന്ദര്യം വെളിയിലല്ല ഇരിക്കുന്നതു്. കാണുന്നയാളിൻെറ മനസ്സിലാണതിരിക്കുന്നതു്. രുചിയും അങ്ങനെതന്നെ. എഴുപത്തിയഞ്ചു വയസ്സായ വല്യമ്മയിൽ എൺപതുവയസ്സായ ഒരു മൂപ്പീന്നു് സർവ്വാംഗസൗന്ദര്യം കണ്ടുവെന്നും സൌന്ദര്യം എവിടെയാണെന്നു ചോദിച്ച ജഡ്ജിയോടു് "എൻെറ കണ്ണെടുത്തു് അവിടത്തെ കണ്ണിൽവച്ചു നോക്കണെ"മെന്നു പറഞ്ഞതായും ഒരു കഥയുണ്ടു്. സ്ത്രീകളിൽ പുരുഷന്മാർ എത്രയോ സൗന്ദര്യം കാണുന്നു; അവരുടെ സൌന്ദര്യത്തെപ്പററി കവികൾ എത്ര വർണ്ണിക്കുന്നു? എന്നാൽ ഈ ശ്ലോകം നോക്കുക.

ശ്ലേഷ്മോദ്ഗാരിമുഖംസ്രവന്മലവതീ
നാസാശ്രുമല്ലോചനം
സ്വേദസ്രാവി മലാഭിപൂർണ്ണമഭിതോ
ദുർഗ്ഗന്ധദുഷ്ടം വപുഃ
അന്യദ്വക്തുമശക്യമേവമനസാമന്തും
കചചിന്നാർഹതി
സ്ത്രീരൂപം കഥമീദൃശം സുമനസാം
പാത്രീഭവേന്നേത്രയോഃ?
സ്തനൌ മാംസഗ്രന്ഥീ കനകകലശാ
വിത്യുപമിതൌ
മുഖം ശ്ലേഷ്മാഗാരം തദപിച
ശശാങ്കേന തുലിതം
സ്രവന്മൂത്രക്ലിന്നം കരിവരശിരഃ
സ്പർദ്ധി ജഘനം
മുഹുർന്നിന്ദ്യം രൂപം കവിവരവിശേ-
ഷൈരുപമിതം

എന്നു മററൊരു കവി പറയുന്നു. ഇതെല്ലാം പരമാർത്ഥമല്ലേ? എന്നാൽ ആ മട്ടിലാണോ സാധാരണ കവികൾ കാണുന്നതു്? സൌന്ദര്യവീക്ഷണത്തിനു ഒരു പൂർവ്വസങ്കല്പമോ വാസനയോ പുറകിൽ നിൽക്കുന്നുണ്ടു് വൈദികസാഹിത്യത്തിലെ സൌന്ദര്യവും കവിതയും കാണാൻ ആ മട്ടിൽ ഒന്നു പരിചയിക്കേണ്ടതുണ്ടു്. ശ്രീശങ്കരൻെറ നിസർഗ്ഗസുന്ദരമായി പ്രവഹിക്കുന്ന കവിത എത്ര ഹൃദയാനന്ദദായകമാണു്. അതു വായിച്ചാസ്വദിക്കാൻ കഴിവില്ലാത്ത മനുഷ്യൻ ഭാഗ്യഹീനനാണു്. ഇവരെല്ലാം മനുഷ്യവർഗ്ഗത്തിൻെറ പുരോഗമനത്തിനുവേണ്ടി കവിതയെഴുതിയവരാണു്. "കവിഃ ക്രാന്തദർശനാൽ" എന്നാണു നിർവ്വചനം. മനുഷ്യവർഗ്ഗത്തിൻെറ ദീർഘകാലമംഗളത്തിനും ശാന്തിയ്ക്കും സുഖത്തിനും ആവശ്യമായതെന്താണെന്നറിഞ്ഞു അതിനെ ഹൃദയാവർജ്ജകമായ ഭാഷയിൽ പ്രതിപാദിക്കുന്നവനാണു കവിയെന്നാണു എൻെറ അഭിപ്രായം.

ഇങ്ങനെയുള്ള കവികളെ അനവധി ജനിപ്പിച്ചതാണു സംസ്കൃതസാഹിത്യം. ഹിന്ദി, ബംഗാളി, മറാട്ടി മുതലായ പ്രാദേശികഭാഷകൾ വളരെ "വിശിഷ്ടങ്ങളാണു്. ഹിന്ദി രാഷ്ട്രഭാഷയെന്നനിലയിൽ ലോകവ്യവഹാരത്തിനു ഇൻഡ്യയിൽ എവിടേയും വളരെ സഹായിക്കും. ഹിന്ദിയിൽ പലേ നല്ല പുസ്തകങ്ങളുണ്ടു്. ബംഗാളിയിൽ അതിനേക്കാൾ നല്ല പുസ്തകങ്ങൾ അനവധിയുണ്ടു്. എന്നാൽ ഇവയെല്ലാം പ്രാദേശികസംസ്കാരത്തെ പ്രതിനിധീകരിക്കുന്നു. ഈ ഭാഷകളിലെല്ലാമുള്ള അനേകായിരം വിശിഷ്ടഗ്രന്ഥങ്ങളുടെ ഉല്പത്തിക്കു കാരണഭൂതമായി സംസ്കൃതം സ്ഥിതിചെയ്യുന്നു. പദങ്ങളെ അവയുടെ നിഷ്കൃഷ്ടാർത്ഥമറിഞ്ഞു പ്രയോഗിക്കാൻ സംസ്കൃതം സഹായിക്കുന്നു. ഇൻഡ്യയിൽ സംസ്കൃതത്തോടു ബന്ധമില്ലാത്ത ഒരു ഭാഷയുമില്ല. തമിഴ് സ്വതന്ത്രഭാഷയാണെന്നു അവർ പറയും. അതു ദ്രാവിഡഭാഷയാണെന്നും സംസ്കൃതം ആര്യഭാഷയാണെന്നും തമിഴർ വാദിയ്ക്കും. എന്നാൽ തമിഴിലെ ഏററവും പ്രാചീനഗ്രന്ഥങ്ങളിൽക്കൂടിയും സംസ്കൃതപദപ്രയോഗം കാണുന്നുണ്ടു്. ആ പദങ്ങളൊക്കെ സംസ്കൃതത്തിലേക്കു തമിഴിൽ നിന്നെടുത്തതാണെന്നാണു പിന്നീടുള്ള അവരുടെ വാദം. ശരിയ്ക്കുനോക്കുമ്പോൾ സംസ്കൃതത്തിൽ നിന്നെടുത്തതല്ലാതെ തമിഴിൽ നിന്നെടുത്തതല്ലെന്നു തെളിയുന്നതാണു്. ഈ ആര്യദ്രാവിഡ വഴക്കുതന്നെ നിരർത്ഥകമാണു്. രണ്ടും ഒരേ വർഗ്ഗത്തിൽ പെട്ടതാണു്. ഇൻഡ്യയിൽ രണ്ടോമൂന്നോ വർഗ്ഗക്കാർ താമസിച്ചിരുന്നിരിയ്ക്കാം. അവർ പരസ്പരം സഹകരിച്ചു് ഇന്നു് ഏകമായിട്ടുണ്ടു്. ഇനി അവരെ വേർതിരിയ്ക്കാനുള്ള ശ്രമം നിരർത്ഥകവുമാണു്. ദ്രാവിഡസംസ്കാരത്തിൻെറ അവശിഷ്ടങ്ങളാണെന്നു കരുതപ്പെടുന്ന അനവധി സംഗതികൾ വൈദികങ്ങളാണെന്നു് ഇപ്പോൾ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. കാളിയും വേദത്തിലെ അദിതിയും ഒന്നാണു്. അദിതിയുടെ പ്രതിനിധി നീലനിറമായ ആകാശമാണു്. ആദിത്യന്മാർ അദിതിയുടെ പുത്രന്മാരാണു്. വിഷ്ണു ആദിത്യനാണു; അദിതിപുത്രനാണു്. കാളി നീലനിറമാണു്; ആദ്യശക്തിയാണു്. ശക്തിയിൽനിന്നാണു് ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ ഉല്പന്നരായതെന്നു പുരാണം പറയുന്നു. വിഷ്ണുവിൽനിന്നു ബ്രഹ്മാവും ബ്രഹ്മാവിൽനിന്നു ശിവനും ഉണ്ടായെന്നു പുരാണം പറയുന്നു. ഇപ്രകാരം അദിതിയിൽനിന്നു ത്രിമൂർത്തികളുണ്ടായി. ആദ്യശക്തിയായ കാളിയും അദിതിയും ഒന്നാണെന്നും അനന്തമാണെന്നും ആനന്ദത്തിൻെറ ഏററവും ഉൽകൃഷ്ടപ്രതിനിധി നീലാകാശമാണെന്നും നാം അറിയണം.

കാളി ശിവങ്കൽ നിന്നുണ്ടായെന്നു മററൊരുപക്ഷമുണ്ടു്. ഇവിടെ ശിവൻ ബ്രഹ്മമാണു്; കാളി ശക്തിയാണു്. ബ്രഹ്മത്തിൽ അന്തർല്ലീനമായിരുന്ന ശക്തി സൃഷ്ടികാലത്തു പ്രകടമായിത്തീർന്നുവെന്നർത്ഥം. ശിവൻെറ മേൽ കാളി നൃത്തംചെയ്യുന്നതായിട്ടാണു് ഇന്നും വടക്കേ ഇൻഡ്യയിൽ അനേകം ക്ഷേത്രങ്ങളിലെ പ്രതിഷ്ഠ. ശിവൻ ആരാണു്? ദ്രാവിഡദേവനാണെന്നു ചിലർപറയുന്നു. ഋഗ്വേദത്തിൽ ശ്രീരുദ്രത്തിൽ അനവധിസ്ഥലത്തു ശിവശബ്ദപ്രയോഗമുണ്ടു്. ഋഗ്വേദം ദ്രാവിഡന്മാരുടെ ഗ്രന്ഥമാണോ? 'ശിവ' എന്ന വാക്കു സംസ്കൃതത്തിലുള്ളതോ തമിഴിലുള്ളതോ? ഒന്നു മറെറാന്നിൽനിന്നു കടമെടുത്തെങ്കിൽ ഏതു് ഏതിൽനിന്നു്? യുക്തി എന്തു പറയുന്നു? ശിവൻെറ നിറമെന്തു്?

രാമായണം. ആര്യന്മാരുടെ ദക്ഷിണഭാരതാക്രമണകഥയാണെന്നു വ്യാഖ്യാനിക്കുന്ന ചിലരുണ്ടു്. ഇവിടെ രാമൻ ആര്യനും രാവണൻ ദ്രാവിഡനുമാണത്രേ. രാവണൻ ബ്രാഹ്മണനാണെന്നു രാമായണത്തിൽ പറയുന്നു —

"ത്വം ബ്രാഹ്മണോഽസ്യുത്തമവംശ-
സംഭവഃ
പൌലസ്ത്യപുത്രോഽസി കുബേര-
ബാന്ധവാഃ"

എന്നു ഹനുമാൻ. രാവണൻ സാമവേദപണ്ഡിതനായിരുന്നു. സാമവേദം ദ്രാവിഡന്മാരുടേതാണോ? രാവണൻ സംസ്കൃതഭാഷാപണ്ഡിതനായിരുന്നുവെന്നു സുന്ദരകാണ്ഡത്തിലെ ഹനുമാൻെറ വാക്യത്തിൽനിന്നു മനസ്സിലാകുന്നു. "ഞാൻ സീതയോടു സംസ്കൃതത്തിൽ സംസാരിച്ചാൽ രാവണനാണെന്നു സീത വിചാരിച്ചേക്കാം" എന്നു ഹനുമാൻ ശങ്കിക്കുന്നു. സർവ്വോപരി രാവണവധംകൊണ്ടു് ശ്രീരാമനു ബ്രഹ്മഹത്യയുണ്ടായെന്നും തൽപരിഹാരത്തിനായിട്ടാണു രാമേശ്വരപ്രതിഷ്ഠ നടത്തിയതെന്നും സ്കന്ദസംഹിതയിൽ പറയുന്നു. രാവണനുമുമ്പു് ലങ്ക ഭരിച്ചിരുന്നതു കുബേരനാണു്. കുബേരൻ ദ്രാവിഡനോ ആര്യനോ? ഇങ്ങനെ പലതും ചിന്തിക്കാനുണ്ടു്. ഇതെല്ലാം ചിന്തിക്കാൻ ഇൻഡ്യയിൽ സംസ്കൃതം പഠിച്ച അനവധി ജനങ്ങളെ ആവശ്യമുണ്ടു്. ഇൻഡ്യയുടെ ചരിത്രം മാറിയെഴുതേണ്ടതുണ്ടു്. ദീർഘദർശികളായ മഹാകവികളുടെ ഗ്രന്ഥങ്ങളിൽ വിഹരിച്ചു ലോകത്തിൻെറ പുരോഗമനത്തിനു് ദീർഘശാന്തിക്കും

(ശേഷം പത്താംപേജിൽ)


# സിക്കന്തർ

നാടകകർത്താവു്:— ഈ എം. കോവൂർ ബി. ഏ., ബി. എൽ.

ഏഴു ദിനപ്പത്രങ്ങൾ അവസാനം യോജിച്ചിരിക്കുന്നു. വികാരനിർഭരമായ ഈ ഗദ്യനാടകം നമ്മുടെ സാഹിത്യത്തിനൊരുത്തമ നേട്ടമെന്നു്. ഉടനെ പ്രക്ഷേപണംചെയ്യാൻപോകുന്ന ഇതിലെ അതുല്യരംഗങ്ങൾ നേരത്തേ വായിച്ചിരിക്കുക വില രൂപാ ഒന്നുമാത്രം.

പ്രകാശകൻ —റഞ്ചി കോവൂർ

കൊട്ടാരക്കര A. O.

# പനിനീർപുഖണ്ഡം



പ്രൊപ്രൈറ്റർ,
വി. ഗംഗാധരൻ
വൈദ്യർ,
വൈദ്യകലാനിധി.

അസഹനീയമായ വേദനയോടെ ഗുഹ്യമാർഗ്ഗത്തിൽക്കൂടി പഴുപ്പും ചോരയും പൊയ്ക്കൊണ്ടിരിക്കുന്നതും, മൂത്രത്തരിപ്പും തടവുംകൊണ്ടു കഷ്ടപ്പെടുത്തുന്നതുമായ അസ്ഥിസ്രാവരോഗത്തിനു ( ) പനിനീർപുഖണ്ഡം ഒരു സിദ്ധൌഷധമാണു്. ലജ്ജകൊണ്ടു് ഗോപ്യമായി നാടൻ ഒപ്പടികൾക്കൈകൾ പ്രയോഗിച്ചു പഴക്കിയും പുതുക്കിയും, രോഗാണുക്കൾക്കു ശരീരം നിത്യവാസസ്ഥാനമാക്കി ക്ലേശിക്കുന്ന സഹോദരീസഹോദരന്മാർ ഒരിക്കൽ പനിനീർപുഖണ്ഡം സേവിക്കട്ടെ! ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളേയും സവിശേഷം നശിപ്പിച്ചു്, നഷ്ടപ്പെട്ടുപോയ ശരീരലാവണ്യത്തെ വീണ്ടെടുക്കാം. നവശതമാനം സ്ത്രീകളെയും ബാധിച്ചുകാണാറുള്ള സോമരോഗത്തിനും (വെള്ളപോക്കു്), വ്രണമേഹത്തിനും സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ആന്തരവ്രണങ്ങൾക്കും നിരുപമമായ പരമൗഷധമാണു പനിനീർപുഖണ്ഡം. ഗർഭാശയരോഗങ്ങളുടെ അന്തകൻ.

റാത്തൽ ൧-ക്കു് ൫ ക. പാക്കിംഗ് പോസ്റ്റേജ് വേറെ.

സ്വതന്ത്രഫാർമസി; ചാലക്കുടി (കൊച്ചിൻസ്റ്റേറ്റ്)

ബ്രാഞ്ചുകൾ—൧. കൊടകര, ൨. ആലപ്പുഴ.

ചെറുകഥ

# മഹാകവി

—ം—

(കോണ്ടിയൂർ, ആർ. നരേന്ദ്രനാഥ്)

ആ ചെറുകുടിലിലെ മേശപ്പുറത്തു് മങ്ങിമങ്ങി ഒരു ദീപം കത്തുന്നു. അതിനു മുമ്പിൽ ഇടത്തെ ഉള്ളംകയ്യിൽ നെററിത്തടം താങ്ങി വലതുകയ്യിൽ തൂലികയുമേന്തി ഒരു മനുഷ്യരൂപം. ആരോ ഇരുന്നു ചിന്തിക്കുകയാണ്. ചിന്തകൾക്കു് രൂപം കൊടുത്തു് കുത്തിക്കുറിക്കുകയാണ്.

മന്ദമാരുതന്റെ തലോടലേല്ക്കുമ്പോൾ അദ്ദേഹം ഭാവനയിൽനിന്നു് ഉണരും. ശിരസ്സുയർത്തി ചുററുപാടുമൊന്നു വീക്ഷിക്കും. ആ തോന്ന്യാസക്കാരൻ ജനാലയിൽക്കൂടി പോയിക്കഴിഞ്ഞാൽ അദ്ദേഹം വീണ്ടും എഴുത്തുതുടങ്ങും. കാർമേഘപടലങ്ങൾ നീങ്ങിമാറി അമൃതകിരണൻ പ്രശോഭിക്കുമ്പോൾ അദ്ദേഹം തലയുയർത്തി താരങ്ങൾ തിങ്ങിമിന്നുന്ന ശ്യാമാംബരത്തെ നോക്കിനോക്കി രമിക്കും. കടലിലേക്കാററു് ഉന്തിക്കൊണ്ടുപോകുന്ന കാർമേഘങ്ങൾ ചന്ദ്രബിംബത്തെ മറയ്ക്കുമ്പോൾ തല താഴ്ത്തി തൂലികയെടുക്കും. പുലരിയിലെ പുഷ്പങ്ങൾ പുതുവായുവിൽ നൃത്തം വയ്ക്കുന്നതു കാണുമ്പോൾ അതിരററതെ ചെടിയിൽ നിരത്തി അതിലൊന്നു ചുംബിക്കും. പതഞ്ഞൊഴുകുന്ന പുഴവക്കത്തു് ദീർഘനേരം നോക്കിനിന്നിട്ടു് അതിലിറങ്ങി ശരീരമാസകലം കുറെ ജലംകോരത്തളിച്ചിട്ടേ അദ്ദേഹം മുന്നോട്ടു ചുവടുവയ്ക്കൂ.

അടുത്തവീട്ടിലെ വികൃതിക്കുട്ടികൾ അദ്ദേഹത്തെ ദൂരെക്കാണുമ്പോൾ "കിറുക്കൻ" എന്നു പറയും. അവരുടെ അടുത്തെത്തിയാൽ അവരെല്ലാം വഴിമാറിനില്ക്കും. അവരുടെ കളികളും കുചേലുകളും അദ്ദേഹം കണ്ടാൽ അവർ മയ്യാദരാമന്മാരായിത്തീരും. അങ്ങിനെ അവർക്കെല്ലാം അദ്ദേഹത്തെ വലിയ ബഹുമാനമാണ്.

സായാഹ്നസവാരിക്കിറങ്ങിയാൽ കുടവയറും കാറുമുള്ള പത്രാധിപന്മാരും, കച്ചത്തൊപ്പിയും കണ്ണടിയുമുള്ള പണ്ഡിതന്മാരുമായിരിക്കും അദ്ദേഹത്തിനു കൂട്ടു്. കതിരോൻ കടൽവെള്ളത്തിനപ്പുറത്തു് മറയുന്നതുവരെ കാന്തിചിന്തുന്ന പശ്ചിമാകാശത്തെ നോക്കി കടൽപ്പുറത്തെ പഞ്ചസാരമണലിലിരുന്നദ്ദേഹം ആനന്ദിക്കും. ഇതെല്ലാം അദ്ദേഹത്തിന്റെ സുഖമാണ്; ആനന്ദമാണ്.

അദ്ദേഹം സ്വതന്ത്രനാണ്, നിർധനനാണ്. ഒരു ചെറുകുടിലാണ് അദ്ദേഹത്തെ വെയിലിൽനിന്നും മഴയിൽനിന്നും കാത്തു രക്ഷിക്കുന്നതു്. വിശാലമായ ലോകമാണദ്ദേഹത്തിന്റെ തറവാടു്. അദ്ദേഹം കവിതകൾ രചിച്ചു. അവ അതുല്യങ്ങളെന്നു് ലോകർ വിധിയെഴുതി. അവ കനകവും യശസ്സും അദ്ദേഹത്തിനു സമാജ്ജിച്ചുകൊടുത്തു.

അദ്ദേഹത്തിനും ഒരു കാമുകിയുണ്ടു്. അവൾ കുറച്ചുപ്പെട്ടതാവണ്ടു്, അദ്ദേഹം സ്വപ്നത്തിലാണ് ജീവിക്കുന്നതെന്നു്, ജീവിതത്തെ അദ്ദേഹം കണക്കാക്കുന്നില്ലെന്നു്. ഭാവനവിട്ടു് ഭൂലോകത്തിൽ ജീവിക്കുവാൻ അവൾ കഥയറിയാതെ അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ അതൊന്നും അവിടെ ഫലിച്ചില്ല.

"നമുക്കു് വിവാഹംകഴിഞ്ഞു് ഇനി സുഖമായിക്കഴിയണം."—അവൾ ഒരു രാത്രിയിൽ അദ്ദേഹത്തോടു പറഞ്ഞു.

"വേണ്ടാ! ഇങ്ങനെ കഴിയുന്നതാണുത്തമം." കവി മറുപടി പറഞ്ഞു.

"വിവാഹം കഴിഞ്ഞാലും കവിതയെഴുതാമല്ലോ. എന്തിനു അതിനു പ്രചോദനം ഉണ്ടാവാൻ സാധിക്കയില്ലേ? —അവൾ ചോദിച്ചു.

"ഇല്ലോമന! എനിക്കു നീ കാമുകിയായിട്ടിരിക്കുന്നതാണ് കൂടുതലിഷ്ടം."

"അതെന്നെ വഞ്ചിക്കുകയല്ലേ? ഞാനെത്രനാളായിട്ടിങ്ങനെ കാത്തിരിക്കുകയാണ് —അവളുടെ കണ്ഠം ഇടറി. "ആളുകൾ പലതും പറയുന്നു." അവൾ പറഞ്ഞു നിർത്തി.

"ആളുകൾ എന്തും പറയട്ടെ! നിന്നോടെനിക്കു സ്നേഹമില്ലാഞ്ഞല്ല, നീയെന്റെ ഭാര്യയാകുന്നതിൽ വിരോധമുണ്ടായിട്ടുമല്ല, നീയെന്റെ കാമുകിയായിട്ടിരിക്കുന്നതാണ് എനിക്കു സുഖം—"കവി അവളെ സമാധാനപ്പെടുത്തി.

"അതെന്താ?"—അവൾക്കറിയണം.

"നീയെന്റെ ഭാര്യയായാൽ എന്റെ സ്വന്തമായി. നിന്റെ പുതുമ അതോടെ നശിച്ചുപോകും. വിദൂരതയിലെ കമനീയത അടുത്തെത്തുമ്പോൾ നശിക്കുന്നതുപോലെ. ഇന്നു നീ അന്യന്റെ ധനം; ഞാൻ മോഹിക്കുന്ന നിധി. അതിനാൽ നീ വിദൂരതയിലാണ്. നിന്റെ പുതുമ നശിക്കുന്നില്ല. ഭാവനയിൽ ഉയർന്നു് എനിക്കും സൗന്ദര്യത്തെ ആശ്ലേഷിക്കാം. അതിലാനന്ദിക്കാം. എന്റെ ആനന്ദം തൂലികാഗ്രത്തുകൂടി ലോകരിലേക്കൂറി അവരും ആനന്ദിക്കും. എന്റെ ആശയിലാണെന്റെ ഭാവന. ഭാവനയിൽനിന്നാണെന്റെ കവിതയുറവുന്നതു്. അപ്രാപ്യമായ ആനന്ദംപോലെ നീ അകന്നുനിന്നാൽ ആ ഉറവ പ്രവഹിച്ചുകൊണ്ടേയിരിക്കും."

അദ്ദേഹം പറഞ്ഞുനിർത്തി. അവൾ മുഖം വീർപ്പിച്ചാണ് അദ്ദേഹത്തെ വിട്ടുപിരിഞ്ഞതു്.

ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ അങ്ങിനെ കാലം ഇഴഞ്ഞുമാറി. കവിയുടെ തൂലിക ചലിച്ചുകൊണ്ടേയിരുന്നു. കവിസ്ഥാനത്തുനിന്നും മഹാകവിപ്പട്ടത്തിലേക്കു് അദ്ദേഹം ഉയർന്നു. പ്രസിദ്ധിയും സ്ഥാനമാനങ്ങളും വർദ്ധിച്ചു. ആ പാഴ്കുടിൽ ഒരു തീർത്ഥാടനസങ്കേതമായി. ഇന്നും ആ മങ്ങുന്ന നൂൽത്തിരിവിളക്കു് അതിൽ കാണുന്നുണ്ടു്. അതിനടുത്തു് തൂലികപിടിച്ചുകൊണ്ടു് ആ രൂപവും.

കാലം മഹാകവിയിലും പല മാററങ്ങൾ വരുത്തിക്കൂട്ടി. അദ്ദേഹത്തിനു് സ്ഥാനമാനങ്ങളും സമ്മാനങ്ങളും ധാരാളം വന്നുകൊണ്ടിരുന്നു. പത്രാധിപന്മാരും സാഹിത്യകതുകികളും അദ്ദേഹത്തിനു പണക്കിഴികളയച്ചുകൊടുത്തു. ഇതിനോടൊത്തു് കാമിനിയുടെ പ്രേരണയും വർദ്ധിച്ചു. അദ്ദേഹം അവൾക്കു് കീഴടങ്ങുമെന്ന നിലയിലായി.

മഹാകവി വിവാഹിതനായി. ധനത്തോടുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വർദ്ധിച്ചു. ഭാര്യയുടെ പ്രേരണകൾ അതിനു താങ്ങുമായി. പണത്തിനുവേണ്ടിയെ അദ്ദേഹം കവിതയെഴുതൂ എന്ന നിലയിലായി. അദ്ദേഹം കുറെ ഭൂമി വാങ്ങി. പാഴ്കുടിൽ പൊളിച്ചുമാററി തൽസ്ഥാനത്തു് രണ്ടുനിലമാളികയൊന്നുയർന്നു. മങ്ങിയെരിയുന്ന ദീപം മാററി മുറികളിൽ ആലക്തികദീപങ്ങൾ സ്ഥാപിച്ചു. ജീവിതത്തിൽ അദ്ദേഹം കൂടുതൽ കൂടുതൽ ഉത്സുകനാകുന്നൊന്നുകണ്ടു് ഭാര്യ സന്തോഷിച്ചു. അദ്ദേഹം കുറച്ചു സ്വപ്നം കാണുന്നതിൽ അവൾക്കു് കൂടുതൽ സുഖമുണ്ടായി.

ഇപ്പോൾ മഹാകവിയുടെ കവിതകൾ വളരെ വിരളങ്ങളായിമാത്രമേ പത്രപംക്തികളിൽ കാണാറുള്ളൂ. പണമയച്ചു പ്രേരിപ്പിച്ചാലെ അദ്ദേഹത്തിന്റെ തൂലിക ചലിക്കൂ. ശാന്തസുന്ദരങ്ങളും ഭാവനാസമ്പന്നങ്ങളും ആശയസമ്പൂർണ്ണങ്ങളുമായ പഴയ കവിതകൾപോലെ അദ്ദേഹത്തിന്റെ ഇന്നത്തെ ഗാനങ്ങൾക്കു് ശക്തിയും ഓജസ്സും സൌകുമാര്യവും തീരെയില്ലെന്നു നിരൂപകന്മാർ വിധിയെഴുതി.

ഇന്നിടെ സായാഹ്നസവാരിക്കു മഹാകവി ഇറങ്ങാറില്ല. ഭാര്യയുമൊത്തു മട്ടുപ്പാവിൽ വിഹരിക്കുന്നതാണ് അദ്ദേഹത്തിനു ഇഷ്ടം. ചന്ദ്രികാചർച്ചിതമായ രാത്രികാലങ്ങളിൽ ശ്യാമാംബരത്തെ വീക്ഷിച്ചുകൊണ്ടു്, ഭാര്യയുടെ മടിയിൽ തലചായ്ച്ചു് അവളുടെ ഗാനാലാപം ശ്രദ്ധിച്ചു സുഖിച്ചുകഴിയുന്നതാണദ്ദേഹത്തിനിന്നു സുഖം. മലർവാടിയിൽ പുതുമയോടെ പുലരയിൽ വികസിക്കുന്ന പൂക്കൾ ശേഖരിച്ചു ഭാര്യയുടെ വാർകുന്തലാലണിയുവാൻ സമ്മാനിക്കും. തെങ്ങോലകളിൽ താളംപിടിക്കുന്ന മന്ദമാരുതൻ അദ്ദേഹത്തിന്റെ ദേഹത്തു സ്പർശിച്ചാൽ എന്തോ ഓന്നൊത്തിട്ടെന്നപോലെ ചിലപ്പോൾ നിന്നെന്നും വരാം.

ഇപ്പോൾ അദ്ദേഹം കവിത എഴുതാറില്ല. അതെന്തുകൊണ്ടാണെന്നു ചോദിച്ചുകൊണ്ടു അനവധി എഴുത്തുകൾ അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. അവയ്ക്കെല്ലാം മറുപടി കൊടുക്കണമെന്നു ചിന്തിച്ചു രണ്ടു മൂന്നു ദിവസങ്ങൾ കളഞ്ഞു. ഒടുവിൽ അവർക്കു ഇപ്രകാരം മറുപടി എഴുതി:—"നിർമ്മലജലമൂറുന്ന നീരുറവ കാലാന്തരത്തിൽ വററിപ്പോകുന്നു. അതുപോലെയാണ് ഒരു കവിഹൃദയത്തിൽ നിന്നുവരുന്ന കവിതയും. ഒരാളിൽനിന്നു ഉറവുന്ന കവിതയെ നിയന്ത്രിക്കുന്നതു കാലമാണ്. കാലത്തിനു ഒരാളിൽ എന്തുവ്യത്യാസങ്ങളുംവരുത്തിക്കൂട്ടുവാൻ ശക്തിയുണ്ടു്. അതിന്റെ പ്രവർത്തനത്തിൽ കവിതാപ്രവാഹം വററിവരണ്ടുപോകാം. വളരെവളരെകുറച്ചു മഹാന്മാരെഒഴിച്ചാൽ ഇതു കേവലം ഒരു പരമാർത്ഥമാണ്. എന്റെ കവിതയുറവുന്ന സരസ്സു വററിക്കഴിയാറായി. ഇനിയും ഞാൻ കവിതയെഴുതുന്നതു സാഹസമായിരിക്കും."

പത്രാധിപന്മാർ കവിതകൾക്കാവശ്യപ്പെട്ടു കത്തെഴുതി മടുത്തു. ഇയിടെ അവർ എഴുതാറില്ല.

പ്രസന്നമായ ഒരുരാത്രി. വെള്ളിമേഘങ്ങൾ ആകാശത്തു കാററിലുലാത്തുന്നു. മണിമാളികയുടെ മട്ടുപ്പാവിൽ കടൽക്കാററേററു്, ആകാശവും കടലുംതമ്മിൽ ചുംബിക്കുന്ന ആ പശ്ചിമദിക്കു നോക്കി മഹാകവി നില്ക്കുകയാണ്. മന്ദമാരുതൻ തെങ്ങോലകളിൽ ഇക്കിളിയിടുന്നതു് അദ്ദേഹം കാണുന്നുണ്ടു്. ലോകമെങ്ങും ഗംഭീരമായ ഒരുശാന്തത. മുറിയ്ക്കുള്ളിൽനിന്നു വരുന്ന്നേത്ത വീണാസ്വരങ്ങളൊഴിച്ചാൽ എങ്ങും നിശ്ശബ്ദത. അന്നു ആ പാഴ്കുടിലിൽ തൂലികയുമേന്തി മങ്ങിയ വെളിച്ചത്തിൽ ഇരുന്നെഴുതുമ്പോൾ അനുഭവിച്ച ആനന്ദം അദ്ദേഹത്തിനോർമ്മ വന്നു. ശരീരമാസകലം ഒരുരോമാഞ്ചം. എന്തോ ഓർമ്മിച്ച വേഗം തിരിഞ്ഞു അകത്തേയ്ക്കു നടന്നുപോയി, കടലാസ്സും പേനയുമായി അദ്ദേഹം തിരിച്ചുവന്നു. മട്ടുപ്പാവിലെ കുഷ്യനിട്ട മാർബിൾക്കസേരയിൽ ഇരുന്നു ചിന്തതുടങ്ങി.

അങ്ങിനെയിരുന്നു എത്രനേരമങ്ങിഎന്നു മഹാകവിയ്ക്കു ഓർമ്മയില്ല. അത്താഴസമയമായപ്പോൾ ഭാര്യ വന്നുണർത്തിയതു്. കയ്യിലിരുന്ന കടലാസ്സു കാററിൽ പറന്നു മട്ടുപ്പാവിന്റെ ഒരുകോണിൽ കിടക്കുന്നു. നിലത്തു കിടന്ന പേനാ ഭാര്യയുടെ കാലിൽ തടഞ്ഞു. അവൾ അതു കയ്യിലെടുത്തു. "ഇതൊന്നും പേനാ സൂക്ഷിച്ചില്ലെങ്കിൽ ഇങ്ങനെയൊക്കെ ഇരിയ്ക്കും. വിലപിടിച്ച ഈ പേനാ പൊട്ടിത്തെറിച്ചു. മഹാകവി അതു വാങ്ങി നോക്കി. മട്ടുപ്പാവിലെ സിമന്റുതറയിൽവീണു അതിന്റെ മുന വളഞ്ഞു പോയി. ഉണ്ണാൻ ക്ഷണിച്ചിട്ടു ഭാര്യ അകത്തേയ്ക്കു പോയി.

മഹാകവി എഴുന്നേററു. ഭയങ്കരമായ നിരാശയുടെ നിഴൽ ആ മുഖത്തു വ്യാപിച്ചിരിക്കുന്നു. മുമ്പോട്ടു വന്നു മട്ടുപ്പാവിന്റെ അരമതിലിൽ കൈപിടിച്ചു വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ടു കുറേനേരം നിന്നു. എന്തോ ഒരു നിശ്ചയം ചെയ്തതുപോലെ അദ്ദേഹത്തിന്റെ മുഖഭാവം മാറി. "ഇല്ല! ഇനിയും ഞാൻ തൂലികയെടുക്കുകയില്ല. നൈരാശ്യപൂരിതമായ, അധഃപതിച്ച നിത്യജീവിതത്തിലേയ്ക്കു അവൾ എന്നെ ബന്ധിച്ചുകളഞ്ഞു. ആ കെട്ടു പൊട്ടിച്ചു ഉയരുവാൻ എനിയ്ക്കിനി സാധ്യമല്ല. ജീവിതത്തിലെ എന്റെ ആശകളെല്ലാം സംധിച്ചു. അതോടെ എന്റെ ഭാവന നശിച്ചു. അതോടൊന്നിച്ചു എന്റെ കവിതയും. അവളുമായുള്ള ബന്ധമാണെന്നെ മനുഷ്യനാക്കിയതു്. ഇനിയുമങ്ങിനെ ജീവിക്കാം! അല്ലാതെന്തുചെയ്യും!" മഹാകവി അത്താഴമുണ്ണാൻ വേഗം അകത്തേയ്ക്കു നടന്നു.

—ം—

## സംസ്കൃതവിദ്യാഭ്യാസം

(ഒൻപതാംപേജിൽനിന്നും തുടച്ച)

ക്ഷേമത്തിനും—ആവശ്യമായ കവിതയെഴുതാനും ഭാരതീയസംസ്കാരത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്താനും യഥാർത്ഥ ഭാരതചരിത്രം നിർമ്മിക്കാനും ഭാരതീയൈക്യം സ്ഥാപിക്കാനും സംസ്കൃതഭാഷ പഠിച്ച അനേകായിരംപേരെ വേണ്ടിയിരിക്കുന്നു.

ഭാരതീയസംസ്കാരം ഇന്നു ആപത്തിൽപ്പെട്ടിരിക്കുന്നു. വിദേശീയസംസ്കാരം ഭാരതത്തെ വിഴുങ്ങുന്നു. "ഭാരതീയരെയല്ല നമുക്കു ഭയം, അവരുടെ സംസ്കാരത്തെയാണ്" എന്നു ജനറൽ സ്മട്ട്സ് പറയുന്നു. ഭാരതീയസംസ്കാരം നാശംവരാതെ നിൽക്കയാണെങ്കിൽ ഭാരതത്തിന്റെ അടിമത്തം തീച്ചയായും വിട്ടുപോകും. ഇൻഡ്യ ഇന്നും ഒരു നേഷനായി നിൽക്കുന്നതു അതിന്റെ സംസ്കാരമഹിമകൊണ്ടാണ്. ഈ സംസ്കാരത്തെ നശിപ്പിക്കാൻ അനവധി ശ്രമങ്ങൾ നടക്കുന്നു. ഇൻഡ്യ ഒരുകാലത്തും ഒരു നേഷനായിരുന്നില്ലെന്നും വെള്ളക്കാർ വന്നതിനുശേഷം മാത്രമാണ് ഒരു നേഷനായതെന്നും അവർ പഠിപ്പിക്കുന്നു ഇതു ശുദ്ധമേ പൊളിയാണ്. "ആസേതു ഹിമാചലം" "ഹിമാദ്രി ലങ്കാപുരി മദ്ധ്യവർത്തി" എന്നെല്ലാമുള്ള പദം അതിപ്രാചീനമാണ് 'ഭാരതഖണ്ഡം' എന്ന പദംതന്നെ ഐക്യത്തെ കാണിക്കുന്നു. ശ്രീശങ്കരൻ ഇൻഡ്യയുടെ നാലുഭാഗത്തും മഠം സ്ഥാപിച്ചതെന്തിനു്? ഒരു സന്യാസി—സമുദായ ഗുരുവാകേണ്ട യഥാർത്ഥ സന്യാസി ഈ നാലു മഠങ്ങളും സന്ദർശിക്കണമെന്നു നിയമം വച്ചതെന്തിനു്? സംസ്കാരംകൊണ്ടു ഇൻഡ്യയൊന്നു്. ഇൻഡ്യയ്ക്കുശേഷം തല[illegible]യർത്തിയ ബാബിലോണിയയും ഈജിപ്റ്ററും ഗ്രീസും റോമും നശിച്ചിട്ടും ഇൻഡ്യ ഇന്നും ഒരു നേഷനെന്ന ബോധത്തോടുകൂടി നിലനിൽക്കുന്നതിനു കാരണമാകുന്നതെന്തു്? ഭാരതീയ സംസ്കാരൈക്യം ഈ സംസ്കാരത്തെ നശിപ്പിക്കാൻ ഭയങ്കരശ്രമം നടക്കുന്നു. ഇതിനെ രക്ഷിക്കുന്നതിനു ഭാരതഭൂമി തന്റെ മാതൃഭൂമിയാണെന്നും താൻ വരുത്തനല്ലെന്നും വിചാരിക്കുന്ന ഓരോരുത്തനും ശ്രമിക്കേണ്ടതാണ് ഈ രക്ഷയ്ക്കു ഭാരതീയസംസ്കാരം അടക്കയിരിക്കുന്ന സംസ്കൃതഭാഷ പഠിക്കണം.

ഹിന്ദുക്കൾ സംസ്കൃതം പഠിക്കേണ്ടതു അത്യാവശ്യമാണ്. ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിലാണ് മുഖ്യമായുള്ളതു്. തമിഴ് ഹിന്ദി മുതലായ ഭാഷകളിൽകൂടി വെളിവായിട്ടുള്ള ആശയങ്ങളുടെയും ചുവടു് സംസ്കൃതഗ്രന്ഥങ്ങളിലാണ്. ഹിന്ദുവിന്റെ മതപരമായ ഭാഷതന്നെ സംസ്കൃതമാണ്. ഇവയെല്ലാം തർജ്ജമചെയ്താൽ പോരേയെന്നു ചോദിക്കും. തർജ്ജമകൊണ്ടു സംസ്കാരം (culture) കിട്ടുകയില്ലെന്നു അനവധി മതഗ്രന്ഥങ്ങൾ നമുക്കു നൽകിയ ശ്രീ വിവേകാനന്ദസ്വാമികൾ പറയുന്നു. ക്രിസ്ത്യാനികൾ ഇന്നും ല[illegible]ത്തീനും സുറിയാനിയും മതഭാഷയായുപയോഗിക്കുന്നു. മഹമ്മദീയർ അറബി മതഭാഷയായുമുപയോഗിക്കുന്നു. അത്രയുമല്ല അവരുടെ ഭാവി വിദ്യാഭ്യാസം ഇന്ത്യൻസംസ്കാരത്തോടു ബന്ധമില്ലാത്ത അറബിയിലായിരിക്കണമെന്നു ശഠിയ്ക്കുന്നു. ഈ അവസരത്തിൽ ഹിന്ദുക്കൾ സംസ്കൃതം പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ശ്രമിക്കാതിരിയ്ക്കുന്നതു മഹാപാപമാണ്; ഹിന്ദുസമുദായത്തിന്റെ നാശത്തിനു് വഴിതെളിക്കുകയാണ്. ഹിന്ദുക്കളുടെ ഭാവശരിയാകണം എങ്കിൽ നശിക്കാതിരിക്കണമെങ്കിൽ—ഹിന്ദുത്വം നിലനില്ക്കണമെങ്കിൽ സംസ്കൃതം പഠിയ്ക്കണം. സംസ്കൃതഭാഷാപ്രചരണത്തിനു യത്നിക്കണം. ഹിന്ദുക്കളുടെ ഭാവി അത്യാപത്തിൽ പെട്ടിരിയ്ക്കുന്നുവെന്നു ഞാൻ കാണുന്നു. അതിൽനിന്നു രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം ഹിന്ദുക്കൾ അവരുടെ കുട്ടികളെ ഭാരതീയ സംസ്കാരത്തോടുകൂടി വളർത്തുന്നതിലാണിരിക്കുന്നതു്. ഹിന്ദുക്കളുടെ

(ശേഷം പതിനൊന്നാം പേജിൽ)

# സംസ്കൃത വിദ്യാഭ്യാസം

(പത്താംപേജിൽനിന്നു തുടർച്ച)

ഭാവി ഇൻഡ്യയുടെ ഭാവിയും ഇൻഡ്യയുടെ ഭാവി ലോകത്തിന്റെ ഭാവിയും ആണെന്നറിയണം. എന്റെ ഈ വാക്കുകൾ കവികല്പനകളല്ല. ഞാൻ കാണുന്നതു നിങ്ങളോടു പറയുകയാണ്. ഹിന്ദുസമുദായത്തേയും ഹൈന്ദവസംസ്കാരത്തേയും ഒരിയ്ക്കൽ രക്ഷിച്ച ഭഗവാൻ ശ്രീ ശങ്കരന്റെ പരമ്പരയിലെ ഒരു സന്യാസി— ഇന്നത്തെ ലോകത്തിനു് ആവശ്യമായ ധർമ്മം പ്രസ്താവിച്ച ശ്രീ വിവേകാനന്ദസ്വാമികളുടെ ഒരു അനുഗാമി എന്ന നിലയിൽ ഞാൻ നിങ്ങളോടു പറയുകയാണ്. ഹൈന്ദവധർമ്മത്തിന്റേയും ലോകത്തിന്റേയും രക്ഷയ്ക്കുവേണ്ടി ഉണരുവിൻ പ്രവർത്തിപ്പിൻ.

ഈ വിദ്യാലയം കുമാരനല്ലൂർ ദേവസ്വം ഏറെറടുത്തതിൽ ഞാൻ സന്തോഷിക്കുന്നു. വ്യക്തികളെ ആശ്രയിച്ചുനിൽക്കുന്ന സ്ഥാപനങ്ങൾ അവരുടെ കാലശേഷം മിക്കവാറും നശിച്ചുപോകുന്നതായിട്ടാണു നാം കാണുന്നതു്. ഹിന്ദുക്കൾ വരുത്തുന്ന ഒരു വലിയ തെററു് ഇതാണ്. ചിലർ വളരെ കഷ്ടപ്പെട്ടു് പൊതുജനങ്ങളിൽനിന്നു പണം പിരിച്ചു് അവരുടെ പേരിലോ പൊതുനാമത്തിലോ ഒരു സ്ഥാപനം ഏർപ്പെടുത്തി സ്വന്തം മേൽനോട്ടത്തിൽ നടത്തുന്നു. അവരുടെ കാലശേഷം അവരേപ്പോലെ ഉത്സാഹവും പിടിപ്പും ഉള്ളവർ ഇല്ലാത്തതുകൊണ്ടു് ആ സ്ഥാപനം നശിച്ചുപോകുന്നു. ഈ തെററുനിമിത്തം പൊതുജനങ്ങൾക്കു ഹൈന്ദവസ്ഥാപനങ്ങളിൽ വിശ്വാസമില്ലാതായിത്തീരുന്നു. അതിനാൽ മേലാൽ ഹിന്ദുക്കൾ ഏർപ്പെടുത്തുന്ന സ്ഥാപനങ്ങൾ ഒരു സംഘടനയുടേയോ ധാരാളം സ്വത്തുള്ള ദേവസ്വങ്ങളുടേയോ മേൽനോട്ടത്തിലായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ക്ഷേത്രങ്ങൾ അധികവും നശിച്ചുപോയതു് അവയോടുചേർന്നു പൊതുജനോപകാരപ്രദങ്ങളായ സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടാണെന്നാണ് എന്റെ അഭിപ്രായം. വിശേഷിച്ചും വിദ്യാലയങ്ങൾ. ക്രിസ്ത്യാനികളും മഹമ്മദീയരും അനേകകോടി രൂപാ മതബോധം പ്രചരിപ്പിക്കാൻ ചിലവാക്കുമ്പോൾ ഹിന്ദുക്കൾ കോടിക്കണക്കിനു രൂപാ വെടിക്കെട്ടു പ്രചരിപ്പിക്കാൻ ചിലവാക്കുന്നു! ഇതു കലാപോഷണമാണത്രേ! കലകൾ വേണ്ടെന്നു ഞാൻ പറയുന്നില്ല. കുടുംബത്തിൽ പ്രസവവേദനയും ചക്രശ്വാസംവലിയും നടക്കുമ്പോഴാണോ വീണവായനയ്ക്കുള്ള സമയമെന്നു ഞാൻ ചോദിക്കുന്നു. ഹിന്ദുക്കളുടെ ഭാവി അത്യാപത്തിൽ പെട്ടിരിക്കുന്നു. ഹൈന്ദവരായ അഗതികൾക്കു കയറിക്കിടക്കാൻ സ്ഥലമില്ല. ഹൈന്ദവരായ അനാഥബാലന്മാർക്കു റോഡല്ലാതെ ഗതിയില്ല. ഹൈന്ദവവിധവകൾക്കു കുടിക്കാൻ കഞ്ഞിയില്ലാതെ അവർ ചാകുന്നു. ഹൈന്ദവസ്ത്രീകൾ ആഹാരത്തിനു നിവൃത്തിയില്ലായ്കനിമിത്തം ചാരിത്രശുദ്ധി പണയം വയ്ക്കുന്ന പരിതഃസ്ഥിതി വന്നിരിക്കുന്നു. ഈ അത്യാപൽഘട്ടത്തിൽ പ്രധാനമായി ഹിന്ദുക്ഷേത്രങ്ങൾ പണം ചിലവാക്കേണ്ടതു കലാപോഷണത്തിനോ സാധുരക്ഷയ്ക്കോ എന്നു ഞാൻ ചോദിക്കുന്നു.

ഹിന്ദുബാലന്മാർ വിമതസ്ഥരുടെ വിദ്യാലയങ്ങളിൽനിന്നു രാമനും കൃഷ്ണനും നിന്ദ്യരാണെന്നു പഠിച്ചു നിരീശ്വരന്മാരായിത്തീരുന്നു; ഹൈന്ദവസംസ്കാരത്തെ വെറുക്കുന്നു; മാതൃഭക്തിയും പിതൃഭക്തിയും വർജ്ജിക്കുന്നു; ഋഷിമാരെ ശപിക്കുന്നു; പൂജാദികൾ അന്ധവിശ്വാസങ്ങളായി കരുതുന്നു. അങ്ങനെ പഠിപ്പിക്കുന്ന വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ അന്യമതസ്ഥർ പൊതുസ്വത്തും പ്രൈവററുസ്വത്തും ലക്ഷക്കണക്കിനു ചിലവാക്കുന്നു. ഇപ്പോൾ ഹിന്ദുക്കളുടെ കർത്തവ്യമെന്തു്? ഓരോ ക്ഷേത്രത്തോടുചേർത്തു് ഓരോ സംസ്കൃതപാഠശാല സ്ഥാപിക്കാൻ ശ്രമിക്കണം; ഉച്ചപ്പട്ടിണിക്കാർക്കു ചോറുകൊടുക്കാൻ ക്ഷേത്രസ്വത്തു വിനിയോഗിക്കണം; അഗതിമന്ദിരങ്ങളും അനാഥശാലകളും സ്ഥാപിക്കണം. കുമാരനല്ലൂർ ക്ഷേത്രത്തിൽനിന്നു ചെറിയതോതിലെങ്കിലും ഉച്ചപ്പട്ടിണിക്കാർക്കു ആഹാരം കൊടുത്തുതുടങ്ങിയതറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. മററു ക്ഷേത്രങ്ങളും ഇതുതന്നെ ചെയ്യണം. ആദ്യം കരക്ഷേത്രങ്ങൾ ആരംഭിക്കണം. പിന്നീടു വേണം ഗവർമ്മെന്റിനോടു പറയാൻ.

ഈ രാജ്യത്തു നമ്പൂരിമാർ ഭരിക്കുന്ന ക്ഷേത്രങ്ങൾ ഇനിയും പലതുണ്ടു്. നമ്പൂരിമാർ ഇതിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കണം. വില്വമംഗലത്തു സ്വാമിയാരേയും മേല്പത്തൂർഭട്ടതിരിയേയും പ്രഭാകരഭട്ടനേയും മററനേകം പണ്ഡിതന്മാരേയും പ്രവാചകന്മാരേയും ജനിപ്പിച്ച സമുദായമാണതു്. സർവോപരി വിശ്വവന്ദ്യനും ചിന്തകാഗ്രേസരനും ധർമ്മസംസ്ഥാപകനും ആയ ജഗദ്ഗുരു ശ്രീ ശങ്കരനെ ജനിപ്പിച്ച സമുദായമാണതു്. കേരളവർമ്മ വലിയകോയിത്തമ്പുരാനും രാജരാജവർമ്മത്തമ്പുരാനും സ്വാതിതിരുനാളും എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ഇന്നു വിസ്മൃതകോടിയിൽ തള്ളപ്പെട്ടിരിക്കുന്ന മഹാകവി പത്മനാഭക്കുറുപ്പും നമ്പൂരിമാരോടു രക്തബന്ധമുള്ളവരാണ്. നായർസമുദായം പരിഷ്കരിക്കേണ്ടതെങ്ങനെയെന്നു ചോദിച്ചപ്പോൾ "നായന്മാരെല്ലാം നമ്പൂരിമാർതന്നെയാകയാൽ നമ്പൂരിമാരാണെന്നു പ്രഖ്യാപനംചെയ്തു ബ്രാഹ്മണസംസ്കാരം സ്വീകരിക്കുന്നതു ശരിയായിരിക്കും" എന്നു സർ സി. ശങ്കരൻ നായരോടു മദിരാശിയിൽവച്ചു വിവേകാനന്ദസ്വാമികൾ പറഞ്ഞതായി ഒരു ലേഖനം ഞാൻ വായിച്ചിട്ടുണ്ടു്. കേരളമെല്ലാം ഒന്നുതന്നെ. ശ്രീ ശങ്കരൻ ജനിച്ച സമുദായത്തോടു രക്തബന്ധമില്ലാത്ത ഒരു സമുദായവും ഇന്നു കേരളത്തിലില്ലെന്നാണ് എന്റെ ബോധം. സംസ്കാരംകൊണ്ടു കേരളമെല്ലാം ഒന്നുതന്നെ. അതിനാൽ കേരളീയരെല്ലാം ഒന്നാകെ സംസ്കൃതഭാഷയും തദ്വാരാ ഭാരതീയസംസ്കാരവും പ്രചരിപ്പിക്കുന്നതിനു ശ്രമിക്കണം. നമ്പൂരിമാരും നായന്മാരും ശ്രമിക്കാൻ കടപ്പെട്ടിരിക്കുന്നു. ശ്രീനാരായണഗുരുസ്വാമികൾ അപാരസംസ്കൃതപ്രേമിയായിരുന്നു. അദ്ദേഹം സംസ്കൃതത്തിൽ അനവധിഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. സംസ്കൃതപാഠശാല സ്ഥാപിച്ചിട്ടുണ്ടു്. അതിനാൽ എസ്സ്. എൻ. ഡി. പി. യുടേയും സന്ന്യാസിസംഘത്തിന്റേയും മുഖ്യകർത്തവ്യം സംസ്കൃതപ്രചരണമാണ്. ഇന്നത്തെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം ഒരു കാലത്തു ഹിന്ദുക്കളായിരുന്നു. വളരെപ്പേർ നമ്പൂരിമാരായിരുന്നുവെന്നു് ഇന്നും അഭിമാനിക്കുന്നുണ്ടു്. ഭാരതീയസംസ്കാരം പ്രചരിപ്പിക്കുന്നതു് അവരുടെ കർത്തവ്യകർമ്മമാണ്. ആശാരി, ഗണകൻ തുടങ്ങിയ മററു സമുദായങ്ങളും സംസ്കൃതം പ്രചരിപ്പിക്കുന്നതിനു കടമപ്പെട്ടവരാണ്. ഹരിജനങ്ങൾ അവരുടെ ഉന്നതിയ്ക്കു സംസ്കൃതം പഠിക്കണം.

നമ്പൂരിമാർ ശ്രീ ശങ്കരനെപ്പററി അഭിമാനിക്കാത്തതെന്തുകൊണ്ടെന്നറിയുന്നില്ല. നമ്പൂരിമാർ അവരുടെ പൂർവികന്മാർ അപരിഷ്കൃതരായിരുന്നെന്നു ഈയിടെ വിചാരിച്ചുവരുന്നതായി കാണുന്നു. ഇതു് ഇംഗ്ലീഷ്പള്ളിക്കൂടത്തിൽനിന്നു പഠിച്ചതാണ്. ഇംഗ്ലീഷുപള്ളിക്കൂടത്തിൽ ചെന്നാൽ പഠിപ്പിക്കുന്നതു് "അച്ഛൻ മറയൻ; മുത്തച്ഛൻ ഭ്രാന്തൻ" എന്നാണെന്നു ശ്രീ വിവേകാനന്ദസ്വാമികൾ Future of India എന്ന പ്രസംഗത്തിൽ പറയും. ഇതുകൊണ്ടു് ഇംഗ്ലീഷു പഠിക്കേണ്ടെന്നല്ല അർത്ഥം. എന്നാൽ ഈ പഠിത്തം തെററാണ്. നമ്പൂരിമാർ ഇടക്കാലത്തു കുറെ മോശക്കാരായി തീർന്നിരിക്കാം. ചിലർ ലോകകാര്യങ്ങളിൽ അറിവില്ലാത്തവരായിത്തീർന്നിരിക്കാം. ചിലർ അലസന്മാരും കർമ്മഭ്രഷ്ടന്മാരും ആയിത്തീർന്നിരുന്നുവെന്നതും ശരിതന്നെ. എന്നാൽ അതുകൊണ്ടു മുമ്പുള്ളവരെല്ലാം മറയന്മാരായിരുന്നുവെന്നു പറയുന്നതു ശരിയല്ല. ആ സമുദായത്തിൽ നാനാശാസ്ത്രവിദഗ്ദ്ധന്മാരും ലോകക്ഷേമകാംക്ഷികളുമായ അനവധി മഹാന്മാർ ഉണ്ടായിട്ടുണ്ടു്. അവരെപ്പററി നമ്പൂരിമാർ അഭിമാനിക്കതന്നെ വേണം. അവരുടെ ആദർശങ്ങളെ തുടർന്നു പ്രവർത്തിക്കയാണു വേണ്ടതു്. പഴയതു പറഞ്ഞു തെളിഞ്ഞു മടിയനാകണമെന്നല്ല ഞാൻ പറയുന്നതു്. പഴയതിൽ അഭിമാനിച്ചുകൊണ്ടു മുന്നോട്ടു പോകാനാണു ഞാൻ പറയുന്നതു്. മുമ്പുള്ളവർ പോയതിനേക്കാൾ കൂടുതൽ മുന്നോട്ടു പോകണം. നമ്പൂരിമാർ തീർച്ചയായും അവരുടെ പരമ്പരയിൽ അഭിമാനിക്കണം. ഓരോ സമുദായവും അഭിമാനിക്കണം. തെററുകളും കുറവുകളും ആർക്കാണില്ലാതിരുന്നിട്ടുള്ളതു്? അവയെ പരിഹരിക്കമാത്രം ചെയ്താൽ മതി. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ സന്ന്യാസിയാണെങ്കിലും എന്റെ പരമ്പരയിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ (എന്റെ ശരീരം) ജനിച്ച സമുദായത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. അതു കാട്ടാളന്മാരുടെ വംശമാണെന്നു് ആരുപറഞ്ഞാലും ഞാൻ സമ്മതിക്കാൻ തയാറില്ല. നിങ്ങളും നിങ്ങളുടെ പൂർവികന്മാർതന്ന ദിവ്യനിധി ഉപയോഗപ്പെടുത്തി അതിനെ വർദ്ധിപ്പിച്ചു പ്രചരിപ്പിക്കാൻ ശ്രമിക്കണം. ഭാരതത്തിലെ എല്ലാ പ്രാദേശികഭാഷകളുടെയും മാതാവും ഭാരതീയസംസ്കാരത്തെ അഖണ്ഡമായി പ്രകാശിപ്പിക്കാൻ സുശക്തവും ഭാരതീയൈക്യത്തിനുവേണ്ടി നിലകൊള്ളുന്നതുമായ സംസ്കൃതഭാഷ എല്ലാ ഗൃഹത്തിലും, പ്രചരിപ്പിക്കാൻ ശ്രമിക്കുവിൻ!

## ലക്ഷ്മീകാന്തം കൊലക്കേസ്

(൧-ാംപേജിൽനിന്നും തുടർച്ച)

ഇൻപേഷ്യന്റുവാർഡിൽ അയയ്ക്കാൻ ൪൫ മിനിട്ടു താമസം വരും?

ഉ—എപ്പോഴും വേണമെന്നില്ല.

ചോ—ലക്ഷ്മീകാന്തത്തിന്റെ മൂത്രം പരിശോധിച്ചോ?

ഉ—ഇല്ല. വിശേഷിച്ചു് അതിന്റെ ആവശ്യമൊന്നുമുണ്ടായില്ല.

ഈയവസരത്തിൽ ജൂറർമാർ രണ്ടു ചോദ്യങ്ങൾ എഴുതിയയച്ചതു് ജഡ്ജി വായിക്കുകയും സാക്ഷിയോടു് ഉത്തരം പറയുവാൻ ഉത്തരവുണ്ടാകയും ചെയ്തു.

ചോ—(i) നിങ്ങൾ മുറിവിനുള്ളിൽ വിരലിട്ടപ്പോൾ മുറിവിന്റെ മേൽഭാഗം സ്പർശിച്ചുനോക്കിയോ?

ഉ—മുറിവിന്റെ മേൽഭാഗം തടയുന്നുണ്ടായിരുന്നു.

ചോ—(ii) കുത്തുകൊണ്ടുണ്ടായ മുറിവു ഡാക്ടർ കീറിയുണ്ടാക്കിയ മുറിവിനുള്ളിൽ തന്നെ അടങ്ങിയിരുന്നോ?

ഉ—അടങ്ങിയിരുന്നു.

മി: അയ്യങ്കാർ—ആശുപത്രിയിൽ അപ്പോൾ പത്രറിപ്പോർട്ടർമാർ ആരെങ്കിലുമുണ്ടായിരുന്നോ?

ഉ—ഓർക്കുന്നില്ല.

കോടതി—അവിടെ ആരെങ്കിലും ഉണ്ടായിരുന്നോ?

ഉ—വരാന്തയിൽ ആളുണ്ടായിരുന്നു.

മി: അയ്യങ്കാർ—ഒരു പ്രസ് റിപ്പോർട്ടർ വന്നു് ഒരു സ്പെഷ്യൽ വാർഡ് വേണമെന്നു പറഞ്ഞില്ലേ?

ഉ—ഞാൻ ഓർക്കുന്നില്ല. ഒരാൾ വന്നു് ചീഫിനോടു് ഒരു വാർഡ് വേണമെന്നാവശ്യപ്പെട്ടു.

ചോ—ലക്ഷ്മീകാന്തത്തിനോടു് 'നിങ്ങൾ ഗവർമ്മെന്റുദ്യോഗസ്ഥനാണോ?' എന്നു ചോദിച്ചോ?

ഉ- ഓർക്കുന്നില്ല.

ചോ—അദ്ദേഹം 'അല്ല' എന്നു പറഞ്ഞപ്പോൾ എന്നാൽ പതിനഞ്ചുദിവസം മുൻപു് ആവശ്യപ്പെടുന്നവർക്കു മാത്രമേ വാർഡ് കൊടുക്കുവാൻ സാധിക്കയുള്ളു എന്നു നിങ്ങൾ പറഞ്ഞില്ലേ?

ഉ—ഞാൻ അങ്ങിനെ പറഞ്ഞില്ല.

ചോ—പ്രസ് റിപ്പോർട്ടരെ സന്ദർശിച്ചതിനെപ്പററിയുള്ള ചോദ്യത്തിനു് അയാളുടെക്കൂടെ വന്നയാൾ വാർഡ് ചോദിച്ചു എന്നു നിങ്ങൾ പറഞ്ഞില്ലേ?

ഉ—റിപ്പോർട്ടരോടുകൂടി വന്നയാളല്ല. വേറൊരാളാണ് വാർഡ് ചോദിച്ചതു്.

മി. ഗോവിന്ദമേനോൻ—നിങ്ങൾ ആപ്പറേഷന്റെ ആവശ്യത്തിലേക്കായി ഒരു മുറിവു് വലുതാക്കിയല്ലോ. അതിനെപ്പററി കോടതിയിൽ വിശദീകരിയ്ക്കാമോ?

ഉ-ഞാൻ കൈവിരൽ മുറിവിനുള്ളിൽകടത്തിനോക്കിയപ്പോൾ വളരെ ആഴമുണ്ടെന്നുകണ്ടു. എന്താഴമുണ്ടെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഞാൻ ഒന്നുകൂടി മുറിവിനു് വീതി കൂടുതലാക്കി. അതിനു് അര ഇഞ്ചോളം വീതിവരും. മുറിവിനു് മുക്കാൽ ഇഞ്ചു് ആഴംവരും. പിളന്നയിടത്തുനിന്നും ൨-ഇഞ്ചു് അകലെയാണ് മൂത്രപിണ്ഡം. മൂത്രപിണ്ഡത്തിനുമുൻപിലാണ് ആന്ത്രം. എന്റെ കത്തികൊണ്ടാണ് മൂത്രപിണ്ഡം മുറിഞ്ഞതെങ്കിൽ ആന്ത്രവും നിശ്ചയമായും മുറിഞ്ഞിരിക്കണം.

ഒന്നുകൂടി വിശദീകരിക്കണമെന്നു് കോടതി ആവശ്യപ്പെട്ടതനുസരിച്ചു സാക്ഷി ജൂറർമാരുടെ സമീപത്തുചെന്നു ചില ചിത്രങ്ങൾ വരച്ചുകാണിച്ചു ആ ഭാഗം കൂടുതൽ വിശദമാക്കി.

മി. മുൻഷി—നിങ്ങൾ ഉണ്ടാക്കിയ മുറിവ് മൂത്രപിണ്ഡത്തിലേക്കു കടന്നു അതിനെ രണ്ടായി പിളർന്നു എന്നല്ലേ പോസ്ററുമാർട്ടം പരിശോധനാഫലം കൊണ്ടുവരുന്നതു്?

ഉ—അല്ല.

ക്രൗൺപ്രി—മൂത്രപിണ്ഡത്തിനെ പിളന്നതു് ഏതു മുറിവാണ്?

ഉ—കിഴിലുള്ള മുറിവാണ്. ഞാൻ ഉണ്ടാക്കിയ മുറിവ് മൂർച്ചയേറിയ ഒരു കത്തികൊണ്ടാണ്. അതുകൊണ്ടാണ് മൂത്രപിണ്ഡം മുറിഞ്ഞതെങ്കിൽ മുറിവിന്റെ സ്വഭാവംകൊണ്ടറിയാമായിരുന്നു. കോടതി ലഞ്ചിനു പിരിഞ്ഞു.

* * * * *

ലഞ്ചിനുശേഷം വീണ്ടും വിചാരണ ആരംഭിച്ചപ്പോൾ കേസ് അടുത്തദിവസവും തുടരുന്നതിൽ വിരോധമുണ്ടോ എന്നു് ജൂറിയോടു ജഡ്ജി ചോദിച്ചു. (ഹൈക്കോടതിയിൽ ശനിയാഴ്ച കേസ് വിസ്തരിക്കാറില്ല) എല്ലാവരും സമ്മതിച്ചതനുസരിച്ചു കേസ് അടുത്തദിവസവും നടക്കുന്നതാണെന്നുത്തരവുചെയ്തു.

ആദ്യമായി ലക്ഷ്മീകാന്തത്തിനെ ശുശ്രൂഷിച്ച ഡാക്ടർ ജോസഫിനെ വിസ്തരിക്കേണ്ടതാണെന്ന മി. മുൻഷിയുടെ അഭ്യർത്ഥന അനുവദിച്ചു.

പോസ്ററുമാർട്ടത്തെപ്പററി ഏതാനും ഭാഗം. വിശദീകരിക്കുന്നതിലേക്കായി ഡാ. ശ്രീനിവാസലുവിനെ വീണ്ടും വിസ്തരിച്ചു. അദ്ദേഹം മുറിവുകളുടെ സ്വഭാവത്തെപ്പററി വിശദമായി മൊഴികൊടുത്തു. മുറിവ് മൂത്രപിണ്ഡംവരെ എത്തിയിരിക്കാമെന്നു വിശ്വസിക്കത്തക്കവിധത്തിൽ കീഴ്‌വശത്തും ഒരു പിളപ്പുണ്ടായിരുന്നുവെന്നും കുത്തുകൊണ്ടുണ്ടായ മുറിവുകൊണ്ടു മൂത്രപിണ്ഡം മുറിഞ്ഞിരിക്കുകയില്ലെന്നു് പറയാൻ സാധിക്കുകയില്ലെന്നും അദ്ദേഹം ബോധിപ്പിച്ചു.

അടുത്ത സാക്ഷി ഡാ: മഞ്ജേശ്വരറാവു ആയിരുന്നു. മി: ഗോവിന്ദമേനോനായിരുന്നു ചീഫ് വിസ്തരിച്ചതു്.

"ഞാൻ മെഡിക്കൽകാളേജിലെ സർജറി പ്രൊഫസറാണ്. ഗ്ലാസ്ഗോയിലെ എഫ്. ആർ. സി. എസ്സ്. ആണ്. ലണ്ടൻ ഡി. എൽ. ഒ. ആണ്. മുപ്പത്തിരണ്ടു വർഷമായി മദ്രാസ് മെഡിക്കൽസർവീസിലാണ്. ഡാ: ബാലകൃഷ്ണൻ എന്റെ അസിസ്റ്റന്റാണ്. അദ്ദേഹം മദ്രാസ് സർവകലാശാലയിലെ എം. ബി. ബി. എസ്സ്. ആണ്.

"നവംബർ ൮-ാംനു ലക്ഷ്മീകാന്തത്തിനെ ആശുപത്രിയിൽകൊണ്ടുവന്നു. ചുററും ആൾ കൂടിയവരെ ഞാൻ മാററി. അയാൾക്കു് 'secondary shock' (അപകടത്തിൽനിന്നും ഉണ്ടായ അനന്തരഫലം) ആയിരുന്നു. ആ സ്ഥിതിയിലുള്ള ഒരാളിനു ചേച്ചയോടുകൂടി സംസാരിക്കാൻ സാധിക്കയില്ല. അതുകൊണ്ടാണ് മരണമൊഴി വാങ്ങണമെന്നു് ഞാൻ നിർദ്ദേശിക്കാഞ്ഞതു്."


സാക്ഷിയെ ബിച്ച്‌വാ കാണിച്ചു.

"കത്തി ഇതുതന്നെയായിരിക്കണം. മുന ഒടിഞ്ഞതാണ്. എക്സ്‌റേപരിശോധന നടത്തിയതിൽ മുറിവിനകത്തു അന്യാംശങ്ങൾ യാതൊന്നുമുള്ളതായി കണ്ടില്ല. കുടൽസഞ്ചിക്കകത്തു രക്തമുണ്ടോ എന്നു നോക്കാൻ ഡാ: ബാലകൃഷ്ണനെ ഏർപ്പാടുചെയ്തു. ഡാ: ബാലകൃഷ്ണൻ ഒരു ചെറിയ പ്രയോഗംകൊണ്ടു് രക്തമുണ്ടോ എന്നു പരിശോധിച്ചു. ശസ്ത്രക്രിയകൊണ്ടു് മരണം സംഭവിച്ചിരിക്കയില്ല. ശസ്ത്രക്രിയ അത്രയ്ക്കു് ചെറിയ തോതിലുള്ളതായിരുന്നു.

മി: മുൻഷി സാക്ഷിയെ ക്രാസ്സുചെയ്തു.

അടുത്ത സാക്ഷി ഡാക്ടർ ജോസഫായിരുന്നു. ലക്ഷ്മീകാന്തത്തിനു് അയാളെ കുത്തിയതു് ആരാണെന്നു അറിഞ്ഞുകൂടായിരുന്നു എന്നു് അദ്ദേഹം മൊഴികൊടുത്തു.

കേസ്സ് വീണ്ടും തിങ്കളാഴ്ച തുടരുന്നതാണ്.



ഫ്രാൻസിൽ പാഡികലേപ്രദേശത്തു പുരോഗമിച്ചവേളയിൽ ബ്രിട്ടീഷ് ഭടന്മാർ ജർമ്മൻകാരുടെ നിരവധി പറക്കും ബോംബുസങ്കേതങ്ങൾ കണ്ടു പിടിക്കുകയുണ്ടായി. ജർമ്മൻകാർ തിടുക്കത്തിൽ പിന്മാറേണ്ടിവന്നതുകൊണ്ട് തങ്ങളുടെ ജോലി പൂർത്തിയാക്കാൻ സാധിക്കാതെ കൈവെടിഞ്ഞ ഒരു പറക്കുംബോംബുസങ്കേതത്തിന്റെ ചിത്രമാണിതു്.

## വിഷയവിവരം


പേജ്.

1 കമ്പിവാർത്തകൾ.

2 റൈസമ്മേളനം. ഗഗനവിഹാരി എൻ. മേത്ത.

3 ബർമ്മയിൽനിന്നുള്ള ഏറ്റവും വിജയകരമായ പിന്മാറ്റം. പി. കെ. രാമരാജവർമ്മ എം. എ.

5 പ്രശസ്ത വ്യക്തികളും പ്രസിദ്ധ സംഭവങ്ങളും

6 കേസരിഭാര്യായാലുള്ള ഫലം. സി. ജി. മാധവൻപിള്ള.

8 യാചകൻ (കവിത)

,, മാനിനി ,,

,, രാക്കുയിൽ ,,

,, പരാതി ,,

9 സംസ്കൃതവിദ്യാഭ്യാസം. ശ്രീമത് ആഗമാനന്ദസ്വാമികൾ.

10 മഹാകവി (ചെറുകഥ) കോന്നിയൂർ, ആർ. നരേന്ദ്രനാഥ്

12 കമ്പിവാർത്തകൾ


# ലക്ഷ്മീകാന്തം കൊലക്കേസ്

## കത്തുകൊണ്ടല്ല, ശസ്ത്രക്രിയകൊണ്ടാണ് മൂത്രപിണ്ഡം മുറിഞ്ഞതെന്നു് മി. മുൻഷി

### പ്രതിഭാഗം അപേക്ഷയനുസരിച്ച് പ്രാസിക്യൂഷൻ സാക്ഷി ഡാ: ജോസഫിനെ വിസ്തരിക്കുന്നു

മദ്രാസ്, ഏ. ൬—ലക്ഷ്മീകാന്തം കൊലക്കേസ് പ്രാസിക്യൂഷൻഭാഗം സാക്ഷിവിസ്താരം ഇന്നു വീണ്ടും തുടർന്നു. കാൺസ്റ്റബിൾ കൃഷ്ണൻനമ്പ്യാർ താനാണ് ലക്ഷ്മീകാന്തത്തിന്റെ ചെരുപ്പുകൾ ആശുപത്രിയിൽ കൊണ്ടുപോയതു് എന്നും, കത്തേററയാളിനെ ആശുപത്രിയിൽ ഹാജരാക്കി മെഡിക്കൽ ഡാക്ടരെ ഏല്പിച്ചുഎന്നും മൊഴികൊടുത്തു.

അടുത്തസാക്ഷി 'ഐഡന്റിഫിക്കേഷൻപരേഡു' (പ്രതിയെ മററാളുകളുടെയിടയിൽ നിറുത്തിയിട്ട് സാക്ഷികളെക്കൊണ്ടു് കണ്ടുപിടിപ്പിക്കുന്നതു്) നടത്തിയ മജിസ്ട്രേട്ടു മി: കെ. റി. ഷെറിഫ് ആയിരുന്നു. ഗോപാൽ ൧൪ പേരുടെയിടയിൽനിന്നും വടിവേലുവിനെ ചൂണ്ടിക്കാണിച്ചതിനെപ്പററി സാക്ഷി ബോധിപ്പിച്ചു.

അടുത്തസാക്ഷി സ്റ്റേഷൻ ഹെഡ്കാൺസ്റ്റബിൾ രാമസ്വാമിയായിരുന്നു. ലക്ഷ്മീകാന്തം മരിച്ചുപോയിഎന്നു് C. I. സ്റ്റേഷനിലെ ഹെഡ്കാൺസ്റ്റബിൾ നാമണിക്കു തനിയ്ക്കു ഫോൺചെയ്തുവെന്നു് സാക്ഷി ബോധിപ്പിച്ചു. മി. സുന്ദരരാജം സാക്ഷിയെ ക്രാസ്ചെയ്തു.

ചോ—പോലീസിനു് കേസ്സെടുക്കാവുന്ന ഒരു സംഭവം നടന്നുകഴിഞ്ഞതിനെപ്പററി റിപ്പോർട്ടു കിട്ടിയാൽ ഉടനെ നിങ്ങൾ വിവരം ഫോൺചെയ്യുകയാണോ പതിവു്?

ഉ—അതെ.

പ്രധാന സാക്ഷികളുടെ വിസ്താരത്തിനു് രണ്ടു മൂന്നു ദിവസം വേണ്ടിവരുമെന്നു മി. മുൻഷി ബോധിപ്പിച്ചു. കേസ് അടുത്തദിവസത്തേയ്ക്കു മാററി.

ഏപ്രിൽ ൯—കാൺസ്റ്റബിൾ നമ്പ്യാരുടെ വിസ്താരത്തിനുശേഷം ഡാക്ടർ ബാലകൃഷ്ണനെ വിസ്തരിച്ചു.

"ജനറൽ ആശുപത്രിയിലെ അസി. സർജ്ജൻ ആണ് നവംബർ ൮-നു- ലക്ഷ്മീകാന്തത്തെ കൊണ്ടുവന്നു. കേസ്ഷീററു തയാറാക്കി."

മുറിവുകളെപ്പററിയുള്ള വിവരങ്ങൾ സാക്ഷി ബോധിപ്പിച്ചു.

"കാഷ്വാലിററി ഡിപ്പാർട്ടുമെൻറിൽനിന്നും അയാളെ വെൻലാക്വാർഡിൽ കൊണ്ടുവന്നു. എക്സ്റേ പരിശോധന നടത്തി. ഈ ബിച്ച്വാ അന്നു് എന്നെ കാണിച്ചതാണ്. മുന ഒടിഞ്ഞിരുന്നു. എക്സ്റേപരിശോധനയിൽനിന്നു ഒടിഞ്ഞ ഭാഗം കണ്ടുകിട്ടിയില്ല. ആപ്പറേഷൻതിയേറററിൽവച്ച് ആഴംകൂടിയ മുറിവു പരിശോധിച്ചു. അതു മൂത്രപിണ്ഡംവരെ എത്തിയിരുന്നു. ലക്ഷ്മീകാന്തത്തിന്റെ സ്ഥിതി ആശങ്കാജനകമായിരുന്നു. സംസാരം പതറുന്നുണ്ടായിരുന്നു. സ്വബോധമുണ്ടായിരുന്നു."

ചോ—മുറിവുകളെല്ലാം ഈ ആയുധംകൊണ്ടുണ്ടായതാണ്?

മി. മുൻഷി ഈ ചോദ്യം തടഞ്ഞു.

മി. മുൻഷി ക്രാസ് ആരംഭിച്ചു.

താൻ ൧൯൪൨ ലാണ് ആശുപത്രിയിൽ ജോലിയ്ക്കു പ്രവേശിച്ചതെന്നും ൧൯൪൨-ൽ പരീക്ഷ ജയിച്ചുവെന്നും, ൮-ാംനു- ൧൧-൪൫-നാണ് ലക്ഷ്മീകാന്തത്തെ കണ്ടതെന്നും, അദ്ദേഹത്തെ വേണ്ടതുപോലെ ചികിത്സിക്കുവാൻ ഏർപ്പാടു ചെയ്തിട്ട് ഡാ. മഞ്ജേശ്വരറാവു പോയെന്നും, താൻ അന്നു് അപകടം രേഖപ്പെടുത്തുന്ന രജിസ്റ്റർ കണ്ടില്ലെന്നും സാക്ഷി ബോധിപ്പിച്ചു.

ജഡ്ജി—ഒരു മജിസ്ട്രേട്ടിനെ അവിടെ വരുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നത്തക്കവിധത്തിൽ അത്ര ഗൗരവതരമായിരുന്നോ അയാളുടെ സ്ഥിതി?

ഉ—അയാൾ ഒരു സ്റ്റേററുമെൻറു കൊടുക്കത്തക്ക അവസ്ഥയിലല്ലായിരുന്നു. അതുകൊണ്ടു് മജിസ്ട്രേട്ടിനെ വരുത്തിയില്ല.

ചോ—ആ വിവരം നിങ്ങൾ പോലീസുകാരോടു പറഞ്ഞോ?

ഉ—ഇല്ല.

ചോ—തന്നെ ഒരാൾ കുത്തിയെന്നു് ലക്ഷ്മീകാന്തം പറഞ്ഞോ?

ഉ—പറഞ്ഞു.

ചോ—മി. നമ്പ്യാരെ കണ്ടോ?

ഉ—സബ്ഇൻസ്പെക്ടരെ കണ്ടു. പേരു് എനിക്കറിഞ്ഞുകൂടായിരുന്നു. ൧൨ മണിക്കും വൈകിട്ടു് ൬൹ മണിക്കും അതിനുശേഷം ൧൧ മണിയ്ക്കും കണ്ടു. രാവിലെ അദ്ദേഹം ബിച്ച്വാ കാണിച്ചു.

ചോ—ലക്ഷ്മീകാന്തത്തിന്റെ സ്ഥിതിയെപ്പററി നിങ്ങൾ പറഞ്ഞോ?

ഉ—ഇല്ല.

ജഡ്ജി—എന്തുകൊണ്ടു്?

ഉ—അദ്ദേഹം ചോദിച്ചില്ല. ബിച്ച്വാ കാണിച്ചിട്ടു് ഉടനെപോയി.

മി. മുൻഷി—കേസ്ഷീററ് ഒരു പ്രാവശ്യമായി എഴുതിത്തീർത്തോ?

ഉ—൧൧-൪൫-നു ൧൧ മണിക്കും ഇടയ്ക്കു് പരുക്കുകളെപ്പററിയുള്ള വിവരങ്ങൾ കുറിച്ചു. എന്നിട്ടാണ് ആപ്പറേഷൻതിയേറററിൽ പോയതു്.

മി. മുൻഷി ജൂറർമാരെ കേസ്ഷീററു വായിച്ചുകേൾപ്പിച്ചു കരളിനു് കേടൊന്നുമില്ലെന്നു് കേസ്ഷീററിൽ കാണിച്ചിട്ടുണ്ടോ എന്നു സാക്ഷിയോടു ചോദിച്ചു.

ഉ—പെരിട്ടോണിയത്തിനു് (കുടലുകളെ അടക്കംചെയ്തിട്ടുള്ള മൂടുചർമ്മസഞ്ചി) രൂപഭേദമില്ലായിരുന്നു. "സബ്ഇൻസ്പെക്ടർ മുനയൊടിഞ്ഞ കഠാര കാണിച്ചു. ഞാൻ ഉടനെ എക്സ്റേ ആ മുറിയിൽ കൊണ്ടുവന്നു പരിശോധന നടത്തി

മി. മുൻഷി—Debribment എന്നാൽ എന്താണ്?

ഉ-വിരൽ അകത്തുകടത്തത്തക്കവണ്ണം ഉണ്ടാക്കുന്ന ഒരു കീറൽ.

(സാക്ഷിയെ തൽക്കാലം വെളിയിലേക്കയച്ചിട്ടു്.) ജഡ്ജി—കുത്തിന്റെ ഫലമായിട്ടല്ല മി. ലക്ഷ്മീകാന്തം മരിച്ചതെന്നാണോ നിങ്ങളുടെ വാദഗതി?

മി. മുൻഷി—ഒന്നാമത്തെ മുറിവല്ല മരണകാരണം. ഡാക്ടരുടെ ആപ്പറേഷനിൽ വന്നതാണ് മൂത്രപിണ്ഡത്തിലെ മുറിവ്. ഡാക്ടർ നായിഡു പറയുന്നതു് ഡാക്ടർ പിളർന്നതിൽനിന്നാണ് മൂത്രപിണ്ഡം മുറിഞ്ഞതെന്നാണ്. (Kidney)

സാക്ഷിയെ വീണ്ടും വരുത്തി.

മി. മുൻഷി—പോസ്റ്റുമാർട്ടം പരിശോധനയിൽ മുറിവിനു് ൩-ഇഞ്ച് വീതിയുള്ളതായി കണ്ടു. അതു നിങ്ങൾ മുറിച്ചതാണോ?

ഉ—ലക്ഷ്മീകാന്തം ജീവനോടുകൂടിയിരുന്നപ്പോൾ ആ മുറിവ് അങ്ങിനെയിരുന്നിരിക്കണമെന്നില്ല. അപ്പോൾ ഇതിലും വീതികുറഞ്ഞിരുന്നിരിക്കാം. അതുകൊണ്ടു എനിക്കു നിശ്ചയം പറയാൻ സാധിക്കയില്ല.

ചോ—'പെരിട്ടോണിയം' മുറിഞ്ഞിരുന്നോ?

ഉ—മുറിഞ്ഞിരുന്നു.

ചോ—നിങ്ങൾ ഒടുവിലത്തെ വാരിയെല്ലിനു താഴെ ഒന്നു കീറി?

ഉ— കീറി

ചോ—അപ്പോഴും പെരിടോണിയം പൊട്ടിത്തുറന്നില്ലായിരുന്നു.

ഉ—ഇല്ലായിരുന്നു.

ചോ—മുറിവു വച്ചുകെട്ടുന്നതിനു എത്ര നേരം വേണ്ടിവന്നു?

ഉ—൪൫ മിനിററ്

ചോ—മുറിവു കീറിയതിനു മുമ്പ് ഒരു റബ്ബർ 'കതീഡ്രാം' അകത്തിട്ടു?

ഉ—ഇല്ല. കീറിയതിനുശേഷമാണ്.

ചോ—അപ്പോൾ രക്തപ്രവാഹമുണ്ടായോ?

ഉ-ഉടനെ ഉണ്ടായി.

ചോ—നിങ്ങളുടെ റിപ്പോർട്ടിൽ "രോഗിയ്ക്കു സ്വബോധമുണ്ടു്, ചോദിയ്ക്കുന്നതിനു നല്ലവണ്ണം മറുപടി പറയുന്നുണ്ടു്" എന്നെഴുതിയതിനുശേഷം തിരുത്തി "നല്ലവണ്ണം മറുപടി പറയുന്നില്ല" എന്നാക്കിയിരിക്കുന്നു?

ഉ—ആദ്യം ഉത്തരം പറഞ്ഞു. അതിനുശേഷം ക്ഷീണം കൂടുതലുണ്ടായി.

കോടതി—ഡാക്ടർക്കു ഇതിൽ കൃത്രിമമായി എന്തെങ്കിലും തിരുത്തേണ്ടതാവശ്യമുണ്ടായിരിക്കയില്ലല്ലോ

മി. മുൻഷി—ഒടുവിൽ കാണുന്ന തിരുത്തുകൾ പിന്നീടു ചേർത്തതാണ്. സംഗതികൾ ഗൗരവാവഹമാണെന്നും മജിസ്ട്രേട്ടിനെ വരുത്തേണ്ടതായിരുന്നുവെന്നും മനസ്സിലായപ്പോൾ ചെയ്തതാണ്.

മി. മുൻഷി—ആപ്പറേഷനുവേണ്ടി മുകളിൽ വെട്ടിത്തുറന്നപ്പോഴാണ് മൂത്രപിണ്ഡം രണ്ടായി മുറിഞ്ഞതെന്നു ഞാൻ പറയുന്നു. ശരിയല്ലേ

ഉ—അല്ല.

### വടിവേലുവിനുവേണ്ടി ക്രാസ്

മി. വി. റി. രങ്കസ്വാമി അയ്യങ്കാർ ക്രാസ് തുടങ്ങി.

ചോ—മുറിവേററയാളെ ആശുപത്രിയിൽ കൊണ്ടുവന്നാൽ കാഷ്വാലിററിവാർഡിലാണ് അയയ്ക്കുന്നതു്?

ഉ—രാവിലെ ൯-നാം നമ്പർ കാഷ്വാലിററിവാർഡ് തുറക്കുന്നതു്.

ചോ—ഡാക്ടർ ജോസഫിനായിരുന്നു കാഷ്വാലിററി ചാർജ്ജ് എന്നു നിങ്ങൾക്കറിയാമായിരുന്നോ?

ഉ—അറിയാമായിരുന്നു.

ചോ—(രജിസ്റ്റർ കാണിച്ചിട്ടു) ഈ അപകടരജിസ്റ്ററിൽ എഴുതിക്കാണുന്നതു് ഡാക്ടർ ജോസഫിന്റെ കയ്യക്ഷരമാണോ?

ഉ—അതെ.

ചോ—അദ്ദേഹത്തിന്റെ ഒപ്പറിയാമോ?

ഉ—അറിയാം.

ലക്ഷ്മീകാന്തത്തെ ആദ്യമായി ആശുപത്രിയിൽ സ്വീകരിച്ചയാളെന്ന നിലയിൽ ഡാക്ടർ ജോസഫിനെ വിസ്തരിക്കേണ്ടതാണെന്നു മി. അയ്യങ്കാർ ബോധിപ്പിച്ചു.

ക്രൗൺ പ്രാസിക്യൂട്ടർക്ക് എന്തെങ്കിലും ആക്ഷേപമുണ്ടോ എന്ന് കോടതി ചോദിച്ചു.

മി: രാജമന്നാർ—അദ്ദേഹത്തെ വിസ്തരിക്കണ്ട എന്നാണ് എനിക്കുള്ള നിർദ്ദേശം. പ്രതിയുടെ രക്ഷയെ കരുതി ഡാക്ടരെ വിസ്തരിക്കേണ്ടതാണെന്നു മി: മുൻഷി വാദിച്ചു. പ്രതിഭാഗത്തുനിന്നും അപേക്ഷിക്കുകയാണെങ്കിൽ അനുവദിക്കാമെന്നു കോടതി ഉത്തരവുചെയ്തു.

മി: അയ്യങ്കാർ ക്രാസ്സ് തുടർന്നു.

ചോ—കാഷ്വാലിററി വാർഡിൽനിന്നു

(ശേഷം ൧൧ ാം പേജിൽ)

Printed and published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.